

**പി. കെ. എം. കോളേജ് ഓഫ് എഡ്യൂക്കേഷൻ - മടമ്പം**

**2021- 2022**



राष्ट्रीय मूल्यांकन एवं प्रत्यायन परिषद्

विश्वविद्यालय अनुदान आयोग का स्वायत्त संस्थान

NATIONAL ASSESSMENT AND ACCREDITATION COUNCIL

An Autonomous Institution of the University Grants Commission

## Certificate of Accreditation

The Executive Committee of the
National Assessment and Accreditation Council
on the recommendation of the duly appointed
Peer Team is pleased to declare the
P. K. M. College of Education
Sreekandapuram, Madampam, Dist. Kannur
affiliated to Kannur University, Kerala as
Accredited
at the A level.

Date : May 21, 2006

Director

- This certification is valid for a period of Five years with effect from May 21, 2006



राष्ट्रीय मूल्यांकन एवं प्रत्यायन परिषद

विश्वविद्यालय अनुदान आयोग का स्वायत्त संस्थान

NATIONAL ASSESSMENT AND ACCREDITATION COUNCIL

An Autonomous Institution of the University Grants Commission

## Certificate of Accreditation

The Executive Committee of the
National Assessment and Accreditation Council
on the recommendation of the duly appointed
Peer Team is pleased to declare the
P. K. M. College of Education
Madampam, Kannur, affiliated to Kannur University, Kerala as
Accredited
with CGPA of 3.11 on four point scale
at A grade
valid up to July 10, 2021

Date : July 11, 2016

Director



राष्ट्रीय मूल्यांकन एवं प्रत्यायन परिषद

विश्वविद्यालय अनुदान आयोग का स्वायत्त संस्थान

NATIONAL ASSESSMENT AND ACCREDITATION COUNCIL

An Autonomous Institution of the University Grants Commission

## Quality Profile

Name of the Institution : P. K. M. College of Education

Place : Madampam, Kannur, Kerala

| Criteria | Weightage ($W_i$) | Criterion-Wise Grade Point Averages ($Cr_i$ GPA) | $W_i$ X $Cr_i$GPA |
|---|---|---|---|
| I. Curricular Aspects | 050 | 3.20 | 160 |
| II. Teaching-Learning and Evaluation | 450 | 3.00 | 1350 |
| III. Research, Consultancy and Extension | 100 | 2.70 | 270 |
| IV. Infrastructure and Learning Resources | 100 | 3.10 | 310 |
| V. Student Support and Progression | 100 | 3.50 | 350 |
| VI. Governance and Leadership | 150 | 3.47 | 521 |
| VII. Innovative Practices | 050 | 3.00 | 150 |
| Total | $\sum_{i=1}^{7} w_i = 1000$ | | $\sum_{i=1}^{7} (W_i \times Cr_i GPA) = 3111$ |

$$\text{Institutional CGPA} = \frac{\sum_{i=1}^{7}(W_i \times Cr_i GPA)}{\sum_{i=1}^{7} W_i} = \frac{3111}{1000} = \boxed{3.11}$$

Grade = A    Descriptor = VERY GOOD

Date : July 11, 2016

Director

- This certification is valid for a period of Five years with effect from July 11, 2016


P.K.M COLLEGE OF EDUCATION, MADAMPAM





## Chief Editor

Dr. Jessy N. C

## Staff Editor

Dr. Prasanth Mathew

## Student Editor

Jishnu T. P

## Cover Design

- **Aksharamol Biju**
- **Anjana T**

## Editorial Board

- **Amitha George**
- **Maneesha P**
- **Anjana T**
- **Aksharamol Biju**
- **Alex Jose**
- **Anusree K**
- **Emil Thankachan**
- **Karishma Suresh**
- **Sayooj V. V**
- **Vishnu Prathap M**
- **Anusree K. C**

## Graphic & Layout Editors

- **Anand Ravi**
- **Vaishakh K**


" Learn of me for I am gentle
and humble in heart "
(Mt. 11:29)



CHEV. PROF. V. J. JOSEPH KANDOTH



# FOUNDER PATRON

## MAR. KURIAKOSE KUNNACHERRY

## OUR FOUNDER MANAGER



REV.FR.STEPHEN JAYARAJ

# OUR PATRON



**MAR. MATHEW MOOLAKATTU**

(METROPOLITAN ARCHBISHOP OF KOTTAYAM )

# MANAGER



## MAR.JOSEPH PANDARASSERIL

( AUXILIARY BISHOP OF KOTTAYAM )

# PRO MANAGER



REV. FR. JOSE NEDUNGATTU

# LOCAL MANAGER



REV. FR. PHILIP RAMACHANATTU



സ്നേഹമുള്ളവരെ,
മടമ്പം ബി.എഡ് കോളേജ്, മടമ്പത്തിന്റെ തിലകക്കുറിയും സൂര്യ
തേജസ്സും പതിനായിരങ്ങൾക്ക് അക്ഷര വെളിച്ചം നൽകാൻ, ഗുരുഭൂതരെ
വാർത്തെടുക്കുന്ന അറിവിന്റെ ഈറ്റില്ലം.നാളത്തെ സമൂഹത്തിന്റെയും
രാഷ്ട്രത്തിന്റെയും പുതുനാമ്പുകൾ മുളച്ച് പൊങ്ങുന്ന അറിവിന്റെ പുഞ്ചവയൽ
കൃഷിയിടം.

അതെ,ഒരു പിടി അറിവിന്റെ ശേഖരവുമായി
പുതിയ ഗുരുഭൂതർക്ക് അറിവ് പകർന്നു നൽകാൻ ആത്മസമർപ്പണത്തോടെ
അധ്വാനിക്കുന്ന ശ്രേഷ്ഠ 'ഗുരുക്കൾ '
അന്ധകാരവും പ്രകാശവും തമ്മിലുള്ള 'യുദ്ധത്തിൽ' അജ്ഞതയും അറിവും
തമ്മിലുള്ള 'യുദ്ധത്തിൽ' മടമ്പം ബി. എഡ് കോളേജിന്റെ രണഭൂമിയിലെ
എല്ലാ യോദ്ധാക്കൾക്കും വിജയാശംസകൾ

**LOCAL MANAGER**
**REV.FR.Philip Ramachanattu**

# OUR PRINCIPAL



**DR. JESSY N. C**




മറുപുറങ്ങളിൽ തേടുന്നതെന്ത് നാം
അഴുകിടുന്ന ശവങ്ങളിൽ പൂവുകൾ...
ലോകം സ്വാർഥമായി തിക്കി
തിരക്കുമ്പോഴും സ്നേഹം
അതിനിടയിലെവിടെയോ
ബാക്കിയാവുന്നു.പരസ്പരം
കൈമാറുന്ന ചിരികൾക്കിടയി
ലെവിടെയോ.വകതിരിവുകൾ
ഉണ്ടാവുമ്പോൾ യുദ്ധങ്ങൾ
അവസാനിക്കുന്നു ജീവിതത്തിന്റെ
ഗാഥകൾ സ്നേഹത്താൽ മാത്രം
നിർമ്മിക്കപ്പെടുന്നു.

**മാഗസിൻ ടീം**



വകതിരിവുകളുടെ രണ്ട് ലോകങ്ങളിലാണ് ലോകം
നീങ്ങുന്നതെന്ന് തോന്നുന്നു.അതൊരേകതയിലോ
സംഘർഷങ്ങളിലോ   പുളയുന്നു.വകതിരിവുകളുടെ
ബോധങ്ങളെ തിരിച്ചറിയുന്നിടത്താണ് സമാധാനം
സ്ഥാപിക്കാനാവുന്നത്.

യുഗയുഗാന്തരങ്ങളായി യുദ്ധവും
സമാധാനവും തുടർന്നു കൊണ്ടേയിരിക്കുന്നു.മനുഷ്യ
ചേതന യുദ്ധമുഖങ്ങളിൽ നിന്ന് വിലപിക്കുന്നു
ജീവിതത്തിന്റെ,അയഥാർത്ഥ്യ സത്യങ്ങളുടെ,സൃഷ്ടിച്ചെടുത്ത
വ്രണിത ഭാവനയുടെ വക്താക്കളാവുമ്പോൾ
അഴിഞ്ഞ ചിതയ്ക്കപ്പുറത്ത് സത്യം ചിറകറ്റിട്ടും ചിറക്
കുടയുന്നു.സംഘർഷങ്ങൾ എന്നും എത്ര ദന്തഗോപുരം
കൊണ്ട് മിനുക്കിയാലും അപൂർണമായ സ്നേഹത്താൽ
വികൃതമായിരിക്കും.'ഒരു വക തിരിവ്'സമാധാനത്തിനും
വെളിച്ചത്തിനുമാവട്ടെ.എന്നും നമുക്കിതൊരു ബോധ്യമാവട്ടെ.

അണിയറയിലെ ശിൽപികൾക്ക് അഭിനന്ദനങ്ങൾ..

ചീഫ് എഡിറ്റർ
പ്രിൻസിപ്പാൾ
ഡോ.ജെസ്സി.എൻ.സി



യുദ്ധങ്ങൾ അതെന്നും അസംതുലിതമായ ഒന്നിനെ കുറിച്ച്
ഭീതിതമായ ഒന്നിനെ ധ്വനിപ്പിച്ചു കൊണ്ടേയിരിക്കുന്നു.സമാധാനം
കാത്തുകിടക്കുന്ന ഒന്നിനെ അതെന്നും
ഭീതിതമാക്കുന്നു.ശാശ്വതമല്ലാത്ത യുദ്ധങ്ങൾ,സംഘർഷങ്ങൾ
അശാന്തിയുടെ പുൽമേട്ടുകളാവുന്നു.സമാധാനത്തിലൂന്നുന്ന
ചിന്തപകരാൻ ' ഒരു വകതിരിവ് ' ന് സാധിക്കട്ടെ.
മാഗസിൻ നിർമ്മാണത്തിന് അക്ഷീണം പ്രയത്നിച്ച മാഗസിൻ
പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ...

സ്റ്റാഫ് എഡിറ്റർ
ഡോ.പ്രശാന്ത് മാത്യു



ഓർമ്മകൾക്കില്ല ചാവും ചിതകളും
ഊന്നുകോലും ജരാനരാ ദുഃഖവും

## മരിക്കാത്ത ഓർമ്മകൾക്ക്
## മുന്നിൽ...

# സ്റ്റുഡന്റ് എഡിറ്റർക്ക് പറയാൻ

പുകഞ്ഞൊടുങ്ങലുകളാക്കും,മൃതിയു
ടെ നീണ്ട ഇരുട്ടുകളാക്കും പുറത്ത്
വിലാപങ്ങളും ദുഃഖങ്ങളും
മാത്രം ശേഷിക്കും.അർജിയൻ
ദേവതകളുടെ വിരൽപ്പാടുകളും
അനിയയുടെ നോട്ടവും പോലെ
അത് നിരന്തരം ദുഃഖത്തിന്റെ
കുടീരങ്ങളാവും.സംഘർഷഭരിതമായ
ഏതവസ്ഥയും
യുദ്ധമാണ്,ജീവിതത്തിന്റെ
കടിഞ്ഞാൺ നഷ്ടമാവലുകളെ
അതടയാളപ്പെടുത്തുന്നു.സംഘർഷ
ങ്ങളെ ദുഃഖവുമായ് അല്ലെങ്കിൽ
വിലാപസ്വരങ്ങളോട് ചേർത്തേ
അടയാളപ്പെടുത്താനാവൂ.ഏതെങ്കിലും
തരത്തിലുള്ള കടന്നുകയറ്റം,അധികാര
ദുരമാത്രമാണ് യുദ്ധങ്ങൾ.അത്
അശാന്തിയുടെ നിഴൽ വീഴ്ത്തി
സ്നേഹത്തെ പ്രകീർത്തിക്കുന്നേയ
ില്ല.സമാധാനത്തിന്റെ മേടുകളിലെന്ന
പോലെ നമുക്ക് അസങ്കീർണമായ
ലോകത്ത് കഴിയാനാവട്ടെ.സ്നേഹം
ഒരു മതമെന്ന പോലെ.

സ്നേഹപൂർവ്വം
സ്റ്റുഡന്റ് എഡിറ്റർ
ജിഷ്ണു.ടി.പി



# COLLEGE UNION MEMBERS 2021-2022



Dr. Sholy Joseph K
(Staff Advisor)



Hrishikesh Babu
(Chairman)



Karishma Suresh
(Vice Chairperon)



Jomel Joy
(General Secretary)



Anagha Chandran
(Joint Secretary)



Anand Ravi
(UUC)



Jishnu T P
(Student Editor)



Maneesha P
(Fine Arts Secretary)



Vaishakh K
(General Captain)

# CLASS REPRESENTATIVES



Rosha B Roy
(English 2021-2023)



Alex Jose
(Malayalam 2021-2023)



Jisna Augustine
(Mathematics 2021-2023)



Harsha Santhosh
(Natural Science2021-2023)



Ann Kurian
(Physical Science 2021-2023)



Hitha K
(Social Science2021-2023)



Alex Baby
(English 2020-2022)



Anusree K C
(Malayalam 2020-2022)



Jisna Baby
(Mathematics 2020-2022)



Mariza Markose
(Natural Science 2020-2022)



Shyona Stephen
(Physical Science 2020-2022)



Haibin Mathew
(Social Science 2020-2022)

## ഉൾത്താളുകളിൽ


വിദ്യാഭ്യാസം ഏറ്റുമുട്ടുമ്പോൾ...... 1
എഴുത്തുകാരൻ ഉണ്ടായത്-അഖിൽ പി ധർമ്മജനുമായുള്ള അഭിമുഖം.... 4
നിർമ്മിതി...... 10
*The long haired girl*...... 11
*Drawings*...... 13
കൊയ്ത്...... 15
മരണം...... 15
ആർദ്രം...... 16
അതിജീവിത...... 18
പലായനം...... 19
കവിത...... 21
സ്നേഹിതർ...... 21
*A Death in the Gunj: An Ultimatum on Mental Health*...... 22
അധികാരം നിർമ്മിതി:നീതീകരിക്കപ്പെടാനാവാത്തതാവുന്നത്...... 23
*Still I strive*...... 25
അയാൾ...... 26
*Collage*...... 27
*Drawing*...... 28
അബല...... 29
പരിസ്ഥിതിയുടെ ബദൽ നയം...... 30
*Hoplites*...... 31
ഓർമ്മകളുടെ മഴവസന്തം...... 33
മാ.സ്.ക...... 36
അഹം *Vs* മനുഷ്യത്വം...... 36
യുദ്ധം-സമാധാനം...... 37
*After every war, there is a new hope*...... 38
യുദ്ധഭൂമിയിൽ...... 40
പ്രകൃതിയും പ്രതിഷേധങ്ങളും...... 41
അമ്മമനസ്സ്...... 42
*The end*...... 43
ഭൂമി എന്ന അമ്മ വെളിച്ചം...... 44

ചുവപ്പ്........ 46
പ്രകൃതി സംരക്ഷണം എന്നത് ജീവിത ശൈലിയായി മാറട്ടെ........ 47
നിലനിൽപ്പിനായ്........ 48
യുദ്ധഭൂമി........ 48
എയ്ഞ്ചൽ ഡി മരിയ........ 49
കവിത........ 50
അരുതായ്മയുടെ കൊലപാതകം........ 51
*Drawings*........ 52
മുഖപടം........ 53
*Tears of solider*........ 54
ജാതി........ 57
അതിർത്തി........ 58
*Drawings*........ 59
അനാഥക്കുഞ്ഞ്........ 60
ഭാരതത്തിന്റെ ഭാവനാത്മക ഐക്യം നേരിടുന്ന വെല്ലുവിളികൾ........ 61
നിറം........ 62
ചിന്നാർ ഗ്രാമത്തിന്റെ തിലകക്കുറി........ 63
കണ്ണീർച്ചാല്........ 64
*Women era*........ 65
ഉലയാതെ........ 66
കവിത........ 67
*Trip*........ 68
ജനുവരി-16........ 69
*War with in my self*........ 70
മരം........ 71
*Theatrical shift during*........ 72
അശുദ്ധി........ 75
*A Journey that Well Enjoyed and Shared*........ 76

# വിദ്യാഭ്യാസം ഏറ്റുമുട്ടുമ്പോൾ

**പു**തിയ ഓരോ കാര്യങ്ങൾ ഉണ്ടാവും തോറും പഴയത് കലഹിച്ചു കൊണ്ടേയിരിക്കും. ഓരോ കാലഘട്ടത്തിലും ഡാർവിൻറെ പരിണാമം പോലെ പഴയതിനോട് പുതിയതും, പുതിയതിനോട് പഴയതും കലഹിച്ചു കൊണ്ടിരുന്നു. എന്നും എല്ലാം ഒരുപോലെ ഇരിക്കില്ല, മാറ്റത്തിന് വിധേയമാണ് ഓരോ വസ്തുവും വസ്തുതകളും. പണ്ട് മനുഷ്യൻ ജീവിച്ചിരുന്ന ആവാസവ്യവസ്ഥയല്ല ഇന്ന് കാണുന്ന ആവാസവ്യവസ്ഥ. അതിനനുസരിച്ചുള്ള മാറ്റങ്ങളും വ്യവസ്ഥിതികളും നിലവിൽ വന്നിട്ടുണ്ട്. എന്നിരുന്നാലും ആ വ്യവസ്ഥിതികൾ പഴയ വ്യവസ്ഥിതികളുടെ അടിത്തറയിൽ മേലാണ് പണിയപ്പെട്ടിട്ടുള്ളത്. നെഗറ്റീവും പോസിറ്റീവും ഉള്ളതുപോലെ ഏതൊരു കാര്യത്തിനും യോജിപ്പും വിയോജിപ്പും ഉണ്ട്. ഇത്തരം യോജിപ്പുകളും വിയോജിപ്പുകളും അധ്യാപന മേഖലയിലും ഉണ്ടായിട്ടുണ്ട്. അതിനർത്ഥം ഒന്നു മോശവും ഒന്ന് നല്ലതും എന്നല്ല ഓരോന്നിനും അതിന്റേതായ മഹത്വമുണ്ട്. ഇന്നത്തെ കാഴ്ചപ്പാടിൽ പ്രാചീന വിദ്യാഭ്യാസ സമ്പ്രദായവും, മധ്യകാല വിദ്യാഭ്യാസ സമ്പ്രദായവും, കഴിഞ്ഞ ഏതാനും വർഷത്തെ വിദ്യാഭ്യാസ കാഴ്ച്ചപ്പാടുകളും ശരിയല്ല എന്ന രീതിയിൽ മനോഭാവം വച്ചു പുലർത്തുന്ന അധ്യാപക സമൂഹം നിലനിൽക്കുന്നു.

ആധുനിക വിദ്യാഭ്യാസം എന്ന ചിന്താഗതി കേരളത്തിൽ മാത്രമല്ല ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തും പ്രതിഫലിച്ചു കാണുന്നതാണ്. ആധുനിക വിദ്യാഭ്യാസം എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? വിദ്യാഭ്യാസത്തിൻറെ അടിമുടിയുള്ള പരിഷ്കരണം, അതാണ് ഇന്ത്യൻ വിദ്യാഭ്യാസത്തിലെ ആധുനിക വിദ്യാഭ്യാസ ചിന്താഗതി. അത് തീർത്തും തെറ്റായ ഒന്നാണെന്ന് ഞാൻ വിലയിരുത്തുന്നു. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിദ്യാഭ്യാസം എന്തിന് വേണ്ടിയുള്ളതാണെന്ന് നിർവചിച്ചിട്ടുണ്ട്. അദ്ദേഹത്തിൻറെ കാഴ്ചപ്പാടിൽ 'വിദ്യാഭ്യാസമെന്നത് നല്ല വ്യക്തിത്വ രൂപീകരണത്തിന്റെ മാർഗ്ഗം മാത്രമാണ്'. നല്ല വ്യക്തികളെ രൂപീകരിക്കുക, നല്ല സമൂഹത്തെ രൂപീകരിക്കുക, നല്ല രാജ്യത്തെ രൂപീകരിക്കുക അതാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കേണ്ടത്. ഓരോ ക്ലാസ് മുറിയും ഓരോ ശില്പശാല ആണ്. കല്ലിൽ ഉളി കൊണ്ട് ശില്പി ശിൽപം നിർമ്മിക്കുന്നത് പോലെ ഓരോ വിദ്യാർത്ഥിയും നല്ല വ്യക്തിയായി രൂപപ്പെടുത്തുകയാണ് അധ്യാപകൻ ചെയ്യേണ്ടത്. വ്യക്തിത്വ രൂപീകരണത്തിന് ആവശ്യമായ കരിക്കുലം ആണ് നമ്മൾ നിർമ്മിക്കേണ്ടത്. $E=mc^2$ എന്ന സൂത്രവാക്യം ഉപയോഗിച്ച് ഒരു രാജ്യത്തെ നശിപ്പിക്കാനും ഒരു പുതിയ കണ്ടുപിടുത്തം മനുഷ്യരാശിക്ക് ഉപകാരപ്പെടുന്ന രീതിയിൽ ചെയ്യുവാനും കഴിയും. ഇതിൽ ഏതു ചെയ്യണം എന്ന് തീരുമാനിക്കുന്നത് ഒരു മനുഷ്യൻറെ മനോഭാവവും വ്യക്തിത്വവുമാണ്. ഈ വ്യക്തിത്വ രൂപീകരണമാണ് വിദ്യാഭ്യാസം കൊണ്ട് നേടേണ്ടത്. അത് നടന്നില്ലെങ്കിൽ വിദ്യാഭ്യാസം കൊണ്ട് പ്രയോജനമില്ല. പുതിയ വിദ്യാഭ്യാസ നയം വിദ്യാർത്ഥികൾക്ക് ഏറെ ഗുണം നിലപാടുകൾ കൈക്കൊള്ളുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസം മുന്നോട്ടു പോകണം.ചെയ്യുന്നതാണ് എന്ന് പറയുമ്പോഴും അതിന്റെ ഗുണവശങ്ങൾ ദോഷവശങ്ങളായി മാറുന്നു എന്നത് തീർത്തും പരിതാപകരമാണ്. 2010 വിദ്യാഭ്യാസ നിയമപ്രകാരം വിദ്യാർത്ഥികളെ ശിക്ഷിക്കാനോ വഴക്കു പറയാനോ പാടില്ല. ഈ രീതിയോട് തീർത്തും യോജിച്ചു പോകുവാൻ കഴിയുന്നതല്ല. ക്ലാസ് മുറികൾ നിരവധി വൈവിധ്യങ്ങൾ നിറഞ്ഞതാണ് എന്നുപറയുമ്പോൾ അവിടെ ഉണ്ടാകാവുന്ന അച്ചടക്കമില്ലായ്മ ഊഹിക്കാവുന്നതാണ്. മാറിയ സംസ്കാരത്തിൽ കുട്ടികൾ കാണുന്നതും കേൾക്കുന്നതും അനുകരിക്കുന്നതും തിന്മകളുടെ ഒരു ലോകത്തെയാണ്. മനശാസ്ത്ര രീതിയിൽ വിദ്യാർത്ഥികളെ ശിക്ഷിക്കുന്നത് പഠനത്തെ ബാധിക്കും എന്ന് പറയുന്നതിനോട് യോജിക്കാൻ ബുദ്ധിമുട്ടുണ്ട്. മുപ്പതും നാൽപ്പതും കുട്ടികൾ

അടങ്ങുന്ന ഒരു ക്ലാസ് മുറിയെ നിയന്ത്രിക്കാൻ അധ്യാപകന് വടി എടുക്കേണ്ടി വരുന്നത് വലിയ ഒരു കുറ്റമായി കരുതാനാവില്ല. ഇന്ന് ക്ലാസ് മുറിയിൽ ശിക്ഷണം ഏൽക്കാത്ത കുട്ടികൾ നാളെ തെരുവിൽ പോലീസിന്റെ ലാത്തിയടി ഏൽക്കേണ്ടിവരുന്ന അവസ്ഥ ആലോചിച്ചു നോക്കിയാൽ മതി. കുട്ടികളെ ശിക്ഷിച്ച് തന്നെ വളർത്തണം. എന്ന് കരുതി പഠനത്തിൽ പിന്നോക്കം നിൽക്കുന്നു എന്ന കാരണം ശിക്ഷണത്തിന് ആക്കം കൂട്ടരുത്.

ഇന്നത്തെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ രംഗത്ത് ഒത്തിരിയേറെ മാറ്റങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഏറി വരികയാണ്. ജാതി സംസ്കാരം, മത സംസ്കാരം, വർഗ്ഗ സംസ്കാരം, വർണ്ണ സംസ്കാരം, ഭാഷാ സംസ്കാരം എന്നിങ്ങനെ നിരവധിയായ സംസ്കാരങ്ങളുടെ പേരിൽ തമ്മിൽ തല്ലുന്ന പൗരന്മാരാകാൻ ഭാവി തലമുറയെ വിട്ടുകൊടുക്കാൻ തയ്യാറാകാത്ത ഒരു വിദ്യാഭ്യാസ കരിക്കുലം ആണ് ആവശ്യമായി തീരേണ്ടത്. നവോത്ഥാനം വാക്കിൽ മാത്രമല്ല പ്രവർത്തിയിലും ഉണ്ടാവേണ്ടതാണ്. ഇന്ത്യ പോലുള്ള ഒരു വൈവിധ്യം നിറഞ്ഞ രാജ്യത്ത് സാംസ്കാരിക പ്രതികരണ ബോധനശാസ്ത്രം നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത വളരെ അനിവാര്യമാണ്. നവോത്ഥാന ആശയങ്ങൾ സാമൂഹത്തിൽ മാറ്റം വരുത്തി എന്ന് പൂർണ്ണമായി പറയാനാവില്ല. അതിന്റെ അലയൊലികൾ ഇന്നും ഭാരതത്തിൽ നിലനിൽക്കുന്നു. ഓരോ മതങ്ങളും എന്താണെന്ന് ക്ലാസുകളിൽ പഠിപ്പിക്കണം. ആത്മീയപരമായി അല്ല വിമർശനാത്മകരമായി വേണം ഓരോ മതത്തെയും ഇഴകീറി പരിശോധിക്കാൻ. ജാതി എന്നാൽ മനുഷ്യജാതി എന്നു കുട്ടികൾക്ക് തോന്നത്തക്ക വിധത്തിൽ ജാതിയെ തുടച്ചുനീക്കണം. അതിനായി ആദ്യം ചെയ്യേണ്ടത് ജാതിപരമായ പേരുകൾ അവകാശങ്ങൾ സംവരണങ്ങൾ ഇവയെല്ലാം എടുത്തുകളയുക എന്നുള്ളതാണ്. (എന്നുകരുതി പിന്നാക്ക വിഭാഗത്തിന്റെ സംവരണത്തെ പാടെ തള്ളിക്കളയുകയല്ല പകരം സാമ്പത്തിക അടിസ്ഥാനത്തിന്റെ അടിത്തറയിൽ സംവരണങ്ങൾ ഏർപ്പെടുത്തുക എന്ന നയം രൂപീകരിക്കണം). വിദ്യാഭ്യാസത്തിലേക്ക് കടന്നുവരുന്ന ഓരോ വ്യക്തിയെയും മനുഷ്യനായി കണ്ടു പരിഗണിക്കുക. സ്കൂൾ ജീവിതത്തിൽ ആണെങ്കിലും കലാലയ ജീവിത രംഗത്തിൽ ആണെങ്കിലും ഒരു പാർട്ടിയുടെയും കീഴിൽ രാഷ്ട്രീയം അനുവദിക്കാതിരിക്കുക. പകരം രാഷ്ട്രീയത്തെ ഒരു വിഷയമായി പഠിപ്പിക്കുക വ്യക്തികളിൽ സ്വന്തമായ രാഷ്ട്രീയനിലപാടുകൾ ഉണ്ടാക്കിയെടുക്കുക. രാജ്യ സ്നേഹത്തെയും അഖണ്ഡതയെയും നിലനിർത്തുന്ന വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കുക.

നമ്മുടെ വിദ്യാഭ്യാസ രംഗം ലോകത്തിലെ ഏറ്റവും നല്ല വിദ്യാഭ്യാസരംഗമാണ് എന്ന് നാം അവകാശവാദം ഉന്നയിക്കുമ്പോഴും അവിടെയും ചില പ്രശ്നങ്ങൾ എടുത്തു കാണുന്നതാണ്. 140 കോടിയോളം ആളുകൾ ജീവിക്കുന്ന ഒരു ഇന്ത്യൻ ജനസമൂഹത്തിൽ എത്ര ശതമാനം ആളുകൾക്ക് ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നു എന്നത് വലിയ ഒരു ചോദ്യം തന്നെയാണ്. ബൃഹത്തായൊരു വിദ്യാഭ്യാസ സമ്പ്രദായം ഉണ്ട് എന്ന് പറയുന്നതിൽ അല്ല, അത് എല്ലാവർക്കും അർഹമായ രീതിയിൽ ലഭിക്കുന്നു, അതിന്റെ ഉൽപ്പന്നം രാജ്യത്തിന് ഉപകാരപ്പെടുന്നു എന്നതിലാണ് ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസത്തെ അളക്കേണ്ടത്. ആദ്യകാലങ്ങളിൽ നളന്ദ തക്ഷശില പോലുള്ള ഉന്നത വിദ്യാഭ്യാസ സർവകലാശാലകൾ നിലനിന്നിരുന്ന ഒരു രാജ്യം, ഇന്ന് മറ്റ് വിദേശരാജ്യങ്ങളിലെ സർവ്വകലാശാലകളെ ഉയർത്തിപ്പിടിക്കുന്നതിനും പഠന ആവശ്യങ്ങൾക്കായി ആ രാജ്യങ്ങളിലേക്ക് മാറി താമസിക്കുന്നതും രാജ്യത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെ വിളിച്ചോതുന്നു. സ്വന്തം രാജ്യത്ത് വിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്നവനും സ്വന്തം രാജ്യത്തെ സർവകലാശാലകൾക്കും വലിയ വില നൽകാത്ത ഒരു സമൂഹമാണ് നമ്മുടേത്. വിദേശത്ത് പഠിച്ചിറങ്ങി വരുന്നവന് മുഖ്യ സ്ഥാനവും ബഹുമതികളും നൽകുന്നത് ഇന്നത്തെ ഒരു സമ്പ്രദായം ആയി മാറിയിരിക്കുന്നു.

സുന്ദർ പിച്ചൈയെപോലുള്ള അതിബുദ്ധിമാന്മാരായ ഒത്തിരിയേറെ പ്രതിഭകളെ ഇന്ത്യയ്ക്ക് നഷ്ടമായി. ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ കഴിവുകേട് തന്നെയാണ് അത്. പഠിക്കുന്നവരെ എന്നും പഠിക്കുന്നവരായും, പഠിക്കാത്തവരെ ഉപയോഗശൂന്യരായും കാണുന്ന കാഴ്ചപ്പാട് ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ നിന്നും എടുത്തു കളയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മെക്കാളെ മിനിറ്റ്സിൽ ഉൾപ്പെടുത്തിയ 'അരിച്ചിറങ്ങൽ സിദ്ധാന്തം' ഇന്നും ഇന്ത്യൻ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നതായി കാണാം. അനുകരിക്കുക എന്നത് ഇന്ത്യൻ ജനതയുടെ ഒരു പൊതുസ്വഭാവമാണ്. അതുകൊണ്ടുതന്നെയാവണം പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായങ്ങളെ കണ്ണടച്ച് അനുകരിക്കുന്ന മതോന്മത്തരായി തീരുകയാണ് ഇന്ത്യൻ വിദ്യാഭ്യാസ ചിന്തകന്മാർ. പാശ്ചാത്യ സംസ്കാരവും പൗരസ്ത്യ സംസ്കാരവും തമ്മിൽ അജഗജാന്തര വ്യത്യാസങ്ങൾ ആണുള്ളത്. രണ്ടും രണ്ടു സംസ്കാരങ്ങൾ ആണ്. പാശ്ചാത്യ നാടുകളിൽ അവർ ഉപയോഗിക്കുന്ന ബോധനരീതികളും, ബോധനസാമഗ്രികളും, കരിക്കുലവും എല്ലാം അവരുടെ സംസ്കാരത്തിനും, ചിന്താഗതികൾക്കും, ഉയർന്ന നിലവാരത്തിൽ അനുയോജ്യമായ രീതിയിലാണ്. 'ആന വാ പൊളിക്കുന്നത് കണ്ട് അണ്ണാൻ വാ പൊളിക്കുന്ന' പോലെയാണ് ഇന്ത്യ പാശ്ചാത്യ സംസ്കാരം അടങ്ങുന്ന വിദ്യാഭ്യാസരംഗത്തെ അനുകരിക്കുന്നത്. പാശ്ചാത്യരുടെ നവോത്ഥാനം ഒരു മേഖലയിൽ മാത്രമല്ല നടന്നത്. അത് പല മേഖലകളിലും, ആഴത്തിലും, പരപ്പിലും ആയിരുന്നു നടന്നത്. അതുകൊണ്ടുതന്നെ അവരുടെ കാഴ്ചപ്പാടുകൾക്കും സ്വതന്ത്ര രീതികൾക്കും അതിന്റേതായ വ്യത്യാസങ്ങളുണ്ട്. അവർ ഒരിക്കലും അവരുടെ കൾച്ചർ സാങ്കേതിക വിദ്യയുടെ അതിപ്രസരം മൂലം മാറ്റത്തിന് വിധേയമാക്കിയിട്ടില്ല. എന്നാൽ ഇന്ത്യയിലാകട്ടെ ഈ സാങ്കേതിക വിദ്യയുടെ ഉപയോഗങ്ങൾ ഫലപ്രദമായോ ശരിയായോ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഒരുതരത്തിൽ പറഞ്ഞാൽ ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് ഒളിഞ്ഞും തെളിഞ്ഞും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലും, കരിക്കുലവും അധ്യാപകരും തമ്മിലും, രാഷ്ട്രീയ പാർട്ടികളും അവരുടെ സ്വാർത്ഥ താൽപര്യങ്ങളും തമ്മിലും നിരന്തരമായി യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഓരോ രാഷ്ട്രീയപാർട്ടികളും ഭരണത്തിൽ കയറുന്നതിനനുസരിച്ച് ഓരോ വിദ്യാഭ്യാസ നയങ്ങൾ ഇന്ത്യയിൽ നടപ്പാക്കുന്നു. ശരിയായ പഠനങ്ങളും വ്യക്തമായ ലക്ഷ്യങ്ങളോ ഇല്ലാതെ പാഠ്യ പദ്ധതികൾ നടപ്പിൽ വരുത്തുന്നത് വിദ്യാഭ്യാസ മേഖലയിൽ വലിയ പ്രതിസന്ധി ഉണ്ടാക്കും.

ഇന്ത്യ ഇന്നും ദാരിദ്ര്യമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നു. അതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ശരിയായ രീതിയിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി ഉപയോഗിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ്. വിദ്യാഭ്യാസം നേടിയവന് തന്റെ അവകാശങ്ങളെയും അധികാരങ്ങളെയും കുറിച്ചുള്ള അവബോധം ഉണ്ടാകും. അവബോധം എന്നുണ്ടാകുന്നുവോ, അന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ ദാരിദ്ര്യം നീങ്ങും. മതത്തിന്റെയും ജാതിയുടെയും പേരിലുള്ള അസമത്വങ്ങളും ചൂഷണങ്ങളും ഇല്ലാതെയാകും. അക്രമങ്ങൾക്കെതിരെയും യുദ്ധത്തിനെതിരെയും



അലക്സ് ജോസ്
മലയാള വിഭാഗം
2021 - 2023



# എഴുത്തുകാരൻ ഉണ്ടായത്

***യുവ എഴുത്തുകാരനും ജന പ്രിയ നോവലിസ്റ്റുമായ അഖിൽ പി ധർമ്മജനുമായി നടത്തിയ അഭിമുഖം.***

***അഭിമുഖം നടത്തിയത് : ജിഷ്ണു ടി. പി (മലയാള വിഭാഗം )***

**1.**മലയാളത്തിൽ മൂന്ന് നോവലുകൾ എഴുതി സാഹിത്യ ലോകത്ത് ഇടം പിടിച്ചിരിക്കുന്ന വ്യക്തിയാണല്ലോ താങ്കൾ**.**സാഹിത്യ ലോകത്ത് കടന്നു വരാനുണ്ടായ സാഹചര്യം എന്താണ്**?**എന്തെങ്കിലും പ്രചോദനം ഉണ്ടായിട്ടുണ്ടോ**?**

സാഹിത്യലോകത്തിലേക്ക് കടന്നുവന്നത് വളരെയധികം യാദൃശ്ചികമായിട്ടാണ്.അതിന് ഉണ്ടായിട്ടുള്ള പ്രചോദനം കുട്ടിക്കാലം തൊട്ട് കഥകൾ പറയാൻ ഇഷ്ട്ടമുള്ള വ്യക്തിയായിരുന്നു ഞാൻ.കഥകൾ എന്നുവച്ചാൽ നമ്മുടെ നാട്ടിൽ നടക്കുന്ന സംഭവ കഥകൾ അല്ലെങ്കിൽ പ്രേതകഥകൾ അങ്ങനെ കേട്ടുപരിചയമുള്ള കഥകൾ കൂട്ടുകാരിലേക്ക് എത്തിക്കുന്ന സ്വഭാവം ഉണ്ടായിരുന്നു എനിക്ക്.അതൊക്കെ വളരെ വിശദമായി കൂട്ടുകാരോടൊക്കെ പറയാറുണ്ടായിരുന്നു.അങ്ങനെ പറഞ്ഞ് ആളുകൾ കൂടിയപ്പോ പതിയെ അതൊക്കെ പുസ്തകത്തിലേക്ക് ഞാൻ എഴുതി തുടങ്ങി.റഫ് നോട്ടിലൊക്കെ അത് എഴുതി തുടങ്ങി.മറ്റുള്ള ക്ലാസ്സിലെ കുട്ടികളൊക്കെ വരുമ്പോ ഞാൻ ആ ബുക്ക് കൊടത്തു വിടാൻ തുടങ്ങി.അങ്ങേനി ആ ബുക്ക് കൈമറിഞ്ഞ് ചിലപ്പോ ഒരാഴ്ച്ചയൊക്കെ കഴിഞ്ഞാവും നമ്മക്ക് തിരിച്ച് കിട്ടുന്നേ.അങ്ങനെയാണ് പതിയെ എഴുതി തുടങ്ങുന്നത്.അല്ലാതെ ഒരു പുസ്തകം വായിച്ചിട്ടോ അങ്ങനെ ഒരു പ്രചോദനം കിട്ടിയിട്ടോ അല്ല ഞാൻ എഴുത്തിലേക്ക് കടന്നു വരുന്നത്.ഞാൻ ആദ്യമേ തന്നെ എഴുതി തുടങ്ങിയതിന് ശേഷമാണ് പുസ്തകങ്ങൾ വായിച്ച് തുടങ്ങുന്നത്.ഏഴാം ക്ലാസ്സിലൊക്കെ പഠിക്കുമ്പോഴാണ് ആദ്യ നോവൽ തന്നെ എഴുതുന്നത്.അതിന് ശേഷമാണ് ഞാൻ വായനശാലയിൽ മെമ്പർഷിപ്പ് പോലും എടുക്കുന്നത്.അപ്പോഴൊന്നും നോവൽ എഴുതുന്ന ഘടന അതൊന്നും അറിയില്ല.നമ്മൾ പാഠപുസ്തകങ്ങളിലും മറ്റുമുള്ള കഥകൾ വായിച്ചിട്ടേയുള്ളൂ.സത്യത്തിൽ നോവലാണ് ഞാൻ എഴുതിയത് എന്ന് തിരിച്ചറിയുന്നത് ഒരുപാട് കാലത്തിന് ശേഷമാണ്.മെമ്പർ ഷിപ്പൊക്കെയെടുത്ത് പുസ്തക വായനകൾക്ക് ശേഷമാണ് ഞാനെഴുതിയത് നോവലാണ് എന്ന കാര്യം തന്നെ മനസ്സിലാവുന്നത്.മലയാള സാഹിത്യത്തിലേക്ക് കടന്ന് വരണം എന്ന് തീരുമാനിച്ച് ഇറങ്ങിയതല്ല വളരെയധികം യാദൃശ്ചികമായി കുട്ടിക്കാലം തൊട്ട് ഒരു എഴുത്തുകാരനായി മാറി എന്ന് പറയാം.





**2.പുതിയ ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് എഴുത്തിലേക്ക് ആദ്യമായി കടന്നു വരുമ്പോൾ ഉണ്ടായ അനുഭവങ്ങൾ എന്തൊക്കെയായിരുന്നു?**

എന്തൊക്കെ പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്?
ഡിപ്ലോമ ഫസ്റ്റ് ഇയർ പഠിക്കുമ്പോഴാണ് ഞാൻ സീരിയസ്സായിട്ട് അതൊരു ബുക്കാക്കി മാറ്റണം.എഴുതിയതൊക്കെ ഒരു ബുക്കാക്കി മാറ്റണം എന്ന് ചിന്തിച്ചു തുടങ്ങിയത്.അപ്പോ ആ സമയത്ത് പബ്ലിഷിങ് കമ്പനികൾക്ക്,മലയാളത്തിലെ പ്രമുഖമായ എല്ലാ പബ്ലിഷിങ് കമ്പനികൾക്കും ഞാനെന്റെ കഥകൾ കോടത്തിട്ടുണ്ട്.പക്ഷേ ഞാൻ പറഞ്ഞില്ലേ,ഞാൻ കുട്ടിക്കാലത്ത് എഴുതി ശീലിച്ചത് ഞാൻ കഥ പറയുന്ന പോലെയാണ എന്റെ പുസ്തകങ്ങളുടെ മെത്തേഡ് എന്നത് സ്റ്റോറി ടെല്ലിങ് മെത്തേഡാണ്.കഥ പറച്ചിലുകാരന്റെ മെത്തേഡാണ്.അപ്പോ ആ മെത്തേഡ് പബ്ലിഷിങ് കമ്പനികൾക്ക് അംഗീകരിക്കാൻ സാധിച്ചില്ല.ഇപ്പോ ഒരുപാട് അംഗീകരിക്കുന്നുണ്ടെങ്കിലും ആ കാലത്ത് 2010 കഴിഞ്ഞ ആ ഒരു ടൈംമിലൊക്കെ പബ്ലിഷിങ് കമ്പനികൾക്ക് അത് അംഗീകരിക്കാൻ പ്രയാസമായിരുന്നു.അതുകൊണ്ടു തന്നെ എന്റെ കഥകളൊക്കെ റിജക്ട് ചെയ്യപ്പെട്ടു.

നിലവാരം ഇല്ലാത്ത കഥകൾ എന്ന പേരിലാണ് റിജക്ട് ചെയ്യപ്പെട്ടത്.അപ്പോ സ്വാഭാവികമായും പുതിയ എഴുത്തുകാരന് തോന്നാവുന്ന വിഷമങ്ങളും ഒക്കെതന്നെ എന്നെ പിന്നിലേക്ക് വലിക്കാനായി ശ്രമിച്ചിട്ടുണ്ട് പലപ്പോഴും.എങ്കിലും വീണ്ടും വീണ്ടും എനിക്ക് എഴുതണം എന്റെ കഥകൾ എന്റെ കൂട്ടുകാരിൽ മാത്രം ഒതുങ്ങി നിന്നാപോര മറ്റുള്ളവരിലേക്ക് എത്തണം.ലോകം എന്റെ കഥകൾ വായിക്കണം കേൾക്കണം എന്നൊക്കെ എനിക്ക് തോന്നിയിരുന്നു.ഇതിന്റെ പുറകെ കുറേക്കാലം ഞാൻ നടന്നു ട്രൈ ചെയ്തു കൊണ്ടിരുന്നു എന്നാൽ അതൊന്നും അത്രകണ്ട് നടന്നില്ല.ഒരു പബ്ലിഷിങ് കമ്പനികളും എന്റെ കഥ എടുത്തില്ല അതൊക്കെ മാനസികമായി ഒരുപാട് ബുദ്ധിമുട്ടുകൾ എനിക്ക് ഉണ്ടാക്കിയിട്ടുണ്ട്.നമ്മൾക്ക് എഴുതാൻ കഴിവില്ലെന്ന് ഇവർ പറയുമ്പോ അല്ലെങ്കിൽ മെയിലുകൾക്ക് റിപ്ലേ തരുമ്പോ ഫോൺവിളികളിൽ മറുപടി പറയുമ്പോ നമുക്ക് ഒരുപാട് മാനസികമായി ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്.അതാണ് ഞാൻ ആദ്യമായി എഴുത്തിലേക്ക് കടന്നു വരുമ്പോ എനിക്ക് ഉണ്ടായ അനുഭവങ്ങൾ.

**3.ആദ്യമായി പനിനേഴാമത്തെ വയസ്സിൽ ഒരു പുസ്തകം എഴുതുകയും അത് പ്രമുഖ പ്രസാധകർ നിരസിച്ചെന്നും പിന്നീട് സ്വയം പ്രസാധനം നടത്തുകയും ചെയ്ത് വായനക്കാരെ ഉണ്ടാക്കിയെടുത്ത ആളാണല്ലോ അഖിൽ. ആ ഒരു അനുഭവത്തെപ്പറ്റി?**

ഞാനൊരിക്കലും വായനക്കാരെ ഉണ്ടാക്കിയെടുത്തത് പുസ്തകങ്ങൾ വഴിയല്ല.ഈ പുസ്തകങ്ങൾ റിജക്ട് ചെയ്തപ്പോ ഞാൻ ചെയ്തത് മറ്റൊരു പാരലൽ ആയിട്ടുള്ള മറ്റൊരു വഴി,ആൾക്കാരിലേക്ക് എങ്ങനെ എത്തിക്കാം എന്ന് ചിന്തിച്ചപ്പോഴാണ് ആ സമയത്ത് ഫേസ്ബുക്ക് ഒക്കെ സ്റ്റാർട്ട് ചെയ്ത സമയാണ്.അതായത് ആൾക്കാർ ഉപയോഗിച്ച് തുടങ്ങിയ സമയാണ്.അപ്പോ അങ്ങനെ ഞാൻ ഫേസ്ബുക്കിൽ ഓരോ പാർട്ട് ബൈ പാർട്ടായിട്ട് ഞാൻ എഴുതി വച്ച കഥകൾ അപ് ലോഡ് ചെയ്തു തുടങ്ങി.അങ്ങനെ അപ് ലോഡ് ചെയ്തപ്പോ അതിൽ വായിക്കാൻ ആദ്യമേ ആരും തന്നെ ഉണ്ടായിരുന്നില്ല.ഏഴ് അദ്ധ്യായം വരെ ഞാനെന്റെ ആദ്യത്തെ ബുക്കിന്റെ അതായത് ഓജോ ബോഡ് ആണ് ഞാനങ്ങനെ ട്രൈ ചെയ്തത്.അത് ഒന്നാം അദ്ധ്യായം പോസ്റ്റ് ചെയ്തു രണ്ടാം അദ്ധ്യായം പോസ്റ്റ് ചെയ്തു അങ്ങനെ ഒരു എഴ് അദ്ധ്യായം വരെ പോസ്റ്റ് ചെയ്തിട്ടു.ആരും തന്നെ വായിക്കാൻ ഇല്ലായിരുന്നു.എഴാമത്തെ അദ്ധ്യായത്തിലാണ് ആദ്യമായിട്ടൊരു വ്യക്തി വന്നിട്ട് അത് വായിക്കുന്നതും.അദ്ദേഹം ഒരു കോളേജിൽ പഠിക്കുന്ന ഒരു വ്യക്തിയായിരുന്നു,അദ്ദേഹത്തിന്റെ ക്ലാസ്സിൽ ഉള്ളവർക്കും കോളേജിൽ ഉള്ളവർക്കും സജസ്റ്റ് ചെയ്തു.അങ്ങനെ അതൊരു മറ്റുള്ളവരിലേക്കും മൗത്ത് പബ്ലിസിറ്റി വഴി പോയിട്ടാണ് എനിക്ക് വായനക്കാരെ കിട്ടുന്നതും ആ കഥയുടെ മുപ്പത്തി ഏഴാമത്തെ ചാപ്റ്റർ എഴുതി ഞാൻ നിർത്തുമ്പോ എനിക്ക് പനിനെട്ടായിരത്തിനടുത്ത്
വായനക്കാരുണ്ടായതും.അപ്പോ അതെനിക്കൊരു ആത്മ വിശ്വാസം കൊണ്ടു തന്നു അതായത് ഈ പബ്ലിഷിങ്ങ് കമ്പനികൾ റിജക്ട് ചെയ്തപ്പോ എനിക്ക് നഷ്ടമായ ആത്മവിശ്വാസം ഫേസ്ബുക്കിൽ ഇട്ടപ്പോ എനിക്കതിന്റെ ഇരട്ടിയായി കിട്ടി.അങ്ങനെയാണ് സത്യത്തിൽ ആദ്യമായിട്ട് എനിക്ക് വായനക്കാരെ കിട്ടുന്നതും ആ സമയത്ത് ഞാൻ ഫേസ്ബുക്ക് തിരഞ്ഞെടുത്തത് നല്ലൊരു ബുദ്ധിയായി തോന്നിയതും.

**4.വായനയുമായി ബന്ധപ്പെട്ട് എറ്റവും അധികം സ്വാധീനം ചെലുത്തിയത് ഏത് പുസ്തകമാണ്? അല്ലെങ്കിൽ ഏതെങ്കിലും വിഭാഗം രചനകളോട് താൽപര്യം തോന്നിയിട്ടുണ്ടോ?**

എനിക്ക് സത്യത്തിൽ അങ്ങനെഒരു സ്വാധീനം ചെലുത്തിയ പുസ്തകം അങ്ങനെ സ്പെഷ്യൽ അയിട്ട് അങ്ങനെ എനിക്ക് പറയാനില്ല.എനിക്ക് ഇഷ്ട്ടപ്പെട്ട ചില പുസ്തകങ്ങൾ ഉണ്ട് പല എഴുത്തുകാരുടെ പല പുസ്തകങ്ങൾ ആണ് എനിക്കിഷ്ട്ടം.അതിൽ അങ്ങനെ ഒരു പ്രത്യേകമായിട്ടൊന്നും എന്നെ സ്വാധീനം ചെലുത്തിയിട്ടില്ല.

ഏതെങ്കിലും വിഭാഗം രചനകളോട് താൽപര്യം തോന്നുക എന്ന് പറഞ്ഞാൽ എനിക്ക് കുറച്ച് ഫാന്റസി അങ്ങനെയുള്ള കാര്യങ്ങളോട് ഇഷ്ട്ടമാണ്,അതോടൊപ്പം തന്നെ എനിക്ക് റിയൽ ലൈഫ് സ്റ്റോറീസും ബയോപിക്ക് ഒക്കെ വായിക്കാൻ ഇഷ്ട്ടാണ്.ഒരു പ്രത്യേക വിഭാഗത്തോട് അങ്ങനെ താൽപര്യം ഇല്ല,എല്ലാ തരം പുസ്തകം വായിക്കുകയും അത് പോലെതന്നെ എല്ലാതരം പുസ്തകം എഴുതണം എന്ന ഒരു ആഗ്രഹം ഉള്ള വ്യക്തിയാണ് ഞാൻ.

**5. എഴുത്തിന്റെ ലോകത്ത് ആദ്യമായി കടന്നുവരുന്ന ഏതൊരു രചയിതാവും പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്.നമ്മളുടെ കോളേജ് മാഗസിന്റെ തീം എന്നത് തന്നെ പ്രതിസന്ധികൾ ,യുദ്ധങ്ങൾ ഇവയെ ആസ്പദമാക്കിയാണ്.ആ ഒരു കോണിലൂടെ നോക്കിയാൽ ആദ്യ ഗ്രന്ഥ പ്രസാദനത്തിലും മറ്റും നേരിട്ട പ്രതിസന്ധി എന്തൊക്കെയാണ്?**

പറഞ്ഞത് പോലെ തന്നെ സത്ത്യതിൽ പ്രതിസന്ധികളും യുദ്ധങ്ങളും തന്നെയായിരുന്നു ആദ്യത്തെ ബുക്ക് ഓജോ ബോർഡിന്റെ പ്രസിദ്ദീകരണ സമയത്ത് സംഭവിച്ചത്.പബ്ലിഷിങ്ങ് കമ്പനി റിജക്ട് ചെയ്തപ്പോ ഞാൻ തന്നെ കഥ പബ്ലിക്കേഷൻ എന്ന കമ്പനി തുടങ്ങി,ആ കമ്പനി തുടങ്ങി കഴിഞ്ഞപ്പോ ബുക്ക് പ്രിന്റ് ചെയ്യാൻ വേണ്ടി ഏത് ക്വാളിറ്റിയിലാണ് അടിക്കേണ്ടത് ഒന്നും അറിയില്ല.ഞാനൊരു സാധാരണക്കാരനായിരുന്നു ആലപ്പുഴയിൽ പാതിരപ്പിള്ളി എന്ന സ്ഥലത്ത് ജീവിക്കുന്ന സാധാരണ കുടുംബത്തിലെ ഒരാളാണ്.എനിക്ക് എഴുത്തുമായി യാതൊരു വിധ പാരമ്പര്യം ഇല്ല,എന്റെ കുടുംബത്തിനോ അല്ലെങ്കിൽ എന്തെങ്കിലും പിടിപാടോ ഇല്ലാത്ത ഫാമിലിയാണ് എന്റേത്.ആ കുടുംബത്തിൽ നിന്നിട്ട് ഒരു പയ്യൻ ഇതുപോലെ ഒരു പുസ്തകം പ്രിന്റ് ചെയ്യാനും വിൽക്കാനും വേണ്ടി ഇറങ്ങി തിരിച്ചപ്പോൾ ഉണ്ടായ ഒരുപാട് ബുദ്ധിമുട്ടുകൾ ഞാൻ ഫേസ് ചെയ്തു.ആദ്യമേ തന്നെ വീട്ടുകാർക്ക് സംശയായിരുന്നു ഇതിന്റകത്ത് വിജയിക്കുമോ എന്ന്.വീട്ടുകാരെ പറഞ്ഞ് മനസ്സിലാക്കി ഒരു ചലഞ്ച് എന്ന പോലെ ഞാനിറങ്ങി.അത് ആദ്യത്തേത്.അതിനുശേഷം നമ്മൾ ഓരോ പ്രിന്റേഴ്സും കയറി ഇറങ്ങി അവരുടെ ബുക്ക് ക്വാളിറ്റി നോക്കി പേപ്പർ ക്വാളിറ്റി ഒക്കെ നോക്കി.എനിക്ക് ആ സമയത്ത് പേപ്പറുകൾ ഏതൊക്കെ തരങ്ങൾ ഉണ്ടെന്ന് പോലും അറിയില്ല,അല്ലെങ്കിൽ ബൈന്റിങ്ങ് തന്നെ വേറെ ഏതൊക്കെ തരം ഉണ്ട് എന്ന് എനിക്കറിയില്ല.ഞാൻ കേരളത്തിൽ അങ്ങോളം ഇങ്ങോളം ഓരോ പ്രസ്സുകളിൽ പോയി,മലബാർ ഏരിയയിൽ ഒക്കെ പോയി കണ്ട് പഠിച്ചിട്ടാണ് ഇങ്ങനെയൊക്കെയാണ് ക്വാളിറ്റി എന്ന് തിരിച്ചറിയുന്നത്.

അങ്ങനെ പിന്നീട് പൈസ സംഘടിപ്പിച്ചു പുസ്തകം പുറത്തിറക്കി.എറക്കി കഴിഞ്ഞിട്ട് വീട്ടിൽ കൊണ്ട് വച്ചിട്ട് കാര്യം ഇല്ല അത് വിൽപ്പന നടത്തണമല്ലോ,വിൽപ്പന നടത്താൻ കടകളിലേക്ക് പോയി ചോദിച്ചപ്പോ അവർക്ക് നമ്മൾ പുതിയ ഒരാൾ ആയത് കൊണ്ട് തന്നെ വിൽപ്പന നടത്താൻ താൽപര്യം ഇല്ല.വെച്ചാ തന്നെ അമ്പത് ശതമാനത്തിന് മുകളിൽ അറുപത് ശതമാനം ഒക്കെയാണ് കമ്മീഷൻ ചോദിച്ചത്.ഇത്രേം രൂപ നമ്മൾ കമ്മീഷൻ കൊടുത്തു കഴിയുമ്പോ നമുക്ക് പ്രിന്റ് ചെയ്ത പൈസപോലും നമുക്ക് കിട്ടത്തില്ല.അപ്പോ ഞാൻ ഫേസ്ബുക്കിൽ പോസ്റ്റിടാൻ തുടങ്ങി,ഞാൻ തിരുവനന്തപുരത്ത് റെയിൽവേ സ്റ്റേഷൻ പരിസരത്തോ ബസ്സ്റ്റാന്റ് പരിസരത്തോ ഒക്കെ ചെന്നിട്ട് ഞാനിവിടെ ഉണ്ട് പുസ്തകം വേണ്ടവർ വിളിച്ച് കഴിഞ്ഞാൽ ഞാൻ ബസ്സ് കയറി കൊണ്ട് തരാം അങ്ങനെയുള്ള രീതിയിൽ ഞാൻ കൊണ്ട് നടന്നു.ഞാൻ കേരളത്തിലെ പതിനാല് ജില്ലകളിലും റെയിൽവേ സ്റ്റേഷനിലും ബസ്സ്റ്റാന്റിലും തെരുവിലും കൊണ്ട് നടന്നാണ് എന്റെ ആദ്യത്തെ പുസ്തകം വിറ്റുതീർക്കുന്നത്.അത് വിറ്റ് തീർത്ത് കഴിഞ്ഞ് രണ്ടാമത്തെ എഡിഷൻ പോകുമ്പോഴും ഇത് പോലെ ചെയ്യുന്നതിനിടയ്ക്കാണ് ഫ്ളിപ്പ് കാർട്ടിലും ആമസോണിലും വിൽപ്പന നടത്തുന്നത്.അവിടെയും പിന്നെ പിന്നെ ഫേസ് ബുക്കിലും ആൾക്കാർ റിവ്യൂസ് ഇട്ട് പരസ്പരം പങ്ക് വച്ചു കഴിഞ്ഞപ്പോ പുസ്തകത്തിന് പതിയെ വിൽപന കൂടാൻ തുടങ്ങി.പിന്നെ ഓൺലൈൻ സെല്ലിങ്ങ് തുടങ്ങി,അങ്ങനെയാണ് പുസ്തകമെന്ന നിലയിൽ ഓജോ ബോർഡിന് പ്രസിദ്ധി കിട്ടുന്നത്.അതിന്റെ കൂട്ടത്തിൽ സ്വാഭാവികമായി അതിന്റെ എഴുത്തുകാരനായ അഖിൽ പി ധർമ്മജനും പേര് കിട്ടിതുടങ്ങി.അങ്ങനെയാണ് ഞാൻ സത്യത്തിൽ ഒരു എഴുത്തുകാരനായി മാറുന്നത്.ഇതാണ് എന്റെ ആദ്യ പുസ്തകത്തിന്റെ കഥ.ഈ പറഞ്ഞ പ്രതിസന്ധിയും യുദ്ധവും ഒക്കെ ഇതിനകത്ത് ഉണ്ടായിരുന്നു.അത് ആൾക്കാരിലെത്തി ആൾക്കാൻ ഇങ്ങോട്ട് വന്ന് പുസ്തകം വാങ്ങാൻ തുടങ്ങിയപ്പോഴാണ് ഞാനൊരു യുദ്ധം ജയിച്ചു എന്ന തോന്നൽ എനിക്കുണ്ടായത്.

**6.കൂടുതൽ ആളുകൾ ഇന്ന് ചേർത്ത് പിടിച്ച് വായിച്ചു കഴിഞ്ഞതും വായിച്ചുകൊണ്ടിരിക്കുന്നതുമായ നോവലാണ് റാം c/o ആനന്ദി.മുൻ നോവലുകളേക്കാൾ ആളുകൾ ഇത് ആവേശത്തോടെ വായിക്കുന്നെന്ന് തോന്നിയിട്ടുണ്ട്.കൂടുതൽ റിയലിസ്റ്റിക്കായി യഥാർത്ഥ ജീവിതവുമായി ഇത് സംവദിക്കുന്നു എന്നത് കൊണ്ടാവുമോ ഇതിന് കാരണം?ഗം രചനകളോട് താൽപര്യം തോന്നിയിട്ടുണ്ടോ?**

വേറൊരു കാരണം കൂടി എനിക്ക് പറയാനുണ്ട് ,ഈ പറഞ്ഞ ആദ്യത്തെ പുസ്തകമായ ഓജോബോർഡും,രണ്ടാമത്തെ പുസ്തകമായ മെർക്കുറി ഐലന്റും ഇറക്കിയിരിക്കുന്നത് ഞാൻ സ്വന്തമായാണ്. അപ്പോൾ അതുകൊണ്ട് ഞാൻ ഈ പറഞ്ഞിരിക്കുന്ന ഓരോ പുസ്തകത്തിലും എൻ്റെ കൈ പതിയാതെ പോയിട്ടില്ല. ഇനിയിപ്പോ ഞാൻ അടിക്കുന്ന ഒരു എഡിഷൻ ,ആയിരം കോപ്പിയാണെങ്കിൽ ഇതിൽ ആ 1000 കോപ്പിയും ഞാൻ പ്രസ്സിൽ അല്ലെങ്കിൽ കൊറിയർ ഓഫീസിൽ ചെന്ന് ചുമടായി വീട്ടിൽ കൊണ്ടുവന്ന് അതിൻ്റെ ബണ്ടിൽ പൊട്ടിച്ച് ഓരോന്നോരോന്നായി ആളുകൾക്ക് നേരിട്ടും, അല്ലെങ്കിൽ കൊറിയർ ആയും ബുക്ക് സ്റ്റാളുകളിൽ നേരിട്ട് കൊണ്ടുപോയും കൊടുത്തിട്ടുണ്ട് അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമാണ് എന്റെ കൈ പതിഞ്ഞ പുസ്തകമാണ് എന്ന് എനിക്ക് പറയാൻ പറ്റൂ.

നേരെമറിച്ച് മൂന്നാമത്തെ പുസ്തകമായ റാം കെയർ ആനന്ദിയിലേക്ക് പോയപ്പോൾ സത്യത്തിൽ നമുക്ക് ഒന്നും ചെയ്യേണ്ടി വന്നിട്ടില്ല, കാരണം ഡി സി ബുക്സ് എന്ന് പറയുന്ന കേരളത്തിലെ നമ്പർ വൺ പ്രസ്സ് ആണ് ആ പുസ്തകം ഇറക്കിയിരുന്നത് അപ്പോൾ അവർക്ക് അവരുടേതായ മാർക്കറ്റിംഗും മറ്റും നല്ല രീതിയിൽ ചെയ്യാൻ കഴിഞ്ഞു.

ഇപ്പോഴും എൻ്റെ ആദ്യത്തെ പുസ്തകം ആളുകളിലേക്ക് എത്തുന്നതേയുള്ളൂ .അത് നന്നായി സ്ട്രഗിൾ ചെയ്യുന്നുണ്ട്. കാരണം അത് ഞാൻ എൻ്റെ സ്വന്തം നിലയ്ക്ക് ഇറക്കിയതാണ്,എന്നാൽ ഡിസി ബുക്സ് ഇറക്കിയ പുസ്തകം ആളുകളിലേക്ക് വേഗത്തിൽ എത്തിച്ചേർന്നു .റാം കെയർ ഓഫ് ആനന്ദി എൻ്റെ ആദ്യത്തെ പുസ്തകമാണ് എന്ന് കരുതുന്നവർ ഉണ്ട്. പിന്നീട് ആളുകൾ വന്ന് ചോദിക്കുമ്പോൾ ആണ് ഇതുപോലെ മറ്റ് രണ്ട് പുസ്തകങ്ങൾ എഴുതി വിവരം അറിയുന്നതും അത് വായിക്കുന്നതും

റാം കെയർ ഓഫ് ആനന്ദി വായിച്ചശേഷം മെർക്കുറി ഐലൻഡ് എന്ന പുസ്തകം വായിച്ച് പുസ്തകത്തിൻ്റെ ആരാധകരായി മാറിയവർ ഉണ്ട്. റിയലിസ്റ്റിക് ആയിട്ടുള്ള ഒരു സംഭവം ഇഷ്ടപ്പെടുന്ന ഒരു വിഭാഗം ആളുകളാണ് ഈ റാം കെയർ ഓഫ് അനന്ദി ഏറ്റെടുത്തിരിക്കുന്നത്.അതിൽ ഒരുപാട് സന്തോഷം ഉണ്ട്.പക്ഷേ ഈ പറഞ്ഞ പോലെ ബാക്കി രണ്ട് പുസ്തകങ്ങളും ഡിസ്ട്രിബ്യൂഷന്റെ,നമ്മൾ സ്വയമേ തുഴയുന്നത് കൊണ്ട് എത്താനായി പാടുപെടുന്നതിന്റെ സ്വീകാര്യതക്കുറവാണ് സംഭവിച്ചിട്ടുള്ളത്.പിന്നെ ഒഫ് കോഴ്സ് ,ആൾക്കാർ പച്ചയായ ജീവിതം ഇഷ്ട്ടപ്പെടുന്നവരുണ്ട് അതിനാലാണ് റാം കെയർ ഓഫ് ആനന്ദി ഒരുപാട് പേരിലേക്ക് വീണ്ടും വീണ്ടും വ്യാപിച്ചുകൊണ്ടിരിക്കുന്നതും ഒരുപാട് പേർ ചേർത്ത് പിടിക്കുന്നതും ഒരുപാട് പേർക്ക് അത് അവരുടെ ലൈഫും ആയി കണക്ട് ചെയ്യാൻ സാധിക്കുന്നതും.അതിലൊരുപാട് സന്തോഷം.പിന്നെ പുസ്തകങ്ങൾ മക്കളെപ്പോലെയാണ്,അതായത് എനിക്ക് ഓരോ പുസ്തകവും അങ്ങനെയാണ് ഒരിക്കലും അതിൽ ഒരു ഏറ്റക്കുറച്ചിൽ കാണുന്നില്ല.പിന്നെ ചില പുസ്തകം ഒരു കൂട്ടം ആളുകൾ അത് ഏറ്റെടുക്കും അതിൽ നമുക്ക് സന്തോഷം.മൂന്നു പുസ്തകങ്ങളും എന്റെ അധ്വാനമാണ്,മക്കളെപ്പോലെ കാണുന്നു.അവർ മൂന്നുപേരും എനിക്ക് തുല്യരാണ്.

**7.ആദ്യ പുസ്തകം ഒരു ഹൊറർ ത്രില്ലർ ആവുകയും പിന്നീട് ഈയടുത്ത് ഇറങ്ങിയ പുസ്തകം ആഖ്യാനത്തിൽ പാടെ മാറ്റം വന്ന നിലയിലുമാണ്.ഏതെങ്കിലും ഒരു വിഷയകേന്ദ്രീകൃതമായ രചന നിർവഹിക്കാൻ താൽപര്യപ്പെടുന്നില്ല എന്നല്ലേ ഇതിൽ നിന്നും അനുമാനിക്കേണ്ടത്?**

അതെ തീർച്ചയായും എനിക്ക് ഒട്ടും ഇഷ്ടമില്ലാത്ത കാര്യമാണ് ഒരേ രീതിയിൽ ഉള്ള പുസ്തകങ്ങൾ എഴുതുന്നത്, അതായത് ഒരേ വിഷയം തന്നെ ആവർത്തിച്ചു കൈകാര്യം ചെയ്യുന്നത്. ചില വ്യക്തികൾ റൊമാൻറിക് ഫിക്ഷൻ എഴുതിയാൽ അത് തന്നെ വീണ്ടും ആവർത്തിക്കുന്നു ചില വ്യക്തികൾ ത്രില്ലർ ആണെങ്കിൽ അത് തന്നെ വീണ്ടും ആവർത്തിക്കുന്നു അങ്ങനെ എഴുതുമ്പോൾ ഉള്ള പ്രശ്നം അവർ ആ വിഷയത്തിൽ മാത്രമായി കുടുങ്ങി കിടക്കും. എത്രയൊക്കെ പറഞ്ഞാലും ഒരേ വിഷയം കൈകാര്യം ചെയ്യുന്നത് എത് സമയവും വിജയിക്കണമെന്നില്ല. എല്ലാം എല്ലാം ആളുകൾക്കും ഇഷ്ട്ടപ്പെടണമെന്നില്ല. അതിപ്പോൾ എല്ലാ വിഷയങ്ങളും മിക്സ് ചെയ്ത് എഴുതിയാലും അങ്ങനെ തന്നെയാണ്. എങ്കിലും പലപല വിഷയങ്ങൾ തിരഞ്ഞെടുത്തെഴുതാൻ നമ്മളെ കൊണ്ട് സാധിക്കും. ഞാൻ ചിന്തിക്കുന്നത് ഒരെഴുത്തുകാരൻ ജലം പോലെയാണ് അതിനെ ഏത് സാഹചര്യവുമായി പൊരുത്തപ്പെടാൻ കഴിയണം. ഇതെന്റെ വ്യക്തിപരമായ അഭിപ്രായമാണ് ആ ജലം ഏത് കുപ്പിയിൽ ഒഴിച്ചാൽ കുപ്പിയുടെ ഷേപ്പ് ആണ് ലഭിക്കുക അത് പാത്രത്തിൽ ഒഴിച്ചാൽ പാത്രത്തിന്റെ ഷേപ്പിൽ ആണ് ഉണ്ടാവുക. അതുപോലെ ഒരാൾ ഒരു കഥ എഴുതണമെന്ന് ആഗ്രഹിച്ചാൽ അതുപോലെ അവന്റെ രചന കൊണ്ടുവരുക. അല്ലെങ്കിൽ ഒരേയിടത്തിൽ ഒതുങ്ങി പോകാതെ ഒരേ വിഷയത്തിൽ കുടുങ്ങി പോകാതെ മറ്റുള്ള വിഷയങ്ങളും കൈകാര്യം ചെയ്യണമെന്നാണ്.

ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെ എനിക്ക് അവതരിപ്പിക്കാൻ കഴിയുമെന്ന്, അത് എന്നോട് പലരും പറഞ്ഞിട്ടുണ്ട് .അഖിൽ പി ധർമ്മജൻ ഇതുപോലെ ആദ്യത്തെ ഓജോ ബോർഡ് ഹൊറർ, രണ്ടാമത്തെ ഫാന്റസി അങ്ങനെ കുട്ടികൾക്ക് ഇഷ്ടമുള്ള രചനകൾ ആണ് എഴുതുന്നത് എന്ന് വിചാരിച്ചിരുന്നവരാണ്.

എനിക്ക് പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കാൻ കഴിയില്ല എന്ന് പലരും റിവ്യൂകളിൽ അവതരിപ്പിച്ചതായി ഞാൻ വായിച്ചിട്ടുണ്ട്. പക്ഷേ രണ്ടും കൽപ്പിച്ചാണ് ഞാൻ ഇത്തരം രചനകളിലേക്ക് കടന്നത് എഴുതിത്തുടങ്ങിയപ്പോൾ എന്നെക്കൊണ്ടാവും എന്ന വിശ്വാസം എനിക്കുണ്ട് പക്ഷേ മറ്റുള്ളവർ ഇത് എങ്ങനെ സ്വീകരിക്കും എന്ന് ആശങ്കയും എനിക്ക് ഉണ്ടായിരുന്നു. അതുപോലെതന്നെ പുസ്തക വിതരണ സമയത്തും ആളുകൾ ഏറ്റെടുക്കുമോ എന്ന ആശങ്ക ഉണ്ടായിരുന്നു പക്ഷേ ആളുകൾ ഇരുകൈയും നീട്ടി അത് സ്വീകരിച്ചു അപ്പോൾ എനിക്ക് ഒരു കാര്യം മനസ്സിലായി ഒരു എഴുത്തുകാരൻ എന്ന നിലയിൽ ഒരു വിഷയത്തിലേക്ക് ഇറങ്ങി ചെന്നാൽ ഒരു വിഷയത്തിൽ മാത്രമല്ല പല വിഷയങ്ങളിൽ ഒരു എഴുത്തുകാരൻ എന്ന നിലയിൽ നമുക്ക് ഇടപെടാനും, നമുക്ക് എഴുതാനും സാധിക്കുമെന്ന് മനസ്സിലായി. അപ്പോൾ ഞാൻ എഴുതുന്ന പുസ്തകങ്ങളിൽ ഇനിയും മാറ്റമുണ്ടാവും ഒരേ അവസ്ഥയിൽ കുടുങ്ങി കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല എഴുതാൻ പറ്റുന്ന കാലത്തോളം അതിനു വേണ്ടി ഞാൻ പരിശ്രമിക്കും.

**8.സാമൂഹിക മാധ്യമങ്ങളിൽ സജീവമായിരിക്കുന്ന എഴുത്തുകാരൻ തന്നെയാണല്ലോ താങ്കൾ.അത്തരം ഒരു പശ്ചാത്തലത്തിൽ വിമർശനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടോ?അതിനെ എങ്ങനെ നോക്കി കാണുന്നു?**

ഈ ചോദ്യത്തിന് എനിക്ക് പറയാനുള്ളത് എനിക്ക് ഇഷ്ടപ്പെട്ട ഒരു എഴുത്തുകാരനാണ് ജി ആർ ഇന്ദുഗോപൻ. അദ്ദേഹം സത്യത്തിൽ സോഷ്യൽ മീഡിയയിൽ ഒന്നും ആക്ടീവ് അല്ല. അദ്ദേഹത്തോട് ഒരുതവണ ഞാൻ ചോദിച്ചപ്പോൾ അതിനൊന്നും താല്പര്യമില്ല എന്നാണ് പറഞ്ഞത്. സോഷ്യൽ മീഡിയയിൽ പലരും പല അഭിപ്രായങ്ങളും പറയും അതൊന്നും അദ്ദേഹത്തെ ബാധിക്കുന്നതല്ല.

അതുവെച്ച് നോക്കുമ്പോൾ ഓരോ എഴുത്തുകാരനും ഓരോ വ്യക്തികൾക്കും അവരുടേതായ അഭിപ്രായങ്ങൾ ഉണ്ട്. പക്ഷേ ഞാൻ കടന്നു വന്നതു തന്നെ സോഷ്യൽ മീഡിയയിലൂടെ ആണ് അതുകൊണ്ടുതന്നെ എന്റെ പ്രൊഫൈൽ പിന്തുടരുന്നവർ പണ്ടുതൊട്ടേ എന്നെ വായിച്ചറിഞ്ഞവരും എന്നെ മനസ്സിലാക്കിയവരും ആണ്.അവരിലെ നല്ല ആൾക്കാരാണ് എൻ്റെ ആദ്യ പുസ്തകം തന്നെ പുറത്തിറക്കാനുള്ള ഫണ്ട് സ്വരൂപിച്ചത്. ഇവർ തന്നെയാണ് അതായത്, ഒരു ക്രൗഡ് ഫണ്ടിങ്ങിലൂടെയാണ് എന്റെ ആദ്യ പുസ്തകമായ ഓജോബോർഡ് പുറത്തിറങ്ങുന്നതും. അപ്പോൾ അതുകൊണ്ടുതന്നെ എനിക്ക് അവർ പറയുന്ന കാര്യങ്ങൾ ചിലപ്പോൾ തിരുത്തേണ്ടതായി വരും. പിന്നെ സ്റ്റാർട്ടിങ് ഞാൻ അങ്ങനെ ആയിരുന്നത് കൊണ്ട് തന്നെ ഞാൻ ഈ ആളുകളോട് എന്റെ പുസ്തകം ഇറങ്ങി കഴിയുമ്പോൾ അഭിപ്രായങ്ങൾ ചോദിക്കാറുണ്ട്, അത് പോസിറ്റീവ് ആണെങ്കിലും നെഗറ്റീവ് ആണെങ്കിലും അസപ്റ്റ് ചെയ്യാറുണ്ട് .അത് ഞാൻ തുടർന്നുകൊണ്ടിരുന്ന ഒരു വഴി ആയതുകൊണ്ട് ഇപ്പോഴും അത് തുടരുന്നുണ്ട്. പിന്നെ വിമർശനങ്ങൾ ഒരുപാട് നേരിട്ടിട്ടുണ്ട് എന്റെ രണ്ടാമത്തെ പുസ്തകമായ മെർക്കുറി ഐലൻഡ് ഒരുപാട് വിമർശനത്തിന് വിധേയമായതാണ് ഞാനത് മെയിനായി ഫോക്കസ് ചെയ്തിട്ടുള്ളത് കുട്ടികളെയാണ്, അതിന്റെ പേരുപോലെതന്നെ. പക്ഷേ ഫാന്റസി ഇഷ്ടപ്പെടുന്ന മുതിർന്നവർക്ക് അത് വായിക്കാം പക്ഷേ അത് വായിച്ച് അധികമാളുകളും വലിയ സാഹിത്യ ഗ്രന്ഥങ്ങൾ വായിക്കുന്നവരാണ് അവർ കളിക്കുടുക്ക സാഹിത്യം എന്ന് പറഞ്ഞു പബ്ലിക്കായി വിമർശിച്ചിട്

അപ്പോൾ എനിക്ക് സത്യത്തിൽ സന്തോഷമാണ് ഉണ്ടായത്കാരണം ഞാൻ പോയിൻ്റ് ചെയ്ത ജനവിഭാഗത്തെ അത് സന്തോഷപ്പെടുത്തി എന്നെനിക്ക് മനസ്സിലായി.അപ്പൊ പിന്നെ അതും പോസിറ്റീവായാണ് ഞാൻ കണക്കിലെടുത്തത്. ഞാൻ തന്നെ വളർന്നു വന്ന ഒരാൾ ആയതുകൊണ്ട് ചിലർ മനപ്പൂർവ്വം വിമർശിക്കാൻ വേണ്ടി എഴുതി, അത് ശരിക്കും മൈൻഡ് ചെയ്യേണ്ട ആവശ്യമില്ല എന്നിരുന്നാലും ഞാനത് വായിക്കാറുണ്ട് സോഷ്യൽ മീഡിയയിൽ രണ്ടു തരത്തിലുള്ള അഭിപ്രായങ്ങൾ ഉണ്ടാകും പക്ഷേ അത് അതിൻ്റെ റിവ്യൂകൾ ജനങ്ങളിലേക്ക് കൂടുതൽ എത്താൻ സഹായകമായിട്ടുണ്ട്.



**9.സമകാലിക ജീവിത സാഹചര്യം എഴുത്തിൽ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചിട്ടുണ്ടോ.എഴുത്തു കാരന്റെ ധർമ്മം എന്ന പ്രയോഗം ഉപയോഗിക്കട്ടെ എഴുത്തുകാരൻ സമൂഹത്തോട് എന്തെങ്കിലും പ്രതിബദ്ധത പുലർത്താൻ ബാധ്യസ്ഥനാണോ?**

തീർച്ചയായും.നമ്മൾ ഇപ്പോൾ ജീവിക്കുന്ന ചുറ്റുപാടും പഴയ സാഹിത്യകാരന്മാർ ജീവിച്ചിരുന്ന ചുറ്റുപാടും അവരുടെ രചനകളിൽ നിന്ന് വ്യക്തമാണ്.കാലഘട്ടം തന്നെ പ്രത്യേകതകളും ഭാഷഎന്നിവയിലും മാറ്റം സംഭവിച്ചിട്ടുണ്ട്.

ഒരെഴുത്തുകാരന് തീർച്ചയായും സമൂഹത്തോട് ഒരു ധർമ്മം പാലിക്കേണ്ടതായിട്ടുണ്ട്. എല്ലാവരും അങ്ങനെ വേണം എന്നല്ല ഞാൻ പറഞ്ഞത്. എങ്കിലും ഒരു എഴുത്തുകാരൻ എന്ന നിലയിൽ നമുക്ക് ചില കാര്യങ്ങൾ നമ്മൾ ഇറങ്ങി പ്രവർത്തിച്ചാൽ നടക്കാൻ കഴിയാത്ത ഒരു കാര്യം ചിലപ്പോൾ അതൊരു കലാസൃഷ്ടിയിലൂടെ വരുമ്പോൾ ഒരുപാട് പേരിലേക്ക് എത്തിപ്പെടാം അങ്ങനെ എത്തിപ്പെടുമ്പോൾ ഒന്നോ രണ്ടോ ആൾക്കാർ ചിന്തിക്കും പിന്നീട് ഒരു കൂട്ടമായി മാറും .പിന്നീട് അതിനുവേണ്ടി സംസാരിക്കുക അല്ലെങ്കിൽ അതിനു വേണ്ടി അവർ പ്രവർത്തിക്കുക അതൊക്കെ തന്നെ എന്ന് പറയുന്നത് തന്നെ ഒരു തരത്തിലുള്ള വിപ്ലവമാണ്. അത് ചില പുസ്തകങ്ങളാൽ മുൻപും ഉണ്ടായിട്ടുണ്ട് ,അതുപോലെ പുസ്തകങ്ങളിലൂടെ പല വിപ്ലവങ്ങളെ സൃഷ്ടിക്കാൻ കഴിയും എന്നാണ് ഞാൻ കരുതുന്നത് അതുകൊണ്ട് ഞാൻ എന്റെ സമൂഹമായി ബന്ധപ്പെട്ടു കൊണ്ട് ജീവിക്കുമ്പോൾ എൻറെ കൺമുൻപിൽ എന്തെങ്കിലും ഒരു തെറ്റും ഞാൻ കാണുകയാണെങ്കിൽ എല്ലാം ഞാൻ പറയുന്നില്ലെങ്കിലുംഎൻറെ മനസ്സിനെ വേദനിപ്പിക്കുന്ന എന്റെ മനസ്സിലേക്ക് വരുന്ന ചില സംഭവങ്ങൾ കൊണ്ടുവരണമെന്ന് തോന്നിയിട്ടുണ്ടെങ്കിൽ ഞാനത് എഴുതുകയും ഒരാളെങ്കിലും ഒരാളെ ഞാൻ ഉദ്ദേശിക്കുന്ന ആശയം അയാളിൽ എത്തിക്കാൻ എനിക്ക് കഴിഞ്ഞെങ്കിൽ അതില്പരം ഒരു സന്തോഷം എനിക്കില്ല.

**10.എഴുത്തുകാരൻ ഏതെങ്കിലും ഒരു രാഷ്ട്രീയം പിന്തുടരണം അതായത് ഏതെങ്കിലും നിലപാട് തുറകളിൽ മാത്രം ഉറച്ചു നിന്ന് സംസാരിക്കേണ്ടവൻ ആണോ? ഇതിനോടുള്ള അഭിപ്രായം**

എനിക്ക് അതിനോട് കടുത്ത വിയോജിപ്പാണ്. എഴുത്ത്കാരന് ചിലപ്പോൾ അവർക്ക് ഓരോരുത്തർക്കും ഇഷ്ട്ടങ്ങളും അനിഷ്ടങ്ങളും ഉണ്ടാകാം. പക്ഷെ ഒരു എഴുത്തുകാരൻ നേരത്തെ പറഞ്ഞത് പോലെ സാമൂഹിക പ്രതിബദ്ധതയോടുകൂടി കൃതികൾ തയ്യാറാക്കുന്നുണ്ടെങ്കിൽ നമ്മൾ വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടിയെ പോലും നമ്മൾക്ക് വിമർശിക്കേണ്ടതായി വരും. ഇപ്പോഴുള്ള കേരളത്തിലെ അല്ലെങ്കിൽ ഇന്ത്യയിലെ കാലത്തിനനുസരിച്ച് മാറിവരുന്ന രാഷ്ട്രീയത്തിൽ അങ്ങനെയെല്ലാം കാണുന്നുണ്ട്, നമ്മൾ വിശ്വസിക്കുന്ന പ്രസ്ഥാനത്തിൽ പോലും നമ്മൾക്ക് വിശ്വാസം ഇല്ലായ്മ പലപ്പോഴും തോന്നിയേക്കാം. അപ്പൊ അതുകൊണ്ട് നമ്മൾ ഏതെങ്കിലും രാഷ്ട്രീയ സംഘടനയിൽ മാത്രം ഉറച്ചു നിന്നാൽ അവർ കാണിക്കുന്ന കുറവുകൾ നമ്മൾ ഒരിക്കലും ചൂണ്ടികാണിക്കുകയില്ല. നേരെമറിച്ച് മറ്റുള്ള പാർട്ടിക്കാരുടെ കുറവുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. ഇത്തരത്തിൽ ഒരു വിഭാഗത്തിന്റെ കുറവുകൾ ചൂണ്ടിക്കാണിക്കുകയും നമ്മുടേതെന്ന് കരുതുന്ന മറ്റൊരു വിഭാഗത്തിന്റെ കുറവുകൾ മനഃപൂർവ്വം മറച്ചുപിടിക്കേണ്ടതായും വന്ന് കഴിഞ്ഞാൽ അത് നമ്മുടെ പേനയെ അല്ലെങ്കിൽ നമ്മുടെ നാവിനെ അല്ലെങ്കിൽ നമ്മുടെ വിരലിന് ഒരു വിലങ്ങിടുന്ന രീതിയിലേക്ക് മാറും. അപ്പൊ പിന്നെ അയാളെ നമുക്ക് ഒരു സ്വതന്ത്ര എഴുത്ത്കാരൻ എന്ന് വിളിക്കാൻ ആവില്ല.അവിടെ അദ്ദേഹം ഏതെങ്കിലും ഒരു വിഭാഗത്തിന് വേണ്ടി എഴുതുന്ന എഴുത്തുകാരൻ മാത്രം ആയി മാറുകയാണ്. പല സീനിയർ എഴുത്തുകാരും അങ്ങനെയുള്ള രീതിയിലേക്ക് അധഃപതിക്കുന്നത് കാണുമ്പോൾ സങ്കടം തോന്നും. കാരണം നമ്മൾ അവരെ ഭയങ്കരമായി ബഹുമാനിക്കുന്ന ആളുകളായിരിക്കും പക്ഷെ അവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പിന്തുണ ഉണ്ടായിരിക്കാം. അല്ലെങ്കിൽ അവർ അതിലുമാത്രം വിശ്വസിക്കുന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ എഴുതുന്ന ചില കാര്യങ്ങളും അതിനു വേണ്ടി പ്രവർത്തിക്കുന്നതും തെറ്റാണെങ്കിൽ പോലും അതിനുവേണ്ടി സംസാരിക്കുന്നതും കാണുമ്പോൾ നമുക്ക് അവരോട് പോലും വിയോജിപ്പ് തോന്നുന്ന പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എന്നിലെ എഴുത്തുകാരൻ എല്ലാത്തിനെയും ചോദ്യം ചെയ്യാനായി ബാധ്യസ്തനായിട്ടുള്ള ഒരു എഴുത്തുകാരൻ ആണ്. അതുപോലെ തന്നെ വേണം എഴുത്തുകാരൻ എന്നാണ് എന്റെ അഭിപ്രായം. എന്തെന്നുവച്ചാൽ സമൂഹത്തിനോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഒരു വിഭാഗം ആൾക്കാർ കൂടിയാണ് എഴുത്തുകാർ. അപ്പൊ സമൂഹത്തിൽ നമ്മൾ ഒരു വിഭാഗത്തിന്റെ മാത്രം കൊള്ളരുതായ്മ കണ്ടില്ലാന്നു നടിച്ചിട്ട് ബാക്കിയുള്ളവരെ മാത്രം വിമർശിച്ചിട്ട് കാര്യം ഇല്ല. വിമർശിക്കുമ്പോൾ എല്ലാവരെയും വിമർശിക്കണം എല്ലാ തെറ്റിനെയും ചൂണ്ടിക്കാണിക്കണം. അതാണ് ഒരു എഴുത്തുകാരന്റെ ധർമ്മം.

**11.ഓജോബോഡിൽ നിന്നും റാം കെയർ ഓഫ് ആനന്ദി യിലെ കഥാ തന്തുവിലേക്ക് എത്താനുള്ള സാഹചര്യം വിശദമാക്കുക.**

ഓജോബോഡ് എന്ന് പറയുന്നത് എന്റെ മനസ്സിൽ തോന്നിയിട്ടുള്ള കാര്യങ്ങൾ എല്ലാം ചേർത്ത് വച്ചിട്ടുള്ള ഒരു കെട്ട് കഥയാണ് . നേരെ മറിച്ച് ഞാൻ റാം കെയർ ഓഫ് ആനന്ദിയിലേക്ക് എത്തുമ്പോൾ ഞാൻ ചെന്നൈയിൽ ഫിലിം ഇൻസ്ടിട്യൂട്ടിൽ ആണ് പഠിക്കുന്നത്. അപ്പൊ ഈ കഥയിലുള്ള നായകനാണെങ്കിൽ പോലും അതുപോലെ ചെന്നൈയിൽ പഠിക്കാൻ എത്തുന്ന ഒരു നായകനാണ്. അപ്പൊ എന്റെ പല അനുഭവങ്ങളും നായകന്റെ പല അനുഭവങ്ങളാണ്. ഒരു അൻപത് ശതമാനവും നേരിട്ട് കണ്ടിട്ടുള്ള അല്ലെങ്കിൽ നേരിട്ട് അനുഭവിച്ചിട്ടുള്ള അല്ലെങ്കിൽ നേരിട്ട് ഇടപഴകിട്ടുള്ള കഥാപാത്രങ്ങളാണ് ഇതിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത് ബാക്കി അൻപത് ശതമാനം എഴുത്തുകാരന്റെ സ്വതന്ത്ര്യത്തിന് വിട്ടിട്ട് ബാക്കി എല്ലാം സങ്കൽപ്പികം ആയിട്ടാണ് എഴുതിയിരിക്കുന്നത്. അപ്പൊ ഓജോബോഡിൽ നിന്നും റാം കെയർ ഓഫ് ആനന്ദിയിലേക്ക് എത്തുമ്പോൾ ആ ഒരു വ്യത്യാസം ആണ് നമുക്ക് കാണാൻ സാധിക്കുന്നത്.പിന്നെ ഓജോബോഡ് എഴുതുന്ന സമയത്ത് എനിക്ക് വയസ്സ് 17 റാം കെയർ ഓഫ് ആനന്ദി എഴുതുമ്പോൾ എനിക്ക് പ്രായം 27. അപ്പൊ പത്തു വർഷത്തിനിടക്ക് എന്റെ അനുഭവങ്ങൾക്കും ചിന്തകൾക്കും ചുറ്റുപാടുകൾക്കും ഉണ്ടായ മാറ്റങ്ങൾ എന്റെ ഈ മൂന്നാമത്തെ നോവലിലേക്ക് എത്തുമ്പോൾ കാണാൻ സാധിക്കും. എന്റെ എഴുത്തിൽ പോലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പൊ കെട്ട് കഥയിൽ നിന്നും മാറി എന്റെ ജീവിതാനുഭവങ്ങളിലേക്ക് ചുവട് വച്ച ഒരു നീക്കമായിരുന്നു റാം കെയർ ഓഫ് ആനന്ദി.

**12.എഴുത്തുകാരൻ അനുഭവങ്ങൾ ആവിഷ്കരിക്കുന്നു.അതിൽ അവന്റെ അനുഭവങ്ങളോടൊപ്പം ഭാവനായാലും അക്ഷര നിപുണിയാലും സൃഷ്ട്ടി നിർമ്മിക്കുന്നു. ബഷീർ പോലും പറഞ്ഞിട്ടുണ്ടല്ലോ തന്റെ എഴുത്തു വായിച്ചു കുടുതൽ ചിരിച്ചതും കരഞ്ഞതും താൻ തന്നെയാണെന്ന്. കാരണം അതെല്ലാം യഥാർത്ഥ അനുഭവങ്ങൾ ആയിരുന്നു. താങ്കളുടെ രചനകൾ അനുഭവ കേന്ദ്രീകൃതങ്ങൾ ആണോ?. അതിനെ പറ്റി**

ഞാൻ എന്റെ എല്ലാ കൃതികളെ പറ്റിയും പറയുവാൻ ആഗ്രഹിക്കുന്നില്ല, അവസാനത്തെ രചന ആയ റാം കെയർ ഓഫ് ആനന്ദിയിൽ എന്റെ അനുഭവങ്ങൾ ആണ് ഉള്ളത്. ചില സമയങ്ങളിൽ എന്റെ കയ്യിൽ ഒരു നോട്ട് പാഡ് ഉണ്ടായിരിക്കും ഒരു ചെറിയ ഡയറി പോലെ. ആ ഡയറിക്കുള്ളിൽ ഞാൻ എനിക്ക് വളരെ സന്തോഷം ഉള്ള സമയം ആണെങ്കിലും വളരെ സങ്കടം ഉള്ള സമയം ആണെങ്കിലും എന്തെങ്കിലും ഒക്കെ കുറിച്ചിടും. അത് ചിലപ്പോൾ രണ്ട് വരി ആയിരിക്കും ഈ റാം കെയർ ഓഫ് ആനന്ദിയിലെ ചില വാക്കുകൾ ചിലർ കോഡ്സ് ആയി ഇൻസ്റ്റയിലും ഫേസ്ബുക്കിലും പോസ്റ്റ് ചെയ്യുന്നത് കാണുമ്പോഴും റിവ്യൂ പറയുമ്പോൾ അത് എടുത്ത് പറയുമ്പോഴും എനിക്ക് സന്തോഷം ആണ്.എന്തെന്ന് വച്ചാൽ എഴുതുന്ന സമയത്ത് ഞാൻ അനുഭവിച്ച പല കാര്യങ്ങളും ആണ് കഥാപാത്രത്തിന് ഞാൻ കൊടുത്തിരിക്കുന്നത്.അതിന്റകത്ത് കഥാപാത്രം ശരിക്കും വിഷമിച്ചിരിക്കുന്ന സമയത്ത് ഞാൻ എന്റെ ഡയറി തുറന്ന് നോക്കിട്ട് ഞാൻ വിഷമിച്ചപ്പോൾ എഴുതിയത് എന്താണോ അത് നോക്കി അതിനെ കഥാപാത്രവുമായി ചേർത്ത് വച്ച് ചില മാറ്റങ്ങൾ വരുത്തി എഴുതും.അത് വായിച്ചു വരുമ്പോൾ ആ കഥാപാത്രത്തിന്റെ മനസികാവസ്ഥയിലേക്ക് വായനക്കാരൻ പോവുകയും ആ സമയത്ത് ഈ വരി വായിക്കുമ്പോൾ അവന് അത് വളരെ അധികം ഹൃദയ സ്പർശി ആയി മാറുകയും ചെയ്യും. അപ്പോൾ അവൻ ചിലപ്പോൾ ഈ ഒരു വാക്കായിരിക്കാം ഓർത്തു വയ്ക്കുന്നത്. ആ വരി എവിടേലും കാണുമ്പോൾ അവൻ ആ സാഹചര്യവും ഓർത്തു വയ്ക്കും. അതെനിക്ക് വളരെ ഇഷ്ടമുള്ള ഒരു കാര്യമാണ്. അത് ഞാനിപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്ന ഒരു കാര്യമാണ്.എനിക്ക് എന്ത് സംഭവിച്ചാലും അത് നല്ലതായാലും മോശമായാലും ഞാൻ എന്റെ ഡയറിയിൽ എഴുതിയിടും. പിന്നീട് കഥ എഴുതുമ്പോൾ എനിക്ക് അത് ഉപകാരപ്രധമാവുകയും ചെയ്യും

**13.ഇന്ന് ഫോൺ തുറക്കുമ്പോൾ ഒരു പോസ്റ്റിൽ അല്ലെങ്കിൽ സ്റ്റോറിയിൽ താങ്കളുടെ പുസ്തകം കാണാം അല്ലെങ്കിൽ ഒരു പുസ്തക ശാല സന്ദർശിച്ചാൽ താങ്കളുടെ പുസ്തകം മുൻ നിരയിൽ കാണാം കൂടുതൽ ആളുകൾ വായിക്കുന്ന ഒരു മുൻ നിര എഴുത്തുകാരനായി വളരുന്നു എന്ന നിലയ്ക്ക് വായനക്കാരോട് എന്താണ് പറയാനുള്ളത്?**

വളരെ സന്തോഷം ആണ്. ഇപ്പൊ ഈ ഒരു പുസ്തകം ഇറങ്ങി ഒരു ഒന്നര വർഷം ആവാറാകുന്നു.ഇന്നുവരെ ഇൻസ്റ്റാഗ്രാമിൽ ആണെങ്കിലും ഫേസ് ബുക്കിൽ ആണെങ്കിലും ഒരു ദിവസം പോലും എനിക്ക് സ്റ്റാറ്റസ് ഇടാൻ പറ്റാത്ത അവസ്ഥ ഉണ്ടായിട്ടില്ല. ഒരു സ്റ്റാറ്റസ് ഇട്ട് 24 മണിക്കൂർ കഴിയുന്നതിനു മുൻപ് മറ്റൊരാളുടെ റിവ്യൂ വന്ന് അങ്ങനെ ഓരോ ദിവസവും എനിക്ക് സ്റ്റാറ്റസ് ഇടാൻ കഴിയാറുണ്ട് .അത് ഞാൻ കാണുന്നത് എന്റെ വലിയ കഷ്ടപ്പാടിന്റെ ഫലമായിട്ടാണ്. അത് ഒരിക്കലും ഒരു അഹങ്കാരം അല്ല ഞാൻ എന്നിൽ തന്നെ വിശ്വാസം അർപ്പിച്ചതിന്റെ പേരിൽ എനിക്ക് കിട്ടുന്ന ഒരു ഫലമായിട്ടാണ് ഞാൻ കാണുന്നത്. അത് കാണുമ്പോൾ എനിക്ക് വീണ്ടും വീണ്ടും എഴുതാൻ തോന്നും.ഞാൻ എന്തെങ്കിലും ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ അത് എന്നെ കൊണ്ട് തന്നെ സാധിച്ചുവല്ലോ എന്നെനിക്കൊരു ആത്മ വിശ്വാസം ഉണ്ടാക്കുന്നുണ്ടത്. അതിന് എല്ലാത്തിനും ആൾക്കാരോട് കൂടി ഞാൻ നന്ദി പറയുകയാണ്. ആൽക്കാർ ഇത് ഏറ്റെടുത്തില്ലായിരുന്നെങ്കിൽ ചിലപ്പോൾ ഞാൻ വീണ്ടും വീണ്ടും പരിശ്രമിച്ച് കൊണ്ടിരിക്കുമായിരുന്നു.എങ്കിലും ആൾക്കാർ വലിയൊരു കോൺഫിഡൻസ് ആണ് തരുന്നത്.വായിച്ചതിന് ശേഷം അത് അവര് മറ്റുയുള്ളവരിലേക്ക് എത്തിക്കുന്നതും അതുപോലെ പുസ്തക ശാലയിൽ നിൽക്കുന്ന പല ആൾക്കാരും എന്നെ വിളിക്കാറുണ്ട്. എന്റെ പുസ്തകങ്ങൾ വിറ്റ് പോവുന്നതിനെ പറ്റിയും മറ്റും അവര് പറയുമ്പോൾ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം ആണ് എനിക്ക്. അത് ഒരു മുനിര എഴുത്തുകാരൻ എന്ന നിലയിൽ അല്ല ആരും പിന്തുണയ്ക്കാൻ ഇല്ലാത്ത ഒരു ഒരു കുടുംബ പാരമ്പര്യവും ഇല്ലാത്ത ഒരു തീര ദേശ ഗ്രാമത്തിൽ ജീവിക്കുന്ന അഖിൽ എന്ന് പറയുന്ന ഒരു വ്യക്തി എഴുത്ത്കാരൻ ആവണം എന്ന് അതിയായി ആഗ്രഹിച്ച് വീട്ടിലിരുന്ന് സ്വപ്നം കണ്ട ആൾ അത് നേടിയെടുത്തതിലുള്ള ഒ രു എഴുത്തുകാരൻ എന്ന പേര് കിട്ടിയതിലുള്ള സന്തോഷം ആണ് എനിക്കുള്ളത്. വായനക്കാരോട് നന്ദി മാത്രം ആണ് പറയാനുള്ളത്. വായനക്കാരൻ ഇല്ലെങ്കിൽ എഴുത്തുകാരനില്ല. സിനിമ എടുത്താലും കലാപരമായിട്ടുള്ള എന്തായാലും എന്നെ പോലെ പ്രേഷകരുണ്ടെങ്കിൽ മാത്രമേ അവർക്കും നിലനിൽപ്പുള്ളൂ. അപ്പൊ എന്റെ ധൈര്യം എന്റെ വായനക്കാരാണ്. എനിക്ക് തെറ്റ് സംഭവിച്ചാൽ അവര് എന്നെ തിരുത്തും എന്നാണ് എന്റെ വിശ്വാസം. അതുപോലെ എന്റെ എഴുത്ത് നല്ലതാണെങ്കിൽ അവർ അത് മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്യും. വായനക്കാരോട് എനിക്ക് നന്ദി മാത്രമാണ് പറയാനുള്ളത്.

**14.എന്തെങ്കിലും മുൻധാരണകൾ വച്ചാണോ നോവൽ രചന നിർവഹിക്കുന്നത്. പലരും സമൂഹത്തിൽ അവഗണിക്കുന്ന അല്ലെങ്കിൽ മാറ്റിനിർത്തേണ്ടവരാണ് എന്ന് കരുതുന്ന ട്രാൻസ് ജൻഡർ വിഭാഗത്തിനെ പറ്റിയുള്ള തെറ്റായ പൊതുബോധത്തെ മാറ്റിമറിക്കുന്ന റാം കെയർ ഓഫ് ആനന്ദി സമൂഹത്തിനോടുള്ള പ്രതിക്ഷേധം കൂടിയല്ലേ**

A സത്യത്തിൽ ഞാൻ നേരത്തെ പറഞ്ഞത് പോലെ ഞാൻ എന്റെ ഡയറിയിൽ കുട്ടി വയ്ക്കുന്ന ചില കഥാപാത്രങ്ങൾ ഉണ്ട്. കഥാപാത്രങ്ങൾ എന്ന് പറഞ്ഞാൽ ഞാൻ എന്റെ ജീവിതത്തിൽ പരിചയപ്പെടുന്ന ചില വ്യക്തികൾ, ആ വ്യക്തികൾ ചിലപ്പോൾ സമൂഹത്തിൽ ഇതുപോലെ ചൂഷണം ചെയ്യപ്പെടുന്നവരോ സമൂഹത്തിൽ മാറ്റി നിർത്തപ്പെടുന്നവരോ ഒക്കെ ആയിരിക്കും. അപ്പൊ റാം കെയർ ഓഫ് ആനന്ദി എഴുതുന്ന സമയത്ത് ചെന്നൈയിൽ ഇതുപോലെ ഉള്ള വ്യക്തികളെ ഞാൻ കാണുകയും പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. അപ്പൊ തീർച്ചയായും അവർ ആ കഥയിൽ ഇല്ലെങ്കിൽ അതിനൊരു പൂർണത ഉണ്ടാവും എന്ന് എനിക്ക് തോന്നുന്നില്ല . അവർ കൂടി വന്നാലേ ആ കഥ പൂർണമാവൂ എന്നെനിക്ക് തോന്നിയപ്പോഴാണ് അതിൽ മല്ലി എന്ന കഥാപാത്രത്തെ ഞാൻ ഉൾക്കൊള്ളിക്കുന്നത്. അതുപോലെ തന്നെഎനിക്ക് മനസ്സിൽ തട്ടിയിട്ടുള്ള ഒരു കാര്യമാണ് ഈ പ്രായമായവരുടെ ഒറ്റപ്പെടൽ, അങ്ങനെയാണ് അതിന്റകത്ത് കോളഞ്ചിയമ്മാൾ എന്ന പാട്ടിയുടെ കഥാപാത്രം വരുന്നതും അതിന്റകത്തെ ഒരു ചാപ്റ്ററിൽ പ്രായമായവരുടെ ഒറ്റപ്പെടലിനെ പറ്റി സംസാരിക്കുന്നതും.

നമ്മൾ പോലും പലപ്പോഴും ചിന്തിക്കാത്ത അല്ലെങ്കിൽ നമ്മൾ പോലും ശ്രദ്ധിക്കാത്ത പല കാര്യങ്ങളും അവരുടെ ജീവിതത്തിൽ നടക്കുന്നുണ്ട് എന്ന് സമൂഹത്തിനോട് പറയാൻ എനിക്ക് തോന്നി. അങ്ങനെയുള്ള പല കഥാപാത്രങ്ങളുടെ ഒരു മിക്സ് ആണ് ഇതിന്റകത്ത് നടന്നിട്ടുള്ളത്. ഞാൻ കണ്ടുമുട്ടിയിട്ടുള്ള പല കഥാപാത്രങ്ങളും അതിന്റകത്ത് ചിലപ്പോൾ ചെന്നൈയിൽ വച്ച് എക്സ്പീരിയൻസ് ഇല്ലാത്ത ചില കഥാപാത്രങ്ങൾ പോലും വന്നിട്ടുണ്ട്. അത് മുൻധാരണയല്ല ഇതുപോലുള്ള ഒരുപാട് വ്യക്തികളെ പരിചയപ്പെടുകയും അവരോട് ഓപ്പൺ ആയി സംസാരിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് ഞാൻ. അതു കൊണ്ട് തന്നെ എന്റെ ഡയറിയിൽ ഇഷ്ട്ടം പോലെ കഥാപാത്രങ്ങൾ ഉണ്ട്. ഒരു കഥയുമായി യോജിച്ചിട്ടുള്ള കഥാപാത്രം ആണെങ്കിൽ ഞാൻ അവരെ ആ കഥയിൽ ഉൾക്കൊള്ളിക്കും. അങ്ങനെ മറ്റുള്ളവരിലേക്ക് അല്ലെങ്കിൽ സമൂഹത്തിലേക്ക് ഞാൻ അവരെ അങ്ങ് ഇറക്കിവിടും. എന്നിട്ട് സമൂഹത്തിൽ എന്താണ് നടക്കുന്നത് എന്ന് ഞാൻ നോക്കും. ഇപ്പൊ ഈ റാം കെയർ ഓഫ് ആനന്ദി വായിച്ചിട്ട് പലർക്കും ട്രാൻസ്ജൻഡേഴ്സിനോടുള്ള തെറ്റ് ധാരണകൾ മാറി എന്ന് എനിക്ക് റിവ്യൂ കിട്ടുമ്പോൾ എനിക്ക് വളരെ അധികം സന്തോഷം ഉണ്ടാകാറുണ്ട്. അതിപ്പോ ഒരാളെങ്കിൽ ഒരാൾ നമ്മൾ ചിന്തിക്കുന്ന അല്ലെങ്കിൽ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അവരുടെ ജീവിതത്തിൽ ആവർ പ്രവർത്തികമാക്കി അല്ലെങ്കിൽ അത് ചിന്തിച്ച് അവരുടെ ചിന്തകൾ തന്നെ മാറ്റി മറിച്ചു എന്ന് പറയുന്നതിൽ പരം സന്തോഷം വേറെ ഇല്ല. അതുകൊണ്ട് ഇനിയും ഞാൻ സമൂഹത്തിനോടുള്ള പ്രതിക്ഷേധം അല്ല സമൂഹത്തിനോടുള്ള അഭ്യർത്ഥന എന്ന നിലയിൽ എന്റെ കഥാപാത്രങ്ങളെ ഉണ്ടാക്കി വിട്ടുകൊണ്ടിരിക്കും. അത് സമൂഹത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിൽ എനിക്ക് സന്തോഷം.





## **15.** സാഹിത്യലോകത്തിൽ ഇനി വരാനിരിക്കുന്ന താങ്കളുടെ ഭാവി എഴുത്തുകളെ പറ്റി

ഭാവി എഴുത്തുകൾ എന്ന് പറയുമ്പോൾ ഞാൻ അങ്ങനെ ചിന്തിച്ച് കൂട്ടി വെക്കുന്നില്ല ഞാൻ നേരത്തെ പറഞ്ഞത് പോലെ കൊറേ കഥാപാത്രങ്ങളും കൊറേ സന്ദർഭങ്ങളും ഇങ്ങനെ എടുത്തു വച്ചിട്ടുണ്ട് എന്നല്ലാതെ ഒരുപാട് കഥകൾ അങ്ങനെ ഞാൻ ആലോചിച്ചു വെക്കാറില്ല. എനിക്ക് ഒരു ത്രെഡ് തോന്നിക്കഴിഞ്ഞാൽ അതിപ്പോ ഞാൻ സഞ്ചരിക്കുമ്പോൾ ഒരു സ്ഥലത്ത് വച്ചിട്ടാണ് എനിക്ക് ആ ഒരു ഗ്രാമം ഇഷ്ട്ടപെട്ടത് അല്ലെങ്കിൽ അവിടുള്ള ഒരു കഥ ഇഷ്ടപ്പെട്ടത് എന്നാൽ ചിലപ്പോൾ ഞാൻ എങ്ങനെയെങ്കിലും അവിടെ പോയി താമസിക്കും. എന്നിട്ട് ആ നാട്ട് കാരെ പറ്റിയും ആ വിഷയത്തെ കുറിച്ചും ഒക്കെ പഠിച്ച് അവരുടെ ശൈലിലികളെ ഉൾക്കൊള്ളും.അങ്ങനെ കൊറച്ച് കാര്യങ്ങളും ത്രെഡുകളും എടുത്തു വച്ചിട്ടുണ്ട്. അത് ഒരു പൂർണതയിൽ മനസിൽ കിടന്ന് ഇങ്ങനെ വളർന്ന് വരണം. ഒരു കുട്ടിയുടെ വളർച്ച പോലെ ആണത് ഒരു കുട്ടി പത്തു മാസം കൊണ്ടാണ് ഉദരത്തിൽ വളരുന്നതെങ്കിൽ ഇത് വർഷങ്ങളോളം മനസ്സിൽ കിടന്നായിരിക്കും എഴുത്തുകാരുടെ കുട്ടികളായിട്ടുള്ള കലാസൃഷ്ട്ടികൾ വളരുന്നത്. അതിപ്പോ ഓരോ കുട്ടികൾക്കും ഓരോ കാലഘട്ടം എന്നത് പോലെ ഫിക്സ്ഡ് ആയിട്ടുള്ളത് ഇല്ല. അതുപോലെ എന്റെ ഫസ്റ്റ് നോവൽ ഒന്നര വർഷം കൊണ്ട് എഴുതിയത് രണ്ടാമത്തെ നോവൽ എട്ട് വർഷം കൊണ്ട് എഴുതിയത് മൂന്നാമത്തെ നോവൽ രണ്ട് വർഷം കൊണ്ട് എഴുതിയത്. അതുപോലൊരു ഡിഫറെൻസ് ആണ് എല്ലാത്തിനും ഉണ്ടാകുന്നത്. അതുപോലെ കൊറേ വിത്തുകൾ പാകിയിട്ടുണ്ട്. അതെല്ലാം വളർച്ചയിൽ എത്തണം. വളർച്ചയിൽ എത്തിയ മാത്രമേ എനിക്ക് ഭാവി എഴുത്തുകളെ പറ്റി പറയാൻ പറ്റൂ. തല്ക്കാലം ഞാനിപ്പോൾ എഴുതുന്നതിൽ ഈ മൂന്നു നോവലിൽ നിന്നും വ്യത്യസ്തമായ വേറൊരു വിഷയമാണ് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നത്. അത് പൂർണതയിലേക്ക് എത്താൻ എത്ര നാൾ എടുക്കുമെന്ന് അറിയില്ല.

# നിർമിതി

മാതൃകയിലെ ആകാരം നോക്കി
സ്തൂപങ്ങളെ നോക്കി
അവർ വ്യാഖ്യാനിച്ചു
ഗ്യാൻവാപികളുടെ ശിരസ്സി നെ
ഒഴിഞ്ഞ ഖബറിടങ്ങളിൽ.
യാത്രികർ കണ്ട് പിരിയുന്നു
മുഷിഞ്ഞ ഭാണ്ഡങ്ങളിൽ നിന്ന്
എന്തോ പുകയുന്നു
കറുത്ത മണ്ണ്
അളിഞ്ഞ ശവങ്ങൾക്കു മീതെ
ചുവന്ന
ആശോകത്തിന്റെ അവസാനയിതൾ
ഇനിയൊരിക്കൽ കൂടി ,
വരണ്ട മുഖങ്ങളി ൽ
ഇസ്റാഫീലിന്റെ സൂർമുഴങ്ങുന്നു
പുക മറയിൽ
കറുത്തമണ്ണ്
അളിഞ്ഞ ശവങ്ങൾക്കു മീതെ
മഞ്ഞ ഇതളുകൾ
വ്യാഖ്യാനങ്ങളി ൽ അവർക്ക്
ഭൂമിയില്ലാതെ
മരങ്ങൾക്ക് പിറകെ
മാറണമെന്നുണ്ടായിരുന്നു
എന്തോ മുഷിഞ്ഞ്നാറുന്നു
ഓ അവരെന്തോ തിരയുന്നു
പൊളിഞ്ഞ കബറിന്റതാഴെ
അസ്ഥിതിരയുന്ന അന്ധമൃഗങ്ങളെ
പ്പോലെ
ശൂന്യതയി ൽ പരതുന്നു
കരൗളിയിലെ തലതാഴ്ത്തലുകൾ
ഓ
എന്തോ അനാഥമാവുന്നുണ്ട്
നിറം മങ്ങിയ മനുഷ്യരുടെ
മുഖങ്ങൾപോ ലൊന്ന്.



ജിഷ്ണു ടി. പി
മലയാളവിഭാഗം
2021–2023



# The Long Haired Girl

Veena was reluctant to get up in the early morning. She loves to go to school, but what makes her tiresome was the preparation before going to school. For her school is a heaven. But she simply hates others calling her balu.in Hindi bal means hair. Veena has long beautiful hair, through which she was distinguished from the other girl of the same name. There were two veena in her class.

As usual she got up early in the morning. She simply looked down on the bedsheet. Her black hair was seen all over the bedsheet. Putting so much effort to clean the bedsheet made her tiresome. After which she ran into the bathroom, and had a quick bath.Everyone at school were jealous about her long hair, but for her combing the hair seemed to be the most difficult task.Many a times she thought about cutting the hair, but her mom will scold her. She thought that the people with short hairs are the luckiest people in the world.

After taking bathe the hair was somehow combed and braided on both sides and tied tightly with a bush

Meanwhile she heard her amma calling. She wanted to respond, but again she saw black hairs fallen on the white floor, which made her agitated.Her favourite dish dosha and chutney was ready. She poured some chutney into the dosha and started eating. She suddenly noticed a thread of hair floating in the curry. Veena spat out all the food that she had eaten. And screamed.

"One day I will cut all this hair and throw it away. Nuisance ! How lucky the boys are!

Her mom came seeing her daughter agitated:

"Veena, why are you making so much noise. It is your mistake that you don't know how to maintain your hair. And don't blame others for your laziness. Long hair is a boon for girls. And you fool longs to cut it and throw it away! It is easy to find groom for girls with long hair, because long hair adds beauty , you know? "

Veena was not at all interested in continuing such a nuisance talk. So she quit. Veena was agitated because of her long hair.

Throughout her way to bus stop she thought about the same thing.

"How it becomes easy to find grooms for girls with long hair? Will the groom pardon if get a thread of hair from the food that he eats? "
The bus has arrived as soon as she reached at the bus stop. The bus was over crowded. When reached at the school stop she struggled to get her hair out of the bus. Some how she managed it. At her class everyone was happy to know that a study tour is being planned. Veena was contemplating on the things that are to be packed up before going for tour. The first thing that came in her mind was the hair care products. So she lost all her interest.She retained her presence of mind when Vidya teacher informed that those who are interested in hair donation have to report immediately .Some people, under a charity organization are waiting for the student's response. Out of these they will make Whig for cancer patients. Hearing this veena screamed out "I am ready" The whole class looked her. The teacher didn't hesitate to congratulate her for her generosity. Veena went along with the teacher and once more informed her willingness. Till now she didn't think seriously about cutting her hair because none of her reasons were not justifiable. But now there is a justifiable reason. So she made the right decision. When the scissors moved through her hair she felt a unique joy which was never ever experienced before:

"From today onwards no worry regarding the hair. I can save my time. Now I'm free. Short hair can provide long lasting happiness and I can now convince my mom with a reasonable reason – at this moment I am the Happiest person in the world"

At school everybody admired her generosity. But Veena with a smile inside thought that "more than them it was my need."



*Anusree K*
*English optional*
*2021-2023*





Akshaya A V
Natural Science Optional
2021-2023








Jinisha John
English Optional
2021-2023





Ayana K
Physical Science Optional
2020-2022

# കൊയ്ത്

ചുറ്റുമുള്ളതിനെ വെട്ടിയൊതുക്കി ലോകം വികസിച്ച് ഒരുനാൾ
മാനത്തോടടുക്കുമ്പോൾ
നക്ഷത്രങ്ങൾ പറയുമത്രെ ഉണ്ടാക്കിയവന് ഉപയോഗിക്കാൻ
യോഗമില്ലല്ലോ എന്ന് ।






ജുവൈരിയ എം എൻ
സോഷ്യൽ സയൻസ് വിഭാഗം
2020-2022


# മരണം

കണ്ണുകളെ കാർമേഘം മൂടുമ്പോഴും
വഴികൾ ശൂന്യമാകുമ്പോഴും
കാലുകൾ ചലനമൊഴിയുമ്പോഴും
ഓർമകളിൽ ചിതലരിക്കുമ്പോഴും
ഞാൻ ഇന്നും അവരോട് യുദ്ധത്തിലാണ്






ജീന സജിത്ത് എം
നാച്ചുറൽ സയൻസ് വിഭാഗം
2020-2022

# ആർദ്രം

ഒറ്റപ്പെടലിന്റെ നിരാകരണത്തിന്റെ ആസക്തിയുടെ കനലുകൾ കെട്ട് ജീവിതം ശൂന്യതയുടെ പാതയിൽ എത്തിയിരിക്കുന്നു. സ്വപ്നങ്ങളില്ല, നഷ്ടങ്ങളും ഉത്കണ്ഠകളും മാത്രം അവശേഷിക്കുന്നു. ഭൂതകാലത്തിന്റെ മൂടുപടങ്ങൾക്കു പിന്നിൽ രക്തദാഹിയായ രാക്ഷസൻ ഒളിഞ്ഞിരിക്കുന്നതായി അവൾക്ക് തോന്നി.

ഇടിഞ്ഞുവീഴാറായ കെട്ടിടത്തിന്റെ പായൽ പിടിച്ച പടികളിൽ കാലുറപ്പിച്ച് ചേരിയിലെ കുട്ടികൾ പട്ടം പറത്തുന്നത് മായ നോക്കിയിരുന്നു. ഇരു നിറമുള്ള ചെറിയ പെൺകുട്ടി തന്റെ കുഞ്ഞു വയറു കുലുക്കി ഓടുന്നതിനിടെ അവളെ നോക്കി നിഷ്കളങ്കമായി പുഞ്ചിരിച്ചു. മായയുടെ ചുണ്ടുകൾ ചിരിക്കാൻ പോലും മറന്നിരിക്കുന്നു. അവൾ നിർവികാരപൂർവ്വം നിശ്ചലമായി നിന്നു. വാതിൽപടിയിൽ തല ചായ്ച്ചുകൊണ്ട് മായയുടെ ചിന്തകൾ ഭൂതകാലത്തിലേക്ക് ആഴ്ന്നിറങ്ങി. സ്നേഹത്തിൻറെ ധ്വനി പകർന്നുകൊണ്ട് ഒരു ഹൃദയ താളം അവളുടെ കാതുകളിൽ മുഴങ്ങി. പതിയെ അത് അവളുടെ നെഞ്ചിടുപ്പുമായി ചേർന്നു. നാളുകൾക്കു ശേഷം കാറ്റിന്റെ ഇളം കുളിർ മേനിയെ പുണരുന്നതായി അവൾ അറിഞ്ഞു. ചെറിയ മന്ദസ്മിതത്തോടെ മുന്നിൽ അച്ഛന്റെ മുഖം തെളിഞ്ഞു വന്നു. പൊടുന്നനെ വയറിന്റെ ഉള്ളിൽ നിന്നുമൊരു ചവിട്ട്. അത് മായയെ വർത്തമാനകാലത്തിന്റെ ബോധ തലങ്ങളിലേക്ക് ഉണർത്തി. വാത്സല്യപൂർവ്വം നിറവയറിനെ സ്പർശിക്കാൻ മടിച്ച് അവളങ്ങനെ നിന്നു. കാലഹരണപ്പെട്ട ഓർമ്മകളുടെ ബാക്കിപത്രമായിമാത്രം അവളതിനെ വഹിക്കുന്നതായിതോന്നി. പ്രണയം ആത്മാവിന്റെ ഓരോ അണുവിലും ഉന്മാദം നിറച്ച കുറച്ചു നാളുകൾ. എന്നാൽ അവന്റെ കാമം അവളുടെ ശരീരത്തിൽ പെയ്തൊഴിയുന്നതുവരെ മാത്രമേ അതിനു ആയുസ്സുണ്ടായിരുന്നുള്ളു. ഒരിക്കൽ അച്ഛൻ അവളെ തേടി വന്നപ്പോൾ അവന്റെ കയ്യും പിടിച്ച് നടന്നകന്നത് അവളോർത്തു. കണ്ണുകൾ ആർദ്രമായി. സ്നേഹവും വാത്സല്യവും നിഷ്കളങ്കതയും കലർന്ന അച്ഛന്റെ നോട്ടം ഹൃദയത്തിൽ കാരിരുമ്പു പോലെ പതിച്ചു കൊണ്ടേയിരുന്നു. നിർമലതയുടെ ദിനരാത്രങ്ങൾക്കിപ്പുറം ഒരു വാക്കു

മാത്രം അവശേഷിക്കുന്നു 'പിഴച്ചവൾ'.
ഉള്ളിൽ വിതയ്ക്കപ്പെട്ട ബീജത്തിന്റെ വളർച്ച അവളിൽ ഭീതി ജനിപ്പിച്ചു കൊണ്ടേയിരുന്നു. വലിഞ്ഞുമുറുകിയ രക്തധമനികൾ ഹൃദയത്തെ ഞെരിച്ചമർത്തി. മനസ്സും ശരീരവും ബുദ്ധിക്കും യുക്തിക്കും നിയന്ത്രണാതീതമായി മാറി. മായയുടെ ഉള്ളിൽ വലിയൊരു യുദ്ധം പൊട്ടിപ്പുറപ്പെട്ടു. സംഘർഷങ്ങൾക്കു നടുവിൽ അനാഥത്വം പേറിയുള്ള ജീവിതം അവൾ വെറുത്തു. ജരാനരകൾ ബാധിച്ച സ്വപ്നങ്ങളെ മണ്ണിട്ടുമൂടി ബലികഴിപ്പിക്കാൻ അവൾ തീരുമാനിച്ചു.
പെരുവിരലിൽനിന്ന് ശരീരത്തിലേക്ക് ഊർജ്ജം ഇരച്ചുകയറിയതായി മായയ്ക്കുതോന്നി. അവൾ മെല്ലെ ഇരുട്ട് നിറഞ്ഞ മുറിയിലേക്ക് നടന്നു. അപരാധിയായി നിന്നുകൊണ്ട് ആദ്യമായി വയറിനെ സ്പർശിച്ചു. സ്നേഹപൂർവ്വം ക്ഷമാപണം അറിയിച്ചു. സാരിതലപ്പ് കഴുത്തിലേക്ക് മുറുക്കാൻ ധൈര്യം സംഭരിച്ചുകൊണ്ട് ജീവിതത്തിലെ മധുരമായ നിമിഷങ്ങൾ മനസ്സിലേക്ക് ആവാഹിച്ചു. അവളുടെ കണ്ണുകൾ കലങ്ങി, നീർധാര കവിളിനെ ഉമ്മവെച്ചു. ഒരു ശരീരത്തിലെ രണ്ടു ഹൃദയമിടിപ്പുകളുടെ ആഘാതം കൂടിവന്നു. കണ്ണുകളടച്ച് പതിയെ കാലുകൾ ഉയർത്താനായി ആഞ്ഞു . ഒരു നനുത്ത സ്പർശം... അതിൻറെ ചൂട് അവൾ തിരിച്ചറിഞ്ഞു. അച്ഛാ... പ്രതീക്ഷയോടെ അവൾ മന്ത്രിച്ചു.





അക്ഷയ എ വി
നാച്ചുറൽ സയൻസ് വിഭാഗം
2021–2023



# അതിജീവിത

ജരാനരകൾ ബാധിക്കാൻ മാത്രമായിട്ടവൾക്ക്
പ്രായമേറെയില്ല, എന്നിരുന്നാലും
പത്തിരുപത്തഞ്ചോളം ആണ്ടുകൾ
താണ്ടിയെന്നാ ക്ഷീണിച്ച കണ്ണുകൾ ഓർമിപ്പിച്ചു

സൂര്യൻ തന്റെ ജനാലയ്ക്കൽ ഉദിക്കുമെന്നും,
പോക പോകെ ഇരുട്ടുമെന്നും അവൾക്കറിയാം
ചതിയും വഞ്ചനയും പുത്തരിയല്ലാത്തൊരീ
ലോകത്തിൽ കാതും കണ്ണും കൂർപ്പിച്ചിറങ്ങിയ-
വളിൽ ഒരുവളായിരുന്നു അവളും
പാതിക്കുമുമ്പേ പടിക്കലെത്തിയവൾ!

എന്നിട്ടെന്തേ വിശുദ്ധയ്ക്കും വേശ്യയ്ക്കും
ഒരേ രുചിയെന്നാരോ പറഞ്ഞന്നു
രാത്രിയിൽ ശവമായി തീർന്നവൾക്കാശ്വാസമേകാൻ
ഉയിരെന്നു ഉരിയാടോർക്കായതേയില്ല..
അവളിന്ന് പറഞ്ഞു.. ഞാൻ വിധിക്കും
എന്റെ സ്വപ്നങ്ങളിലെ കരടുകൾക്ക് വിധി
മനസ്സ് മരിക്കാത്തിടത്താണ് എന്റെ വിജയം.



ഇന്ദുകുമാരി യു കെ
നാച്ചുറൽ സയൻസ് വിഭാഗം
2021-2023

# പലായനം

തോരാതെ പെയ്യുന്ന മഴ നോക്കി കൈകൊട്ടി ചിരിക്കുന്ന നാലു വയസ്സുകാരി പെൺകുട്ടി. അകത്തിരിക്കുന്ന അമ്മയുടെ കണ്ണുവെട്ടിച്ച് കടലാസ് തോണിയുമെടുത്തു പടിയിറങ്ങി അവൾ മിറ്റത്തേയ്ക്കിറങ്ങി. "മഴ വന്നാ മാണ്ടായി വരും പറഞ്ഞിണ്ട് അമ്മ. എന്നാപ്പിന്നെ ഒന്ന് കാണണോല്ലോ ആ സാധനത്തിനെ" എന്നാലോചിച്ചു വെള്ളത്തിലേയ്ക്കിറങ്ങിയതും മാന്ത്രിക വടി വീശി മാണ്ടായി ഗർജ്ജിച്ചു. പേടിച്ചകത്തേയ്ക്കോടിയ അവളെ കാത്ത് ഒരു കുഞ്ഞു പുതപ്പ് കയ്യിലെടുത്തു കൊണ്ട് അമ്മ കട്ടിലിൽ ഇരിപ്പിണ്ടായിരുന്നു. "അമ്മേടെ പൊതപ്പിനടീൽ കേറാൻ ഒരു മാണ്ടായീ ബെരൂല".

പെട്ടെന്നൊരു മുഴക്കം കേട്ട് അവൾ ഞെട്ടിയുണർന്നു. മാണ്ടയിയേക്കാൾ പതിന്മടങ്ങു ശക്തിയിൽ രാക്ഷസ ഷെല്ലുകൾ പതിക്കുന്ന ശബ്ദം ഹൃദയവാൽവുകളെ കടന്നാക്രമിച്ചു. ബങ്കറിനുള്ളിലെ തണുത്ത നിലത്തുനിന്ന് എഴുന്നേറ്റ് ചുറ്റും നോക്കി. ആയിരക്കണക്കിന് മനുഷ്യർ തിങ്ങിനിറഞ്ഞിരിക്കുന്നു. റഷ്യ-ഉക്രൈൻ യുദ്ധം തുടങ്ങിയിട്ട് ഇന്നേക്ക് അഞ്ചു നാൾ കഴിഞ്ഞു.ആഘോഷപൂർണമായിരുന്ന ദിനങ്ങളും നഗരികളും കത്തിതുടങ്ങിയിട്ടു അഞ്ചു ദിനം. അത് അഞ്ചു വർഷം പോലെ ദൈർഘ്യമേറിയതായിരുന്നു. ആദ്യത്തെ മൂന്നു ദിവസം അപകടസൂചന ലഭിക്കുമ്പോൾ മാത്രമേ ബങ്കാറിലേക്ക് വന്നിരുന്നുള്ളൂ. പരിമിതമായ അളവിലുള്ള ഭക്ഷണവും വെള്ളവും കൊണ്ട് പിടിച്ചു നിന്നു. കാട്ടിലെ സിംഹത്തിനു ഓരോ ദിനവും ഓരോ മൃഗത്തെ ഇരയായി കൊടുക്കാൻ പറഞ്ഞ പോലെ, വിശപ്പെന്ന ചെകുത്താനു മുന്നിൽ പിടിച്ചു നിൽക്കാൻ പറ്റാതെ ഞങ്ങൾ സുഹൃദ് സംഘത്തിലെ ഓരോരുത്തരെയായി ഓരോ ദിനവും ഭയപ്പാടിന്റെ സിംഹമടയിലേക്കെന്ന പോലെ പുറത്തേക്കയച്ചു.ആവശ്യസാധനങ്ങളുടെ കടകൾ പലതും അടഞ്ഞു കിടക്കുന്നു. തുറന്നിരിക്കുന്നവയ്ക്കു മുന്നിലുള്ള ആൾക്കൂട്ടം നിയന്ത്രണാതീതവും.

പല ഭാഷ സംസാരിക്കുന്ന, വ്യത്യസ്ത പ്രായത്തിലുള്ള, പല വിശ്വാസങ്ങളെമുറുകെപ്പിടിക്കുന്ന ഒത്തിരി മനുഷ്യർ ഇവിടെ ജീവനും കയ്യിൽ പിടിച്ചുകൊണ്ട് ഒന്നിച്ചിരിക്കുന്നു. പല കണ്ണുകളിലും പല ഭാവങ്ങൾ. ചിലരിൽ ദൈന്യത, കുഞ്ഞുങ്ങളിൽ നിഷ്കളങ്കത, ചിലർ പ്രാർത്ഥനയോടെ നല്ല മാറ്റങ്ങൾക്കായി പ്രതീക്ഷിക്കുന്നു. ദൈന്യതയോടെ യജമാനനെ നോക്കി നിൽക്കുന്ന വളർത്തുനായകളും ഇക്കൂട്ടത്തിലുണ്ട്. ചിലരുടെ കണ്ണിൽ പ്രതിഷേധത്തിന്റെ അഗ്നികളാണ്. യുദ്ധത്തിന്റെ രാഷ്ട്രീയതയോടുള്ള വെറുപ്പ് അവർ വാക്കുകളിലും പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. സ്ഥിതി വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഭക്ഷണവും വെള്ളവും തീരാറായി. പ്രാഥമിക കൃത്യങ്ങൾക്കുള്ള സൗകര്യങ്ങളും പരിമിതം. അവശതയും പനിയും വ്യാപിച്ചു തുടങ്ങി. ഇനിയും എത്ര മണിക്കൂർ ഇങ്ങനെ ജീവൻ നിലനിർത്താം എന്നതിൽ യാതൊരു ഉറപ്പുമില്ല.ചിന്തകൾ ഇങ്ങനെ കാടുകയറി തുടങ്ങിയപ്പോഴാണ് പാകിസ്ഥാനി സുഹൃത്ത് സിമ്രാൻ ഓടി വന്നത്. "രേണു, നമ്മൾ ഇന്ന് തന്നെ ഇവിടെ നിന്നിറങ്ങണം എന്ന് ഗവണ്മെന്റ് അറിയിച്ചിട്ടുണ്ട്. അല്ലെങ്കിൽ ഒരുപക്ഷെ നമ്മുടെ രാജ്യത്തെ ഗവണ്മെന്റിന് നമ്മളെ സഹായിക്കാൻ പറ്റി എന്ന് വരില്ല. യുദ്ധം താൽക്കാലികമായി നിർത്തുകയാണ്. ഇനി

മണിക്കൂറുകൾക്കുള്ളിൽ നമ്മൾ മെട്രോയിൽ എത്തണം.ഇത്രയും വിവരങ്ങൾ നിങ്ങളുടെ രാജ്യത്തെ ന്യൂസ് റിപ്പോർട്ടേഴ്സ് അറിയിച്ചിട്ടുണ്ട്''. ഈ അവസ്ഥയിൽ എങ്ങനെ മെട്രോ വരെ എത്തും എന്ന് അറിയില്ലെങ്കിലും സിമ്രാന്റെ മുഖത്ത് നല്ലൊരു പ്രതീക്ഷ കാണാമായിരുന്നു. ഈ യാത്ര തുടങ്ങുമ്പോൾ ഞങ്ങളുടെ ഉക്രൈൻ അയൽവാസി ഞങ്ങളെ യാത്രയാക്കിയത് പ്രതീക്ഷയും നിരാശയും കലർന്ന വാക്കുകൾ കൊണ്ടായിരുന്നു. ''നിങ്ങൾ ധൈര്യമായി പോകു. നിങ്ങൾക്ക് തിരിച്ചു പോകാൻ ഒരിടമെങ്കിലും ഉണ്ട് മക്കളെ. എന്നാൽ ഞങ്ങളിനി എങ്ങോട്ട് പോകും എന്നറിയില്ല''. പറഞ്ഞു തീരും മുമ്പേ വേറൊണിക്കയുടെ വാക്കുകളെ ഒരു വിങ്ങൽ ഉടക്കി നിർത്തി. ഇനി രണ്ടു മണിക്കൂർ കൂടി. ഞങ്ങൾ നടന്നു തുടങ്ങിയിട്ട് ഏകദേശം ആറ് മണിക്കൂർ പിന്നിട്ടു. മൈനസ് ഡിഗ്രി തണുപ്പും അവശതയും ഷെല്ലുകളുടെ ഭയാനകമായ ശബ്ദവും ഞങ്ങളെ തളർത്തിയില്ല.

മെട്രോ സ്റ്റേഷൻ ജനസമുദ്രമായിക്കഴിഞ്ഞിരുന്നു.കാത്തിരിപ്പിനോടുവിൽ വന്ന ട്രെയിനിലേക്ക് ഇരച്ചുകയറാൻ തുടങ്ങിയപ്പോൾ, ഉക്രൈൻ പൗരന്മാർ മാത്രം എന്നു പറഞ്ഞുകൊണ്ട് പട്ടാളക്കാർ ഞങ്ങളെ മാറ്റിനിർത്തി.സിമ്രാന്റെ മുഖത്തെ പ്രതീക്ഷ അസ്തമിച്ചു. ഞങ്ങൾക്കിടയിലൂടെ ഉക്രൈൻ പൗരരായ യുവ ദമ്പതികളും അവരുടെ രണ്ടു വയസ്സുകാരി മകളും ഓടിക്കയറി.എന്നാൽ വിധി അവരുടെ പ്രതീക്ഷകളും തകർത്തുകളഞ്ഞു. ഉക്രൈൻ പുരുഷന്മാർ രാജ്യത്തിനു വേണ്ടി യുദ്ധത്തിനിറങ്ങുക എന്ന നിർബന്ധിത പട്ടാളനയം.പട്ടാളക്കാർ അയാളെ കൊണ്ടുപോയി. ഈ പലായനത്തിൽ കൂടെ കൊണ്ടുവന്ന വിലമതിക്കാനാവാത്ത പലതും ആ അമ്മയ്ക്ക് വഴിയരികിൽ ഉപേക്ഷിക്കേണ്ടി വന്നു. എന്നാൽ സ്വന്തം ജീവിതം തന്നെ ഈ വഴിയോരത്തു ഉപേക്ഷിച്ചു ജീവനെ മാറോടടക്കിപ്പിടിച്ചു പോകേണ്ടിവരുമെന്ന് അവൾ കരുതിയില്ല.കൂടെ വരാതെ പോകുന്ന പപ്പയെ വിളിക്കുന്ന ആ പിഞ്ചുകുഞ്ഞിൽ നിന്നും കണ്ണുനീർ മറച്ചുവെക്കാൻ അവൾ പാടുപെടുന്നുണ്ടായിരുന്നു. ഉള്ളിലെവിടെയോ ഒരു വിങ്ങൽ നിറഞ്ഞു.ഇനി എന്ത് ചെയ്യണമെന്നറിയാതെ കാത്തിരിപ്പു തുടർന്നു. കൂട്ടുകാരിൽ ചിലർ ഇന്ത്യൻ പതാക കയ്യിൽ പിടിച്ചു നിന്നു. അതിലൊരാൾ സിമ്രാനായിരുന്നു. വരുന്ന വഴിയിൽ കണ്ട ഒരു ഭ്രാന്തൻ പാടിയ ചില വരികൾ മനസ്സിൽ തെളിഞ്ഞു വന്നു. ''മഞ്ഞ മരുഭൂവും വെള്ള മഞ്ഞും പച്ചക്കാടും നീലക്കടലും മാത്രമീ ഭൂവിന്നതിരുകൾ.മറ്റെല്ലാം മാനുഷ യുദ്ധതിന്നായി...''ചരിത്ര പുസ്തകങ്ങളിൽ മാത്രം കണ്ട യുദ്ധം ഈ ദിനങ്ങൾ കൊണ്ട് ഞാനറിഞ്ഞു. ചരിത്രത്താളുകളിൽ ചില വരികൾ മാത്രമായേക്കാവുന്ന ഈ പാലായനത്തിൽ ഒരു ബലിയാടാവാൻ വയ്യ. ഞാനും പോകുന്നു. ''ചിലപ്പോൾ ഈ പുതപ്പിനുള്ളിൽ മാണ്ടായി കേറൂല്ലായിരിക്കും'' മനസ്സിലിരുന്ന് ആ നാലുവയസ്സുകാരി മന്ത്രിച്ചു.



**നിഹ പദ്മനാഭൻ**
**ഫിസിക്കൽ സയൻസ് വിഭാഗം**
**2021–2023**



മനീഷ പി
ഫിസിക്കൽ സയൻസ് വിഭാഗം
2021–2023

യുദ്ധങ്ങളെന്നും രണ്ട്
ധ്രുവങ്ങൾ തമ്മിലായിരിക്കും ;
പക്ഷേ മരിച്ചു വീഴുന്നതെപ്പോഴും
ഹൃദയങ്ങളുടെ അടുപ്പമായിരിക്കും....!

# സ്നേഹിതർ

നിലതെറ്റി ഓടുന്ന ഹൃദയതുടിപ്പുകൾ
നിലച്ചാൽ തീരുന്ന ഹൃദയയുദ്ധങ്ങൾ
തളരാതെ കരുത്തേകി മുന്നോട്ട് കുതിക്കുവാൻ
തണലായി
എത്തി ചിലർ കൂട്ടുകാർ



മരിസാ മാർക്കോസ്
നാച്ചുറൽ സയൻസ് വിഭാഗം
2020–2022



# Film Review
## *A Death in the Gunj*: An Ultimatum on Mental Health

Name : A Death in the Gunj
Director : Konkan Sen Sharma
Genre : Drama
Cast :Vikrant Massey, Tillotama Shome, Ranvir Shorey, JimSarbh, Om Puri
Duration : 1 Hour 50 Minutes
Languages : Hindi

Not all fits the climate of the present world. This movie explores the nuances of being different from the likes of others, and the ultimate path it leads one in utter desperation. Not much movies have tried to explore a part of existence in us, which questions our belonging as in the Konkona Sen Sharma directorial debut 'A Death in the Gunj'.

The constant alienation the protagonist feels in the midst of family gathering forms the major plot of the movie. The heavy societal burden, mother's expectations, sensitive nature and emotional turmoil wage a war inside a man's mind raising self-doubt. The journey and the eventual culmination is a must watch for everyone who wishes to witness the subtle art of filmmaking that can strum the chords of multiple tunes in our heart.

The movie has woven the charm of yesteryear, brought in light to Indian English speakers, has geniously placed the songs, and the ensemble of talented cast has elevated the spectacle into a visual orchestra.

Give this film a chance if you truly want to acknowledge the undertones, negligence, forbearance, sufferance and the silence through which one meanders the various stages of life.



*Karishma Suresh*
*English Optional*
*2021-2023*

# അധികാരം നിർമ്മിതി: നീതീകരിക്കപ്പെടാനാവാത്തതാവുന്നത്

അധികാരം എന്നതിന് അധികാരം എന്ന് തന്നെ അർത്ഥം കൽപ്പിക്കപ്പെടുമ്പോൾ അത് ഏതെങ്കിലും ഒന്നിനെ വിധേയപ്പെടുത്തുക എന്ന് കൂടി ധ്വന്യാർത്ഥം വരുന്നു.ലോകത്തിലെ സകല മനുഷ്യ കുലവും കുറഞ്ഞത് അവനവന്റെ ഇടങ്ങളിലെങ്കിലും അധികാരം ചെലുത്തുന്നുണ്ട്.ചരിത്രവും ഇനിയുണ്ടായേക്കാവുന്ന ചരിത്രനിർമ്മിതികൾക്കും പറയാനുള്ളതും അധികാരത്തെക്കുറിച്ച് തന്നെയാവും.അതിന്റെ പാർശ്വങ്ങളിലും ചോരപൊടിഞ്ഞയിടങ്ങളും ബാക്കിയാവും.അധികാരം എന്ന സംജ്ഞയെ ഏതൊക്കെ വ്യവഹാരങ്ങളിൽ ചേർത്തുവയ്ക്കാമോ എന്നതല്ല ഏതൊന്ന് അതിൽ നിന്ന് ഭിന്നമായി ഒറ്റക്കുറ്റിയായി നിൽക്കുന്നു എന്ന് വേർതിരിക്കാനാവില്ല.അത്രയും സങ്കീർണമായി അതിരിക്കേ ലോകത്തിലെ സകല അനീതികൾക്കും,അസങ്കീർണതകളുടെ സൃഷ്ടികൾക്കും,അവകാശ നിഷേദങ്ങൾക്കും,മഹാ യുദ്ധങ്ങൾക്കും,ഇതേവരെ ഉണ്ടായിട്ടുള്ള സകല ദുർവ്യവഹാരങ്ങൾക്കും കാരണം അധികാരമാണ്.കേവലമൊന്നിൽ തളച്ചിട്ട് അത്യാനന്തം കൊണ്ട് അതിനെ ഉന്മൂലനം ചെയ്തല്ലോ എന്ന് കരുതി ഇല്ലാതാക്കാനാവുന്നതല്ല അത്,അതാണ് അത് നിർവചനാതീതവും സങ്കീർണവും സർവ്വ വ്യവഹാരത്തെയും ബാധിച്ചിരിക്കുന്ന ഒന്നാണെന്നും പറയുന്നത്.

ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം തോന്നുമ്പോൾ ഹനിക്കാനും യഥേഷ്ടം എങ്ങനെയാവണമെന്ന് തീരുമാനിക്കാനും അധികാരത്തിന് സാധിക്കും.ഭരണ കേന്ദ്രങ്ങളുടെ ലക്ഷ്യവും അത് തന്നെ എല്ലാനിനേയും വിധേയപ്പെടുത്തി യഥേഷ്ടം ഭരിക്കുക എന്ന്.തങ്ങൾ ഭരിക്കപ്പെടുന്നതിലെ അസ്വസ്തതകൾ ആസ്വദിക്കാനും,അസ്വതന്ത്രതയിൽ ആനന്തിക്കാനും ഭരിക്കപ്പെടുന്നവർ ശീലിച്ചുകഴിഞ്ഞു അല്ലെങ്കിൽ അവരുടെ ബോധ്യങ്ങളെപ്പോലും ഭരിക്കാൻ അധികാരത്തിനു സാധിച്ചു.അതാണ് ഒരു വ്യക്തിക്കോ അല്ലെങ്കിൽ ഒരു വിഭാഗത്തിനോ തങ്ങളുടെ അയൽപ്പക്കത്തോ പോലും ഒരാൾ ചൂഷണം ചെയ്യപ്പെട്ടാൽ പോലും വ്യക്തി നിസംഗനാവുന്നത്.

ചരിത്രം എന്നും കെട്ടുകഥകൾക്കും ഇല്ലാത്ത മൂല്യങ്ങളെ ഉയർത്തികാട്ടുകയുമാണ് ഉണ്ടായിട്ടുള്ളത്.ഇന്ത്യപോലുള്ള മൂന്നാംകിട രാഷ്ട്രവും ഏതൊരു രാഷ്ട്രത്തേയും പോലെ ഇത്തരം ഏച്ചുകെട്ടലിലും മെനഞ്ഞുണ്ടാക്കിയ ചരിത്രത്തിലും നിൽക്കുന്നു.ചരിത്രം തിരുത്തപ്പെടാതെ നിൽക്കുകയും അധികാരം ചൂഷണസ്വരം മുഴക്കുകയും ചെയ്തുകൊണ്ടേയിരിക്കുന്നെന്ന് മാത്രം.

മൂന്ന് പതിറ്റാണ്ട് കാലത്തോളം ഒരാൾക്ക് നീതി നിഷേധിക്കപ്പെടുക അതിന് ശേഷം ജാമ്യം ലഭിക്കുക നീതി നിഷേധത്തിന്റെ കാലത്ത് ചെയ്യാത്ത കുറ്റത്തിന് ഒരു വ്യക്തിയും ഒരു കുടുംബവും പ്രതിയാവുക.രാജ്യം ആരോട് മാപ്പ് ചോദിക്കും.മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം ലഭിക്കുന്ന നീതിയെ ഏതളവുകോളിൽ വച്ച് നീതിയെന്ന് വിളിക്കാനാവും.മുപ്പത് വർഷത്തെ കഠിന തടവിന് ശേഷം പ്രതി കുറ്റക്കാരനല്ലെന്ന് തെളിഞ്ഞ് പേരറിവാൾ എന്ന അറിവിനെ ജയിൽ മോചിതനാക്കുന്നു,പ്രസക്തമായ ഒരു ചോദ്യം അപ്പോഴും ബാക്കിയാണ് അത് നീതിയെ സംബന്ധിച്ചതാണ്.

പേരറിവാളനിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ചരിത്രമല്ല ഇതിനുള്ളത് നമ്പിനാരായണനിലും,രാജൻ കേസിലും,അലനിലും താഹയിലും അങ്ങനെ അങ്ങനെ അറിയുന്നതും അറിയാത്തതുമായ അനേകരിലിൽ അത് നീളുന്നു.ജനം ആസ്വദിക്കുന്ന അധികാര നിസംഗത തന്നെ ഇതിന് വളമാവുന്നു.പൊതുബോധങ്ങളിലും,വളച്ചൊടിക്കപ്പെട്ട പ്രത്യയ ശാസ്ത്രങ്ങൾ ഭരണകൂടം നിർവചനം ചെയ്യുന്നത് അധികാരം തുടരുന്നതിന് ആസ്പദമായിട്ടാണ്.അവരുടെ ചാലുകളിൽ വെള്ളവും വളവുമൊഴുക്കുകയല്ല ചോരയൊഴുക്കണമെന്ന ഉത്തമ ബോധ്യം അവർക്കുണ്ട്.

1991 ജൂൺ 11 നാണ് പെരിയാർ ചെന്നൈയിലെ തിഡലിൽ വച്ച് സി.ബി.ഐ സംഘം പത്തൊൻപത് വയസ്സ് മാത്രം പ്രായം വരുന്ന പേരറിവാളിനെ അറസ്റ്റ് ചെയ്യുന്നത്.ഓർക്കണം വ്യക്തി രൂപീകരണത്തിന്റെ ഒരു സന്ധിയിൽ വച്ചാണ് പേരറിവാൾ അറസ്റ്റു ചെയ്യപ്പെടുന്നതെന്ന്.നീണ്ട മുപ്പത് വർഷങ്ങൾ വേണ്ടിവന്നു നിയമത്തിന്റെ വിലങ്ങിന് അയവുണ്ടാകാൻ.ഭരണകൂടം അല്ലെങ്കിൽ അതിന്റെ തലപ്പത്തിരിക്കുന്ന പ്രിവില്ലേജുകളിലെ ആനന്ത സ്വസ്ഥർക്ക് ഏതുകാലത്തും മൂല്യങ്ങളൊന്നും അത്രയധികം പിന്തുടരാൻ കഴിഞ്ഞിട്ടുണ്ടാവില്ല എന്നാലും ചില യാഥാർത്ഥ്യങ്ങൾ പൈശാചികമല്ലെന്നല്ലാതെ എന്താണ് അടയാളപ്പെടുത്തേണ്ടത്.വ്യക്തി കേന്ദ്രീകൃതമായിട്ടല്ല അറിവ് ചൂഷണം ചെയ്യപ്പെട്ടത് അതിനും പുറമേ അയാളുടെ കുടുംബം തന്നെ അതിന്റെ ഭാഗമാവുകയാണ് ഉണ്ടായത്.നാളെ നമ്മളും രാജ്യദ്രോഹത്തിനോ,സംശയാസ്പദമായ മറ്റേതെങ്കിലും കാരണത്താലോ ഭരണകൂടത്തിന്റെ തുറുങ്കിലകപ്പെട്ടേക്കാം നീതിയെന്ന് വിളിക്കാവുന്നത് വെറുതേയായേക്കാം അന്നും അസംഖ്യം ജനങ്ങൾ ഇതുപോലെ നിസംഗരാവുകമാത്രമാവും.മുപ്പത് വർഷമാണ് പേരറിവാളനും അമ്മ അർപ്പുതമ്മാളും നീതിക്ക് വേണ്ടി പോരാടിയത്.വൈകി കിട്ടുന്ന നീതി വിലകുറഞ്ഞ എന്തോ ഒന്നാവുകമാത്രമാണ് ചെയ്യുക.ഭരണ നിർമ്മിതിയിൽ നിയമ വ്യവസ്ഥയ്ക്കും ജുഡീഷ്യറിക്കും പോലും അതീതമായി അധികാരം നിലകൊള്ളുന്നു എന്നതാണ് സത്യം.

വൻ മരങ്ങൾ വീഴുമ്പോൾ അടിയിലുള്ള ചെറിയ മരങ്ങൾ നിലം പതിക്കുന്ന സ്വാഭാവികത അടയാളപ്പെടുത്തുന്ന അധികാര ഹുങ്ക് വികാരാധീനതയുടെ സൃഷ്ടിയാണെന്ന് മനസ്സിലാക്കാം എന്നാലും അത്തരം വികാരങ്ങളിൽ നിരപരാധികളെക്കൂടി പെടുത്തുന്നത് നീതീകരിക്കാനാവുന്നതല്ല.അത്തരം വിധികൾ അതേത് മൂടുപടം അണിഞ്ഞതിന്റെ മുന്നിൽ നടത്തിയാലും.

മുപ്പത്തിരണ്ട് വർഷത്തെ നീണ്ട തടവറവാസത്തിന് ശേഷം പേരറിവാളൻ പുറത്തിറങ്ങയാണ്.മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി വധക്കേസിൽ ശിക്ഷിക്കപ്പെട്ട് പേരറിവാളന് നീണ്ടകാലത്തിന് ശേഷം ഉപാദികളോടെ ജാമ്യം ലഭിക്കുന്നു.മൂന്ന് പതിറ്റാണ്ട് നീണ്ട അസാധാരണ നിയമപോരാട്ടത്തിന്റെ കഥകൂടിയാണ് രാജീവ് ഗാന്ധി വധക്കേസും പേരറിവാളന്റെ ജീവിതവും.മുപ്പത് വർഷക്കാലം ജയിലിൽ കഴിഞ്ഞതിനാൽ ജാമ്യത്തിന് അർഹതയുണ്ടെന്ന് വിലയിരുത്തിയാണ് കോടതി ജാമ്യം അനുവദിച്ചത്.നഖത്തിനിടയിൽ സൂചി കയറ്റിയും വ്യക്ഷണങ്ങളിൽ ശക്തമായിടിച്ചും കാലുകളും കൈകളും ക്രമം തെറ്റിച്ചും മർദ്ദിച്ചവശനായി മകൻ ജയിലറയിൽ നരകിക്കുമ്പോൾ ഓരോ വാതിലുകളിലും നീതിക്ക് മുട്ടുകയായിരുന്നു അർപ്പുതമ്മാൾ.പേരറിവാളൻ അറസ്റ്റിലാവുന്നത് രാജീവ് ഗാന്ധിയെ കൊല്ലാൻ ബോംബ് നിർമ്മിച്ചവർക്ക് ബാറ്ററി വാങ്ങി നൽകി എന്ന കുറ്റം ആരോപിച്ചാണ്.ബാറ്ററി വാങ്ങി നൽകിയിരുന്നു എന്നാൽ അത് ഏതാവശ്യത്തിന് പോലുമാണെന്ന് തനിക്കറിയില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയ മൊഴിയിൽ പറഞ്ഞിരുന്നു.മൊഴിയെടുക്കുമ്പോൾ അത് പൂർണമായും ചേർക്കണമെന്നാണ് വ്യവസ്ഥ.എന്നാൽ അത് മുഴുവനായും ചേർക്കേണ്ടതിനും പകരം താൻ ചേർത്തില്ലെന്നും ഭരണകൂട താൽപര്യത്തിനനുസരിച്ച് താൻ അത് അനുസരിച്ചില്ല എന്ന് ഈയടുത്ത് അന്വേഷണ ഉദ്യോഗസ്ഥൻ തുറന്നു സമ്മതിച്ചിട്ടുണ്ട്.അതിനെ പരിഗണനയിൽ എടുത്താണ് പേരറിവാളന് കോടതി ജാമ്യം അനുവദിച്ചത്. പ്രസ്തുത കാര്യത്തെപ്പറ്റി

ഒരു ഫേസ്ബുക്ക് കുറിപ്പിൽ കാണാനിടയായ ഒരു വാചകം, അതിങ്ങനെയാണ്:

'മകനെ കാണാൻ വന്ന അമ്മയ്ക്ക് ടോയ്ലറ്റിൽ പോകണമെന്ന് പറഞ്ഞപ്പോൾ വാതിൽ തുറന്നിട്ട് പൊയ്ക്കൊള്ളാൻ അധികാരികൾ നിർദേശിച്ചു.ശാരീരിക അസ്വസ്തതകൾ ഉണ്ടായിരുന്ന ആ സ്ത്രീക്ക് അപമാനം സഹിക്കുക എന്നല്ലാതെ മറ്റൊരു വഴിയും ഉണ്ടായിരുന്നില്ല."

നോക്കണം അപമാനം നിരന്തരം ഏൽക്കാൻ വിധിക്കപ്പെടുന്ന ഇത്തരം ചിലത്.കാൽ നൂറ്റാണ്ട് ഒരു കുടുംബം തന്നെ ഭരണകൂട ഭീകരതയ്ക്കിരയാവുന്നത് ഇങ്ങനെയാണ്.ഒരു വ്യക്തിയുടെ നല്ല കാലങ്ങളെല്ലാം അവസാനിച്ചശേഷം അയാൾക്ക് മോചനവും നീതിയെന്ന് പറയുന്ന(പറയാനാവാത്ത്) എന്തോ ലഭിക്കുന്നു.അപ്പോഴും ഭാക്കിയാവുന്നതിതാണ്,വൈകി കിട്ടുന്ന നീതി നീതി നിഷേധത്തിന്റെ ഭാഗമാണെന്ന് മാത്രമല്ല അതൊരു തരം ഭീകരതയാവുന്നത് അങ്ങനെയാണ്.

പേരറിവാളന്റേത് ഒറ്റപ്പെട്ട സംഭവമാണെന്ന് പറഞ്ഞ് കൈയ്യൊഴിയാൻ അതീവ ലിബറലുകൾക്കേ കഴിയൂ,അതി ഉദാരമതികൾക്ക് കഴിയില്ല.നിസംഗതയുടെ ചുവറ്റുകോണികൾ കൊണ്ട് വാർത്ത പാരമ്പര്യമുള്ള ജനത പ്രതികണ മുഖമായി അപ്പാടെ പരിവർത്തനത്തിന് വിധേയമാവുമെന്നല്ല എന്നാലും തങ്ങളെയും ഇത് വിഴുങ്ങിയേക്കാം എന്ന ബോധ്യം തന്നെ ധാരാളം.ഇത്തരം ആത്മ സങ്കർഷങ്ങൾ ഉള്ളിൽ അത്തരം ചിന്തയും യുദ്ധമുഖത്തെ കണ്ടാലേ നീതിയെ പറ്റി ചിന്തിക്കാനെങ്കിലും സാധിക്കൂ.മാവോയിസ്റ്റ് ബന്ധം ആരോപിച്ച് ഉരുട്ടികൊലചെയ്യപ്പെട്ട രാജൻ കായെണ്ണ പോലീസ്സ് സ്റ്റേഷൻ ആക്രമിക്കപ്പെടുമ്പോൾ കോളേജിലെ കലാപരിപാടിയിലായിരുന്നു.പ്രൊ ഈച്ചരവാര്യരെന്ന ഒരച്ഛന്റെ മകനെ തിരഞ്ഞുള്ളതിന് നീതി കിട്ടിയോ?കിട്ടിയാലും അത് നീതിയാവുമോ?ഒരിക്കലും ആവില്ലെന്നതാണ് വസ്തുത.

യു എ പി എ ചുമത്തപ്പെട്ട് അറസ്റ്റിലായ അലനും താഹയും നിരോധിത സംഘടനയുടെ പ്രചാരകരായി ലഘുലേഖ വിതരണം ചെയ്തുഎന്നായിരുന്നു കുറ്റം.ഭരണ തലപ്പത്തുള്ളവർ പറഞ്ഞു കേവലം ചായകുടിക്കാനിറങ്ങിയതിനല്ല അവർ അറസ്റ്റിലായതെന്ന്.എന്നാൽ പിന്നീടവരെ കുറ്റക്കാരല്ലെന്ന് കണ്ട് വെറുതെയയച്ചു.തെറ്റു ചെയ്യാതെ ഒരു സമൂഹത്തിന്റെ മുഴുവൻ മുന്നിൽ ഒറ്റയാക്കപ്പെട്ട് അവരുടെ നീതി നിഷേധത്തിന് ആരുത്തരം പറയും.ചാരക്കേസിൽ അകത്തായ നമ്പിനാരായണന്റെ ജീവിതത്തിന് നൽകിയ നീതിയെ ഏതളവുകൊണ്ടളക്കും തുലനം ചെയ്യാൻ.

ഭരണകൂടം എന്നും ഇങ്ങനെയാണ് അത് കലഹിച്ചുകൊണ്ടേയിരിക്കും അത് കൂടുതലും അശക്തന്റെ അപ്പക്കഷ്ണത്തിൽ ചോരവീഴ്ത്തിയാണെന്ന് മാത്രം.രാജ്യാതിർത്തികൾ കടന്ന് ഹയങ്ങൾ ക്ഷീണിക്കുമ്പോൾ സ്വന്തം പ്രജകൾക്കു നേരെയെങ്കിലും ഭരണവർഗ്ഗം യുദ്ധം ചെയ്യുന്നു.നീതീകരിക്കാനാവാത്ത എല്ലാ അംശവും അതിൽ ബാക്കിയാവുന്നു,അതല്ല നീതിയേ കാണില്ല.

ലോകമെമ്പാടും ഇതു തന്നെ.ജയിലഴികളിൽ മരവിച്ച് മരിച്ച ഗ്രാംഷിയും,ഓസ്കാർ വൈൽഡും അങ്ങനെയത്രോ മൺമറഞ്ഞ ഉദാഹരണങ്ങൾ ബാക്കിയാണ്.അധികാരത്തിന്റെ യുദ്ധം തുടരും.നിസംഗതയും അത്രമാത്രം.ഏതെങ്കിലും വക്കുകളിൽ നമോരോ നീതി നിഷേധത്തിന് കുറഞ്ഞത് ചെറിയൊരധികാരത്തിനെങ്കിലും

അധീനരാവും.അവസാനിക്കാത്ത ഏതെക്കെയോ യുദ്ധങ്ങളും ചാരങ്ങളും ബാക്കിയാവും.അത്രമാത്രം.



**ജിഷ്ണു ടി. പി**
**മലയാള വിഭാഗം**
**2021-2023**

## Still I Strive

Regrets of past, struggles of present, uncertainty of future
Amidst the painful facts, here I stand, with a heavy heart
Striving hard for something eternal
"An Eternal Sunshine".

All my happiness seemed upset
On every single occasion I met them
Even with the slightest of trivial affairs
It has reacted to me.

Having a long list of friends was once my pride
But now, it turns out to be in vain
Neither I could find happiness in them
Nor they could find happiness in me.

"You ever get lonely?" They asked
"Only around people", I replied
Indeed it's a self- realization
That I have become an introvert.

And now, to you Unknown-"My Lifetime Love"
Will you be the reason for my inner happiness?
Can you be bring a smile on my face?
Will you be my lifeline?

"Hope is good thing, maybe the best of things"
In fact, it is that four letter word
I encounter most in my tough times
Hope for change; Hope for betterment.

I don't know where this journey of life leds me to?
Still I strive to make myself realize the meaning of my life.
I couldn't understand why do I only find never ending darkness?
Still I strive to make my dear ones proud, contented and happy.
I don't seem to understand why there's so much grief in my desires?
Still I strive to be with someone who value me, who deserve me.



*Ann Kurian*
*Physical Science optional*
*2021-2023*

# അയാൾ

അയാളുടെ മനസ് പ്രക്ഷുബ്ധമായിരുന്നു. എല്ലാവരോടും പകയായിരുന്നു അയാൾക്ക്. എഴുപത്തിയഞ്ചാം വയസിൽ തന്നെ പാതിചലനമറ്റവനാക്കിയ ദൈവത്തോടും അയാൾക്ക് വെറുപ്പായിരുന്നു. തന്നെ സ്നേഹത്തോടെ ശുശ്രൂഷിച്ചിരുന്നവരെ ചോരക്കണ്ണുകളാൽ തുറിച്ചു നോക്കുകയായിരുന്നു അയാളുടെ പതിവ്. കിടക്കുന്ന കിടപ്പിൽ തന്നെ മലമൂത്രവിസർജ്ജനം നടത്തുന്ന അയാളെ വൃത്തിയാക്കാൻ വരുന്നവരോട് പോലും അയാൾക്ക് കനിവുണ്ടായിരുന്നില്ല. എന്തേ താൻ ഇങ്ങനെയായിപ്പോയതെന്ന് അയാൾ ചിന്തിച്ചു. തന്നെ വഹിച്ച ഉദരത്തെയും, അതിന് കാരണക്കാരനായ പൊക്കമുള്ള, കഠിന ഹൃദയനായ ആ മനുഷ്യനെയും അയാൾ ഓർത്തു. തന്റെ ജനനകാലയളവിലും, പിന്നീടും തനിക്കേറ്റ മുറിവുകളാണ് തന്നെ ഇങ്ങനെ ആക്കിത്തീർത്തതെന്ന് അയാൾ തിരിച്ചറിഞ്ഞു. അതുകൊണ്ടു തന്നെ പിന്നീടുള്ള അയാളുടെ ജീവിതവും കാറ്റും കോളും നിറഞ്ഞതായിരുന്നു. വിവാഹം കഴിച്ചവളെയും, അതിൽ തനിക്കുണ്ടായ മക്കളെയും സ്നേഹപൂർവം ഒരിക്കലും നോക്കിയിരുന്നില്ല. എപ്പോഴും യുദ്ധപ്രതീതി ജനിപ്പിക്കുന്നത് പോലെയുള്ള കുടുംബാന്തരീക്ഷമായിരുന്നു താൻ സൃഷ്ടിച്ചിരുന്നത് എന്നയാൾ തെല്ലു വേദനയോടെ തിരിച്ചറിഞ്ഞു. പേടിയോടെ മാത്രം തന്നെ സമീപിച്ചിരുന്ന മക്കളെക്കുറിച്ച് ഓർത്തപ്പോൾ മനസിലവിടെയോ ഒരാളൽ അയാൾക്കുണ്ടായി. പെട്ടെന്നാണ് ഒരു ഗർജനം അയാളുടെ ചെവിയിൽ പതിഞ്ഞത്. തന്റെ മരുമകൻ പേരക്കുട്ടിയോട് ദേഷ്യപ്പെട്ടതാണ്. അത് കേട്ടപ്പോൾ തന്റെ ചെയ്തികളുടെ ആഴവും പരപ്പും അയാൾക്ക് ബോധ്യമായി. അയാളുടെ കണ്ണുകൾ ഈറനണിഞ്ഞു. പപ്പയുടെ വഴക്ക് കേട്ട് വിറങ്ങലിച്ചു നിന്നിരുന്ന ആ കുഞ്ഞിനെ അയാൾ കൈകാട്ടി വിളിച്ചു. അടുത്തു വന്നിരുന്ന കുഞ്ഞിന്റെ രണ്ടു കയ്യും അയാൾ പിടിച്ചു. അയാളുടെ ചങ്ക് പിടയുകയായിരുന്നു. ആ കുഞ്ഞിന്റെ കണ്ണിൽ നിന്ന് ഉതിർന്ന വെള്ളത്തിന്റെ ചൂട് അയാളുടെ കൈകളെ അഗ്നിയാലെന്നവണ്ണം പൊള്ളിച്ചു. പതിയെ അയാളുടെ ഉള്ളിലെ യുദ്ധം അവസാനിക്കുകയായിരുന്നു......





ജ്വാല മരിയ സിറിയക്
ഗണിത വിഭാഗം
2021–2023







Anusree K P
Social Science Optional
2021-2023






Ahana Thomas
Physical Science Optional
2021-2023



Athira Shaji
Social Science Optional
202-2022





# അബല

പിറവി കൊണ്ടനാൾ മുതൽ കേൾപ്പൂ
നീ പെണ്ണാണെന്ന അപസ്വരം
ബാല്യ-കൗമാരം മുതൽ പഠിക്കണം
അടക്കവും ഒതുക്കവും
ശബ്ദം പൊങ്ങുമ്പോൾ മുഴങ്ങും
നിർത്തണമെന്ന ആജ്ഞാസ്വരം
യൗവനം അത് മറ്റൊരാളുടെ
അടുക്കള ചുവരാകണം
പെറ്റ് പോറ്റണം ഊട്ടി വളർത്തണം
ഒടുവിൽ മണ്ണോട് ചേരും വരെ
സ്വയം ഉരുകണം
അല്ലെങ്കിലും അവകാശം അത്
വെറുമൊരു വാക്കാണല്ലോ....



***അനഘ എൻ പി***
***മലയാള വിഭാഗം***
***2021 – 2023***

# Hoplites

If I die in a war zone, box me up
And send me home.
Put my medals on my chest, tell
My mom I did my best.
Tell my dad not to bow, he
Won't get tension from me now on.
Tell my bro to study
Perfectly, key of my bike will
Be his permanently.
Tell my sister not to be
Upset, her bro will take a long
Sleep after sunset.
Tell my Nation not to cry,
"Because I'm a soldier born to die."





*Alby Ann Stephen*
*English Optional*
*2020-2022*

# പരിസ്ഥിതിയുടെ ബദൽനയം

ഇരുപത്തൊന്നാം നൂറ്റാണ്ടിലും രഹസ്യങ്ങളുടെ കെട്ടുകൾ പൂർണമായി അഴിച്ചു വിടാതെ ഭൂമി സ്വയം കറങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യകുലമാക്കെ ശാസ്ത്രത്തിന്റെ പുരോഗതിയിൽ രഹസ്യാന്വേഷണം തുടരുന്നു. ലോകം മുമ്പോട്ടെന്ന് കോർപ്പറേറ്റുകൾ നയിക്കുന്ന രാജ്യങ്ങൾ കൊട്ടിഘോഷിക്കുമ്പോഴും മാറ്റമില്ലാതെ തുടരുന്നത്, ഒരു വിട്ടുവീഴ്ചയുമില്ലാതെ കടന്നുകയറ്റം നടക്കുന്നത് പരിസ്ഥിതിക്കും അതിന്റെ അവകാശികളായ സർവ്വജീവജാലങ്ങൾക്കും മേലാണെന്നും കാണേണ്ടിയിരിക്കുന്നു.

സർവ്വതലത്തിലുമുള്ള ബിംബവത്കരണത്തെ തച്ചുടയ്ക്കുന്ന രീതിയിൽ പരിസ്ഥിതി പ്രതികരിച്ചു തുടങ്ങിയ കാലത്തെ നമ്മൾ അഭിമുഖീകരിക്കുകയാണ്. സർവ്വംസഹയായ പ്രകൃതിയും അതിനെ ചുറ്റിപ്പറ്റിയുള്ള പൈങ്കിളിസങ്കൽപ്പങ്ങളും മൂടപ്പെട്ടു കഴിഞ്ഞു. 'പുഴകൾ മലകൾ പൂവനങ്ങൾ ഭൂമിക്കു കിട്ടിയ സ്ത്രീധനങ്ങൾ..', 'പ്രകൃതിശ്വരീ നിന്റെ ആരാധകൻ ഞാനൊരാസ്വാദകൻ അന്ധവനഗായകൻ.'., 'നീലഗിരിയുടെ സഖികളെ..' എന്നിങ്ങനെ തുടരുന്ന ചലച്ചിത്രഗാനങ്ങൾ അടക്കം മുന്നോട്ടുവച്ച പ്രകൃതി എന്ന ബഹുബിംബ സങ്കൽപ്പം എറെക്കുറെ മാറിക്കഴിഞ്ഞു. ഏതു പ്രവർത്തിയിലും പ്രതികരിക്കാത്തവളാണ് സ്ത്രീ എന്നടിയുറച്ചു വിശ്വസിച്ചുപോയ മനുസ്മൃതി ഉരുവിട്ട് നടന്ന സമൂഹം മുന്നോട്ടുവച്ച ഒരു അബലചിന്തയാണ് പ്രകൃതിയെയും സ്ത്രീയെയും സാമ്യവത്കരിച്ചത്. അതിൽ പിന്നെ അമ്മയായും ഈശ്വരിയായും ത്യാഗിനിയായും സർവ്വംസഹയായും ഈ രണ്ട് വിഭാഗങ്ങളും മുദ്രകുത്തപ്പെട്ടു. പലർക്കും വർണ്ണിച്ചു മതിവരാത്ത വിഷയ മേഖലയായി പരിസ്ഥിതി മാറി. ഒരുപക്ഷെ ചരിത്രങ്ങളിൽ വിവരിച്ച പരിസ്ഥിതിയേക്കാൾ നമ്മൾ കേട്ടത് മറ്റു വ്യവഹാരരൂപങ്ങളിൽ വർണ്ണിക്കപ്പെട്ട പരിസ്ഥിതിയെയാണെന്ന് കാണാം. ആസ്വദിക്കാനും ചൂഷണം ചെയ്യാനുമായുള്ള സ്വകാര്യസ്വത്തായി മനുഷ്യർ പരിസ്ഥിതിയെ കണ്ടു തുടങ്ങിയതിന്റെ പരിണിതഫലമെന്നോണം പ്രളയത്തിന്റെ രൂപത്തിലും കൊടുങ്കാറ്റിന്റെ രൂപത്തിലും ശക്തമായ തിരിച്ചടികളുണ്ടായി. സർവ്വംസഹയായ പ്രകൃതി എന്ന അതിഭാവുകത്വസങ്കല്പത്തിന് ഇതോടെ തിരശ്ശീല വീഴുകയാണ്. 'ദൈവം എപ്പോഴും മാപ്പു നൽകും; മനുഷ്യർ ചിലപ്പോഴും, എന്നാൽ പ്രകൃതി ഒരിക്കലും മാപ്പു നൽകാറില്ല എന്ന സ്പാനിഷ് ഉദ്ധരണി മുന്നോട്ടുവയ്ക്കുന്ന വാസ്തവം ഇത്തരം ബിംബ കൽപ്പനകൾക്ക് അതീതമാണെന്ന് കാണാം.

മഹാമാരിയുടെ പടർച്ചയിൽ മനുഷ്യർ വീട്ടകങ്ങളിൽ തളച്ചിടപ്പെട്ടപ്പോൾ തങ്ങളുടെ സ്വാഭാവിക പരിതസ്ഥിതിയിലേക്ക് തിരികെയെത്താനുള്ള ശ്രമത്തിലായിരുന്നു സമസ്തജീവജാലങ്ങളും. വാഹനങ്ങളുടെ

ഇരമ്പലുകളില്ലാത്ത പകലുകളിൽ പക്ഷിക്കൂട്ടങ്ങളുടെ ചിറകടികൾ കേട്ടു തുടങ്ങി, കടൽ ജീവികളുടെ രക്തസമ്മർദ്ദത്തിലും അവയ്ക്കുണ്ടാവുന്ന പരിക്കുകൾക്കും മാറ്റമുണ്ടായി, കാലം തെറ്റാതെ ദേശാടനപ്പക്ഷികൾ വന്നു, എന്നിങ്ങനെ മനുഷ്യൻ പിൻവാങ്ങുന്നിടത്ത് ആവാസവ്യവസ്ഥ മെച്ചപ്പെടുന്ന കാഴ്ചയാണ് കാണുന്നത്. ഈ ലോകത്തുള്ള സർവ്വചരാചരങ്ങൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ് ഭൂമി എന്ന തിരിച്ചറിവ് പലപ്പോഴും കയ്യേറ്റങ്ങൾക്കിടെ മനുഷ്യർക്കില്ലാതെ പോവുന്നു. എല്ലാ തെറ്റുകളും പൊറുക്കുന്ന ത്യാഗിനിയായ അമ്മയുടെ പരിവേഷമല്ല ഇന്ന് പരിസ്ഥിതിക്കുള്ളത്. കടന്നുകയറ്റത്തിന് ചുട്ട മറുപടി കൊടുക്കുന്ന നീതിയുടെ നിലമായി പരിസ്ഥിതി മാറിക്കഴിഞ്ഞു. ശബരിമലയിൽ സ്ത്രീകൾ കയറിയതിനാലാണ് കേരളത്തിന്റെ 'പ്രകൃതിമാതാവ്' പ്രളയം വരുത്തിയതെന്ന തരത്തിൽ അസംബന്ധങ്ങൾ പ്രചരിച്ചുവെങ്കിലും പമ്പ കരകവിഞ്ഞതോടെ അതിൽ ഈ കുപ്രചരണങ്ങളും മുങ്ങി. ദൈവത്തെ പോലും രക്ഷിക്കേണ്ട അവസ്ഥ മനുഷ്യന് കൈവന്നു.

ഈ മഹാമാരിക്കാലത്ത് മനുഷ്യർ അപ്രത്യക്ഷമായ ഇടങ്ങൾ മറ്റു സസ്യജന്തുജാലങ്ങൾ സന്തോഷത്തോടെ വീണ്ടെടുക്കുകയാണ്. അവിടെ പുതിയ തളിർപ്പുകളും ഉറവകളും തെളിഞ്ഞു വരുന്നു. നിലനിൽക്കുന്ന അവസ്ഥയെ പൊളിച്ചു മാറ്റിക്കൊണ്ട് ഒരു ബദൽ പരിതസ്ഥിതിയുമായി പരിസ്ഥിതി മുന്നോട്ടുവന്നിരിക്കുന്നു. പരസ്പരം കൈകോർത്തു എല്ലാത്തിനും ഭൂമിയിൽ അവകാശമുണ്ടെന്ന ധാരണയോടെ ജീവിക്കാമെങ്കിൽ മനുഷ്യകുലത്തിനു ഭാവിയുണ്ട് എന്ന വിധിവാക്യത്തോടെ അത് വിരാമമിടുന്നു.



**അനുശ്രീ കെ സി**
**മലയാള വിഭാഗം**
**2020-2022**

# ഓർമ്മകളുടെ മഴ വസന്തം

ഗ്രാമീണതയുടെ വശ്യതയിലലിഞ്ഞിരിക്കുന്ന പ്രകൃതി, മഴക്കാലത്താണെങ്കിൽ ചേമ്പിലകളിൽ മഴത്തുള്ളികൾ നിറഞ്ഞിരിക്കുന്നു. കായലുകളും പുഴയോരങ്ങളും പ്രകൃതിയിലെ അതിസുന്ദരമായ കാഴ്ചകളായിരിക്കും മഴക്കാലത്ത്. തവളകളുടെയും ചീവിടിന്റെയും മാസ്മരികമായ താളലയങ്ങൾ മഴക്കാലം ഓരോരുത്തരിലും പലവിധ വികാരങ്ങളുണർത്തുന്നു. അത്തരത്തിൽ ഒരു ഗ്രാമീണ പരിസ്ഥിതിയിലെ മഴക്കാഴ്ച.

"അമ്മൂ നീ എവിടെയാ?നീ മഴയത്ത് കളിക്ക്ന്ണ്ട. മഴയത്ത് കളിച്ച് വല്ല അസുഖവും വരുത്തിവെക്കണ്ട, നീ പോയ് യൂണിഫോം ഇട്ടേ, സ്കൂൾ ബസ് ഇപ്പം വരും". "ആ അമ്മേ ഞാനിതാ വരുന്നു". (അമ്മു ഓടി വീട്ടിനകത്തേക്ക് കയറി) "അമ്മേ അപ്പുറത്തെ മാവില് നെറയെ മാങ്ങകള് ഇണ്ടായിട്ട്ണ്ട്, ഞാൻ മാങ്ങ നോക്കി നിക്കലേനു, മഴ അത്രക്കൊന്നും ഇല്ലമ്മേ, ചാറ്റൽ മഴയാണ് പുറത്ത്, എനിക്ക് എന്റെ കൂട്ടുകാര്ക്ക് കൊട്ക്കാൻ മാങ്ങ വേണമ്മേ.."(എന്നും പറഞ്ഞ് അമ്മു ചിണുങ്ങി കരയാൻ തുടങ്ങി ). "ആ നീ കരയാതെ, ആ മാങ്ങയൊക്കെ ഒന്ന് വണ്ണം വെക്കട്ട്, നീ ആദ്യം പോയി ആ തല നല്ലോണം തുടക്ക്. പനിയോ മറ്റോ വന്നാ നിന്റച്ഛൻ എന്നെയാ വഴക്ക് പറയാ". "ആ അമ്മേ ഞാൻ പോയി നന്നായി തല തുടക്കാ.." (അമ്മു അകത്തേക്ക് പോയി ).

പുറത്ത് ചാറ്റൽ മഴ നല്ല ശക്തമായി പെയ്യാൻ തുടങ്ങി. "എടീ.. മിനീ.. തന്റെ ഷർട്ട് ഇസ്തിരി ഇട്ടായിരുന്നോ.. എനിക്ക് ഓഫീസിൽ പോകാൻ ടൈമായി..". "ആ ചേട്ടാ ഞാൻ ഇന്നലെ തന്നെ ഇട്ടായിര്ന്ന്.മഴ ഓരോ ദിവസം പെട്ടെന്ന് വരുന്നോണ്ട് കരണ്ടിന്റെ കാര്യം പറയാൻ പറ്റൂകേല". "ആ.." ബാലു മൊഴിഞ്ഞു. "മോളേ... നീയ് ഭക്ഷണം കഴിക്ക്. സ്കൂളില് പോകാൻ കാലായി.." "ആ വരുന്നമ്മേ...". "ഓ ഇനിക്കും ഇണ്ട് അടുക്കളയില് പിടിപ്പത് പണി, എന്റെ ഈശ്വരാ ഇന്ന മഴയാണെങ്കില് കനത്തു പെയ്യാനും തൊടങ്ങി. അല്ലപ്പാ ഈ ജനുവരിയിലൊക്കെ ഇണ്ടാ ഇങ്ങന മഴ..ആർക്കറിയാ, കാലം തന്നെ മാറി പോയി. മനുഷ്യര് ചെയ്ന്നതിന്റെ ഫലം അല്ലാണ്ട് എന്താന്ന്.. (മിനി ദീർഘനിശ്വാസം വിട്ടുന്നു). കരണ്ടാറ്റം പോയ പിന്നെ പറഞ്ഞിറ്റ് കാര്യല്ല" (എന്നും പറഞ്ഞു കൊണ്ട് മിനി അടുക്കളയിലേക്കോടി). "മിനി ഞാൻ ഇറങ്ങുവാണേ", "ആ ചേട്ടാ", "അമ്മേ ഞാനും..." അമ്മുവും വിളിച്ചു പറഞ്ഞു "ആ. മോളേ നോക്കിയും കണ്ടും പോണേ", "ആ അമ്മേ ഞാൻ സൂക്ഷിക്കാ".( പുറത്ത് മഴ കനക്കാൻ തുടങ്ങി. ആകാശമാകെ കാർമേഘങ്ങളാൽ മുഖഭരിതമായി.പുറമേ ഇപ്പോൾ രാത്രി ആയതു പോലെ ഇരുട്ട് അന്തരീക്ഷമാകെ വ്യാപിച്ചു. നിനച്ചിരിക്കാതെ പെട്ടെന്ന് വന്ന മഴ എല്ലാം തകിടം മറിച്ചു).

"ശ്ശൊ കരണ്ടും പോയി ഇനീപ്പം എന്താ ചെയ്യാ". "മോളേ.. മോളേ..". "ആ എന്താ അമ്മേ..". "നീ എന്താ ഈ ഒറ്റയ്ക്ക് പിറുപിറുക്കണത്? എന്ത് പറ്റി?". "ഓ.. അത് കരണ്ട് പോയത് പറയലേനു അമ്മേ.. ഇനീപ്പം അമ്മീല് അരക്കണ്ടി വരും". "ആ മോളേ കരണ്ട് വര്മായിരിക്കും".
"സാധ്യത കുറവാന്നമ്മേ, പൊറത്ത് നല്ല കനത്ത മഴയാന്ന് പെയ്യ്ന്നേ, ഇനീപ്പ

*കെഎസ്ഇബിക്കാര് വരുവോ ആവോ!" (എന്നും പറഞ്ഞു കൊണ്ട് മിനി അടുക്കളയിലേക്ക് പോയി ). "മിനീ... മിനീ.". "ആ ആരാപ്പാ അത്, ഈ മഴയത്ത്?". "ഞാനാടീ ലതേച്ചിയാന്ന്.". "ആ ചേച്ചി ആന്നാ, എന്താ ഈ മഴയത്ത്?". "അതില്ലേ കരണ്ട് പോയോണ്ട് ,അമ്മീല് അരവരക്കാൻ വന്നയാണ്". "ഓ അതിയാ ഞാനും അതിനായി പോകലേനു. കരണ്ടിപ്പം ഇനി എപ്പഴാ വരുവാന്ന് പറയാൻ പറ്റുകേല". "നമ്മടെ നാട്ടില കരണ്ടിന്റെ കാര്യലേ വന്നാ വന്നു.". "വാ ചേച്ചി നമ്മക്ക് അരക്കാ.." (രണ്ടു പേരും ചേർന്ന് വർത്തമാനത്തിലേർപ്പെട്ടുകൊണ്ട് അമ്മിക്കലിൽ അരയ്ക്കാൻ തുടങ്ങി )*

*(സ്കൂളിൽ കുട്ടികളുടെ കലപില ശബ്ദങ്ങളാൽ മുഖരിതമാണ്. ചിലർ മഴ നോക്കി രസിക്കുന്നു, മറ്റു ചിലർ മഴപ്പാട്ടുകൾ പാടുന്നു, ഓരോരുത്തരും സംഭാഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു) "നിമ്മി ഇന്ന് രാവിലെ ഞാൻ അപ്പുറത്തെ മാവിന്റെ ചോട്ടില് പോയപ്പോൾ അവിടെ നിറയെ മാങ്ങയേനു. എത്രയാന്ന് അറിയാ.. മഴ പാറുമ്പോഴാണ് ഞാൻ പോയേ, മാങ്ങ പറിക്കാൻ നോക്കുമ്പം അമ്മ വിളിച്ച് കൂവി, ഞാൻ തിരിച്ച് വീട്ടിലേക്ക് വന്നു". "മാങ്ങയാ! എനിക്ക് ഒത്തിരി ഇഷ്ടാന്ന് മാങ്ങ, എന്റെ വീട്ടില് മാങ്ങയില്ലാ, നീ ഇനിവരുമ്പോൾ കൊണ്ടു വരണേ അമ്മൂ..". "ആ ഞാൻ കൊണ്ടുവരാട്ടോ.. അമ്മു പുറത്ത് നല്ല മഴയാ നമ്മുക്ക് പോയി മഴയത്ത് കളിക്കാം..". "ആ എനിക്കും ഇഷ്ടാ മഴ. പക്ഷേ മഴ കൊണ്ടാ എനിക്ക് ജലദോഷം വരും, അമ്മ വഴക്ക് പറയും". "ആ അതും ശരിയാണ്, ഇപ്പാണെങ്കില് എന്തെല്ലോ രോഗങ്ങളാണ് നാട്ടിലെന്നാ പറഞ്ഞ് കേൾക്കുന്നേ.. മഴ നനഞ്ഞിറ്റ് പനി വരുത്തണ്ട. വാ, നമ്മുക്ക് പാട്ടു പാടി തോണി ഉണ്ടാക്കി കളിക്കാം.. നിമ്മി, എല്ലാരെയും ഒപ്പം കൂട്ടാം" (അവർ രണ്ടു പേരും പോകുന്നു).*

*"അമ്മേ ചോറുണ്ണാറായി വാ..". "ആ മോളേ വരുന്നു..". "നീ എങ്ങനാ അമ്മീലാന്നോ അരവ് ആക്കിയേ?". "ആ അതെ അമ്മേ, ഇത് പോലുള്ള സമയത്ത് അമ്മിക്കല്ലിന്റെ ആവശ്യം വരണത്. അപ്പ്റത്തെ വീട്ടിലെ ലതേച്ചി കരണ്ട് ഇല്ലാഞ്ഞിറ്റ് ഈട വന്നിട്ടാ അരച്ചേ. അവര്ടെ അട്ത്ത് അതൊന്നൂല്യാലോ..". "അതെ മോളേ ഇവിട എത്ര കാലായി അത് വാങ്ങീറ്റ്.. അത് ഉള്ളോണ്ട് ഇപ്പം നന്നായി. ഇപ്പം അതിന് ഒരു കേടുപാടും ഇല്ലാതാനും. നമ്മള് മനുഷ്യരെ മാറൂ, ഇത് പോലുള്ളവയ്ക്ക് ഒരു മാറ്റൂല്യാ. ഇപ്പം കാണണില്ലേ മഴ, ഇതൊക്കെ കാലം തെറ്റി പെയ്ന്ന രോഗമഴയാന്ന്. പണ്ടത്തെ കാലത്തെ മഴാന്ന് വെച്ചാല് ക്റുകൃത്യായിറ്റ് ജൂൺ മാസത്തില് പെയ്യും. ഇടവപ്പാതീന്ന് പറഞ്ഞാ ഒരു വികാരേനു അന്ന്, മഴ ഒരുത്സവമായുന്ന്. അതൊക്കെ ഒരു കാലം. നമ്മള് മഴയത്ത് കളിച്ചിറ്റാന്ന് പള്ളിക്കൂടത്തിലൊക്കെ പോന്നത്. പണ്ട് സ്കൂളില് പഠിക്കുമ്പം മഴ വന്നാ വൈകിറ്റ് ഒരു ചേട്ടൻ പാലൈസുമായിറ്റ് വരും.ചാറ്റൽമഴ പെയ്യുമ്പം അത് തിന്ന്ന്നെ ഒരു പ്രത്യേക സുഖാന്ന്, അതൊന്നും ഇപ്പളത്തെ തലമുറക്ക് അറീല്യാ, പിന്ന തോണി ഇണ്ടാക്കി തോട്ടില് വിട്ന്നതും, മഴവെള്ളം സംഭരിക്ക്ന്നതും, മഴയ്ള്ള നേരത്ത് ഓടിട്ട സ്കൂളിന്ന് ഓട്ടിന്റെ ചാലിലൂടെ വരുന്ന മഴത്തുള്ളികള് കൈയ്യിലാക്കീറ്റ് കൂട്ടുകാരെ മേത്ത് എറിയുന്നതും അങ്ങനെ എത്രയാ അനുഭവങ്ങള്. അതൊരു ജീവിതായിരുന്നു.മരിച്ചാലും മറക്കാത്ത ഓർമ്മകളുടെ മഴ തീർത്ത മായാവസന്തമായിരുന്ന് മോളേ ആ മഴക്കാലം. ഇപ്പോളത്തെ കുട്ടികള് മോളേ ആ മഴക്കാലം. ഇപ്പോളത്തെ കുട്ടികള് ഒന്ന് മഴയത്ത് ഇറങ്ങിയാ പിന്നെ പനി പിടിച്ച് കിടക്കും, അവർക്ക് തോണി ഉണ്ടാക്കാൻ അറിയാ, മഴവെള്ളം അവര് നാളേക്ക് സംരക്ഷിച്ച് വെക്ക് ന്ണ്ടാ..ഇതൊന്നും ഇപ്പളത്തെ പിള്ളേർക്ക് ബാധകമല്ലാന്നാ*

ഞാന് പറഞ്ഞതിന്റെ പൊരുള്". "ആ അമ്മേ അമ്മ പറഞ്ഞത് ശരിയാണ്. അതെല്ലാമായിരുന്നു യഥാർത്ഥ കാലം. ഞാനും അമ്മ പറഞ്ഞതില് ചെലതൊക്കെ നേരിട്ടനുഭവിച്ചിട്ട്ണ്ട്. പക്ഷേ ഇത്രക്കില്ല. ഇപ്പോഴത്തെ കുട്ടികളോട് ഇതെല്ലാം പറഞ്ഞിട്ട് എന്താകാര്യം. മ്.. എല്ലാം മാറി മറയുകയല്ലേ. കാലം മാറുന്നതിനനുസരിച്ച് കോലം മാറുന്ന കാലാണ് ഇത്. ഇപ്പോഴ് പ്രകൃതി തന്നെ മാറീലേ. പേമാരിയും മറ്റുമായി ഇന്നത്തെ കാലം എത്രയോ മാറിയിരിക്കുന്നു. ഇപ്പോഴ് മഴ വരുമ്പോഴു പേടിയാണ് അമ്മേ". "അതെ മോളെ പണ്ടും നല്ലോണം മഴയും ഇടിയുമൊക്കെ ഇണ്ടായിരുന്നു.എന്നാല് ഇപ്പം പ്രകൃതിയ്ല് മനുഷ്യര് ചെയ്യുന്ന പേക്കൂത്തിന്റെ ഭാഗായിറ്റ് പ്രകൃതി തിരിച്ചടിക്ക്കയല്ലേ.ഇനി നാളെ എന്തായി തീരൂന്ന് ആർക്കറിയാ എന്റെ ഭഗവാനേ".(എന്നു പറഞ്ഞു കൊണ്ട് അവരിരുവരും ഭക്ഷണം കഴിക്കാൻ പോകുന്നു).

അതെ മഴ ഒരു വികാരമാണ്, വശ്യമായ വികാരം..

( മനുഷ്യനു മാത്രമല്ല ഈ ലോകത്തിലെ സകല കോടി ജീവജാലങ്ങൾക്കും മഴയെപ്പറ്റി പലവിധ വികാരവിചാരങ്ങൾ ഉണ്ടാകും പറയാൻ .ആകാശത്തിന്റെ അഗാധ തലങ്ങളിൽ നിന്ന് പെയ്തിറങ്ങുന്ന മഴത്തുള്ളികൾ ഭൂമിയിലേക്ക് പതിക്കുന്ന ദൃശ്യ സുന്ദരമായ അനുഭൂതി നേരിട്ട് അനുഭവിക്കുന്നത് സ്വർഗ്ഗം കിട്ടുന്നതിന് സമമാണ് .ഇടവപ്പാതി, കർക്കിടകം പോലുള്ള നാളുകളിലെ അതിഗംഭീരമായ മഴ ഭൂമിയുടെയും ആകാശത്തിന്റെയും ഇടയിൽ വർണ്ണപകിട്ട് വിരിഞ്ഞുനിൽക്കുന്ന മഴവില്ല് പോലുള്ള ദൃശ്യഭംഗി പ്രദാനം ചെയ്യുന്നു. നാട്ടിൻപുറങ്ങളിലാണ് മഴയുടെ യഥാർത്ഥ അനുഭൂതി ഉളവാക്കുന്നത്. മനോഹരമായ പുഴകളും കായലുകളും മഴവെള്ളത്തിന്റെ ഓളങ്ങളിൽ തീർക്കുന്ന മണലെഴുത്തുകൾ ഒരിക്കലും മായുന്നില്ല ,മറയുന്നില്ല .ചെറു വള്ളങ്ങളിൽ ഒട്ടനവധി പ്രതീക്ഷകളുമായി പോകുന്നവരും ചാറ്റൽമഴയുടെ ദൃശ്യഭംഗി ആസ്വദിക്കുന്നു. മഴക്കാലങ്ങളിൽ മാത്രം കെട്ടിയാടുന്ന ചില തെയ്യക്കോലങ്ങൾ ആ മഴയുടെ മോടി ഒന്നുകൂടി വർധിപ്പിക്കുന്നു .മഴക്കാലം അറുതിയും,വറുതിയും ആണെങ്കിൽ പോലും നല്ല തണുപ്പത്ത് മൂടിപ്പുതച്ച് ഉറങ്ങാത്തവരായി ആരും തന്നെ ഇല്ല. മഴ ഏവർക്കും ഒരു വികാരം തന്നെയാണ്, പറഞ്ഞറിയിക്കാൻ കഴിയാത്ത പ്രകൃതിഭംഗി തീർക്കുന്ന ദൃശ്യ മനോഹര അനുഭൂതിയുടെ നിർഗളമായ ചാരുതയാണ് മഴക്കാലം.അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. പക്ഷേ മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലിന്റെ ഭാഗമായി പ്രകൃതി പോലും ഇന്ന് മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു മഴ എന്നത് പേമാരിയായി മാറി, മനുഷ്യ ജീവൻ പോലും ഇന്ന് പൊലിയുന്നു.ഇനിയും ഇപ്രകാരം തുടർന്നാൽ നാളെയുടെ ഭാവി എന്തായി തീരുമെന്ന് നമ്മുക്ക് പറയാവുന്നതിലും അപ്പുറമായിരിക്കും).



**അഞ്ജലി. ആർ**
**മലയാള വിഭാഗം**
**2020 – 2022**



നിഹാ പത്മനാഭൻ
ഫിസിക്കൽ സയൻസ് വിഭാഗം
2021-2023

## മാ . സ് . ക
## (മാനവ സ്നേഹം കത്തിമുനയിൽ )

ഇഞ്ചോളം തുണിയിൽ
വൈറസിനെ
തളർത്തിയിടത്തിനൊരിത്തിരി
തുണിയുടെ പേരു വളർത്തുന്നു
വർഗ്ഗീയ വൈറസിനെ....

## അഹം V/S മനുഷ്യത്വം

മനുഷ്യത്വത്തിന് മേൽ 'അഹം ' എന്ന ഭാവം
വളരുന്നു ....
സ്വപ്നങ്ങൾക്ക് നിറം പകരാൻ മോഹിച്ച്
പോയവർ പാതി വഴിക്ക് മടങ്ങുന്നു...
നാടും വീടും ഉറ്റവരെയും നഷ്ടപ്പെട്ട്
ചിലർ അറിയാത്ത നാടുകളിൽ
അഭയാർത്ഥികളാവുന്നു...
കൂടെയുണ്ടാവും എന്ന് ധരിച്ചവർ
ഒക്കെ നോക്കു കുത്തികളാവുന്നു...
ഉക്രെയിൻ ഒറ്റയ്ക്ക് പൊരുതുന്നു...
അല്ലെങ്കിലും നമുക്ക് നമ്മൾ മാത്രമേ ഉള്ളൂ...



അശ്വതി എൻ വി
ഫിസിക്കൽ സയൻസ്
2020-2022

# യുദ്ധം – സമാധാനം

തൻ പിന്നിൽ ഉള്ളത് പ്രാണനായ് കണ്ടവർ മുൻപോട്ട് നീങ്ങി
മൃത്യു എന്ന സമാധാനം സമ്മാനിക്കും
യുദ്ധത്തിൻ പടക്കളത്തിലേക്ക്
തീക്ഷ്ണ നുണകളാൽ തുടങ്ങിടും യുദ്ധമെല്ലാമീ
ശക്തമീ സത്യത്താൽ നിശ്ചലമാക്കാം

ജീവ പ്രാണനായ് കേഴുന്നവർ തൻ ഭൂമി
മാംസം ദാഹികളാം കഴുകന്മാർ തൻ ഭൂമി
പ്രാണവേദനയിൽ മുങ്ങിയജീവ ഭൂമി
ധീര ചരമം വരിച്ചവർ തൻ യുദ്ധ ഭൂമി

സ്വപ്നങ്ങൾ എരിയുന്നുലക്ഷ്യങ്ങൾ കൊഴിയുന്നു
നാളെയുടെ നന്മകൾവേരറ്റ് പോകുന്നു
അഴുകിയ സ്വപ്നങ്ങൾകൂന കൂടിടുന്ന
വേദനതൻ ഇടംയുദ്ധഭൂമി.

നഷ്ടങ്ങൾവിളിച്ചോതുന്ന
വെൺമയുടെനിറം പകരാത്ത
അന്ധകാരത്തിന്റെനിഴൽ വീണ
ചരിത്രത്തിൽഇടമുള്ളയുദ്ധ ഭൂമി





Sr അന്ന ഫിലിപ്പ്
സാമൂഹ്യശാസ്ത്രവിഭാഗം
2020–2022

# After every War, there is a New Hope

My mind is dancing in joy, my lips are curving into a beautiful smile, my eyes are embracing all the glory of a rainy evening right in front of the court. The path ahead seems new to me. It is the same path that I have been covering for the past one year, but I'm not the person who passed through there in the past. I have changed. My war has finally come to an end. Just like they say, "After every war there is a new hope, it's not just the destruction". I'm living those words right now. It has been a year since I chose hope over death, my dreams over my marital life, my dignity over forced slavery, my smile over those salty tears.... Am I selfish? Am I wrong? Even if you say I'm, I don't care anymore because I'm a girl who lived a war, not a life.

The doll you met in those random parties, dressed up in shining clothes, wearing throat chocking gold ornaments, having heavy makeup and an infectious smile was not me.

It was, what my in laws wanted me to be. You might ask what will happen if you chose not to obey them, too much can happen. I might have burnings in my palm, bruises in my knees, tears in my eyes, and the worst I might bleed by wound and no one would care to help. I have lived a war, fighting every moment with my fate to survive. I was keeping myself caged for the sake of my family's dignity, I have been pasting a smile on my lips in front of the society when I was burning alive deep inside. I was letting the monster have my body and sanity just because he tied a rope around my neck in front of the holy fire.

The moment I realised, that what I have faced is not a war, I was merely following their orders. War starts when you react and stand against.

I started standing against, talking back, questioning back and shouting back with all my might.I still can feel the satisfaction I had when I stood against. After one year I'm here, wearing throat chocking gold ornaments, having heavy makeup and an infectious smile was not me what matters now is my life, my dreams, my thoughts. I took nothing from that home when I left, because I don't want anything of my past to accompany me ahead.

I hate my past self. I like my present self and I want to fall in love with my future self. I might face many more war in future, but I accepted the fact that life itself is a war. The one who realise it and go forward wins and the one who sobs and complains all the time fails. At the end, you should choose what you want from this war. Death or a new hope.





*Anjana T*
*Natural Science optional*
*2021-2023*

# യുദ്ധ ഭൂമിയിൽ

എങ്ങും ശിരസ്സടർന്നു വീണ ജീവനില്ലാ കോലങ്ങൾ
പാതി ശ്വാസവുമായി പ്രാണനായി കേഴുന്നു
ജന്മങ്ങൾ
പച്ചമാംസത്തിൻ ഗന്ധം വഹിച്ചുകൊണ്ടലയുന്നു
കാറ്റ്
ചുടു രക്തപുഴയാൽ ചുവന്നരിയുന്നു മണ്ണ്
വെടിയൊച്ചയാൽ വിറങ്ങലിച്ച വാനിൽ
അലയടിച്ചുയരുന്നു വിലാപങ്ങൾ
ഉറ്റവർക്കായി തിരയും മർത്യൻ മനസ്സിൽ
നിറയുന്നു മരവിപ്പ്
നിലക്കുന്ന ഹൃദയത്തിനായി കാതോർത്തിരിക്കുന്നു
ചുറ്റിലും കഴുകൻ കണ്ണുകൾ
ഈ കുരുതിക്കളത്തിൽ നേർകാഴ്ചകൾക്ക് മുന്നിൽ
തലകുനിച്ചു തേങ്ങുന്നു പ്രകൃതി
എങ്ങും തീരാ നഷ്ടങ്ങൾ തീരാ വേദനകൾ
ഇവിടം സ്നേഹശൂന്യം , ഈ അശാന്തി തൻ
യുദ്ധഭൂവിൽ





സ്നേഹ വി
ഗണിതശാസ്ത്ര വിഭാഗം
2021–2023

# പ്രകൃതിയും പ്രതിഷേധങ്ങളും

കുറച്ചു കാലങ്ങൾ കൊണ്ടുതന്നെ പ്രകൃതിയുടെ രൗദ്രഭാവം ലോകം കണ്ടുകഴിഞ്ഞു . വെള്ളപ്പൊ ക്കമായും ചുഴലിക്കാറ്റുകളായും അത് ലോകത്തിനു മുന്നിൽ തന്റെ പ്രതിഷേധങ്ങൾ അറിയിച്ചു തുടങ്ങി . അതിലെല്ലാമുപരി കൊറോണ വൈറസ് ലോകത്തെ കീഴടക്കിയപ്പോൾ പ്രകൃതിയും സാക്ഷിയായി. ഒരുതരത്തിൽ കൊറോണ വൈറസ് പ്രകൃതിക്ക് ആശ്വാസമായി എന്നു പറയാം . കാരണം, ഓസോൺ പാളിയിലെ വിള്ളൽ അടഞ്ഞു എന്ന ശാസ്ത്രലോകത്തിന്റെ കണ്ടെത്തൽ ഒരു അനുഗ്രഹമായിരുന്നു. അങ്ങനെ ദുരിതങ്ങൾക്കിടയിലും ചില ആശ്വാസങ്ങൾ.

പ്രകൃതിസംരക്ഷണം എന്ന വാക്ക് കുഞ്ഞുനാൾ മുതൽ കേട്ടു വരുന്നതാണെങ്കിലും ആരും ജീവിതത്തിൽ അതിനിത്ര പ്രാധാന്യം നൽകി കാണുന്നില്ല. പോസ്റ്ററുകൾ നിർമ്മിച്ചും പ്രകൃതിയെ കുറിച്ചുള്ള കവിതകൾ ചൊല്ലിയും ആ കാലഘട്ടം പ്രകൃതിയോട് ചേർന്ന് നിൽക്കുന്നു. പിന്നീട് പെൻസിലിൽ നിന്ന് പേനയിലേക്ക് എന്ന പോലെ മനുഷ്യർ അകലുന്നു. നീട്ടി ത്തുപ്പാനും, വലിച്ചെറിയാനും, വെട്ടിമുറിക്കാനുമുള്ള ഒരിടം അല്ലെങ്കിൽ ഒരു വസ്തുവായി അത് മാറുന്നു. ആവാസവ്യവസ്ഥയെ തന്നെ തകിടം മറിച്ച് ആരോടോ എന്ന പോലെ പകവീട്ടുന്നു. എല്ലാം സഹിച്ചു കൊണ്ടിരുന്ന പ്രകൃതിയും ശബ്ദിക്കാൻ തുടങ്ങിയിരിക്കുന്നു.

2018 മുതൽ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന ഓരോ ദുരന്തങ്ങളെയും മനുഷ്യർ നേരിട്ടു കൊണ്ടിരിക്കുന്നു. വർഷാവർഷം വരുന്ന ഉത്സവങ്ങൾക്ക് പകരം ഇന്ന് ദുരന്തങ്ങളാണ്. മനുഷ്യന്റെ പ്രവർത്തികൾക്കുള്ള തിരിച്ചടി.മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും നദീതടങ്ങൾ മലിനമാക്കാതിരിക്കേണ്ടതിന്റെ കാരണവും നമുക്ക് നന്നായറിയാം. എങ്കിലും ഇത്തരം കാര്യങ്ങളെ മനപൂർവം മനുഷ്യർ ഒഴിവാക്കുന്നു. അഗ്നിപർവ്വത സ്ഫോടനങ്ങളും ആഗോളതാപനവും മനുഷ്യർ പേടിക്കേണ്ടത് തന്നെ. കഴിഞ്ഞ വെള്ളപൊക്കത്തിൽ എത്ര ജീവനുകളാണ് നഷ്ടമായത്. അതിന്റെ അവശേഷിപ്പുകളായി ഇന്നും എത്രപേർ ദുരിതമനുഭവിക്കുന്നു. മണ്ണിടിച്ചലും മലവെള്ളപ്പാച്ചാലും എത്ര ദുരിതങ്ങൾ ഉണ്ടാക്കി വച്ചു.

എത്ര ദുരിതങ്ങൾ കണ്ടിട്ടും മനുഷ്യർ തന്റെ പ്രവൃ ത്തികളിൽ യാതൊരു മാറ്റവും വരുത്തുന്നില്ല. അവർ പ്രകൃതിയെ വേണ്ടുവോളം ചൂഷണം ചെയ്യുന്നു. ജീവന്റെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെട്ടേക്കാം. എന്നാലും നമ്മുടെ ചിന്തകൾക്ക് മാറ്റം വരാൻ പോകുന്നില്ല. പ്രകൃതി യുടെ തിരിച്ചടികൾ ഏത് തരത്തിലായിരിക്കുമെന്ന ഏകദേശ സൂചന നമുക്ക് കിട്ടി കഴിഞ്ഞു. ഇനി സ്വയം ബോധവാന്മാരാകുക. ജൂൺ 5 ലോക പരിസ്ഥിതി ദിനം എല്ലാ ദിവസവും പോലെ അതും കടന്നു പോകും. കേവലം ഒരു ദിവസത്തെ പ്രാധാന്യം മാത്രം നൽകി ആചരിച്ച് പോകാതിരിക്കുക. വരുംതലമുറയുടെ ജീവിതം നമ്മുടെ കൈകളിലാണെന്ന് ഓർക്കുക.





**സൂര്യ ബാബു**
**മലയാള വിഭാഗം**
2020-2022

# അമ്മ മനസ്സ്



കാതങ്ങൾ അകലെയെങ്കിലും
അകക്കണ്ണിൽ നമ്മളെ ഒളിപ്പിച്ചു
വെക്കുന്ന ഒരു മനസ്സുണ്ട്
അകലെയെങ്കിലും അടുത്തെന്ന്
തോന്നിപ്പിക്കുന്ന ഒരു മനസ്സുണ്ട്
നമ്മൾ അന്വേഷിച്ചില്ലെങ്കിലും
നമ്മളെ കുറിച്ചുള്ള വ്യാകുലതയിൽ
നീറിപ്പുകയുന്ന ഒരു മനസ്സുണ്ട്
വഴിതെറ്റിപ്പോകുന്ന ജീവിതയാത്രയിൽ
പിടയുന്ന കണ്ണുകളുമായി
ഓടി വരുന്ന ഒരു മനസ്സുണ്ട്
തിരിച്ചറിവുകളിൽ ക്ഷമാപണമില്ലാതെ
ചേക്കേറാൻ
പടർന്നു പന്തലിച്ചു വിടർന്നു നിൽക്കും
ശിഖരങ്ങളുടെ വിശാല മനസ്സ്
അതാണ് അമ്മ മനസ്സ്.........



അഖില ജെയിംസ്
ഗണിത വിഭാഗം
2021-2023

## The End

I want this War to end.
It breeds nothing but misery.
It only demands sacrifice and gives
only sufferings.
It's enough of the sights of bullets flying,
Children dying,
Mothers crying.
No more echoed gun-shots ringing in ears,
No more fear of death in our eyes.
One War always leads to more Wars,
And through warring peace is never won.
Let's bring an end to it......
Let's believe in a happy future,
Where we will live in harmony and peace.



*Aswathi V*
*English optional*
*2021-2023*

# ഭൂമിയെന്ന അമ്മ വെളിച്ചം

അവിടെ ഒരു പുഴ വറ്റിവരണ്ടൊഴുകുന്നു.
പുഴയെ തഴുകാനെത്തുന്ന കാറ്റിനു പോലും മൗനം
ഇവിടെയിതാ ശുദ്ധവായു പോലും ശൂന്യമായ്
ഒരു വശത്ത് നെൽപാടങ്ങൾ തരിശാക്കി
മറുവശത്താകട്ടെ മരങ്ങൾ വെട്ടിമാറ്റുന്നു,
മാനവരാശിയുടെ പോക്കിതെങ്ങോട്ടാണ്?
കളകളാരവത്തോടെ ഒഴുകുന്ന പുഴകൾ
പ്രാണജലം തന്നു,
പടുകൂറ്റമായി വളർന്നു പന്തലിച്ച മരങ്ങൾ
ജീവവായു ഏകി
നെൽക്കതിരുകൾ മിന്നിതിളങ്ങുന്ന പാടങ്ങൾ
മർത്യൻ തൻ വിശപ്പടക്കി.
പ്രകൃതിയുടെ രമണീയത നിറഞ്ഞു തുളുമ്പുന്ന
കാഴ്ചകൾ
കൺമുന്നിൽ നിന്നപ്രത്യക്ഷമായി.
ഇനി എന്നു വരും
കണ്ണഞ്ചിപ്പിക്കുന്ന പുതുപുത്തൻ വിസ്മയം?
പുലർകാലങ്ങളിൽ മഞ്ഞുതുള്ളികളിൽ
അതിസുന്ദരിയായ പ്രകൃതി
തേനീച്ചകളും പൂമ്പാറ്റകളും
വട്ടമിട്ടു പറക്കുന്ന പൂകാവനങ്ങൾ
ശുദ്ധവായു ഏകി ആകാശം മുട്ടെ വളർന്നു പന്തലിച്ച
മരങ്ങൾ
ഉദിച്ച സൂര്യന്റെ പൊൻ വെളിച്ചം
ചുറ്റിലും പരക്കുന്നു.
മുല്ല, തെച്ചി പൂക്കളുടെ മനം മയക്കും സുഗന്ധം
എങ്ങും വമിക്കുന്നു
കാറ്റിന്റെ ഇളം തെന്നലിൽ നാണിച്ചു നിൽക്കുന്ന
സൂര്യകാന്തി
മർത്യാ, നീ എന്തിന് ഈ ഭംഗി തട്ടി മാറ്റി?
നീ എന്തിന് പ്രകൃതിയെ ചൂഷണം ചെയ്തു?
പി.കുഞ്ഞിരാമൻ കണ്ട പ്രകൃതി ഇങ്ങനെ
ആയിരുന്നില്ല,

സുഗതകുമാരിയുടെ കവിതകളിൽ
നിറഞ്ഞു നിന്ന പരിസ്ഥിതി ബോധവും
ഇപ്രകാരമായിരുന്നില്ല.
തുഞ്ചന്റെ കിളി പാടിയ, ആശാന്റെയും
വള്ളത്തോളിന്റെയും ഇടശ്ശേരി കവികളുടെയും
നാദ വീണ തമ്പുരുകൾ നിറഞ്ഞാടിയ കാലം
അകലെ മാഞ്ഞു..
പരശുരാമന്റെ മഴുവിനാൽ നിർമ്മിക്കപ്പെട്ട
കേരളം ഇന്ന്
അഴിമതികളുടെയും,
കള്ളക്കടത്തുകളുടെയും ,ചേരിതിരിവിന്റെയും
വായു മലിനീകരണത്തിന്റെയും,
ചൂഷണത്തിന്റെയും നാടായി
മാനവരാശി സ്നേഹമെന്തെന്ന് മറന്നു,
ദാനത്തിന്റെ മഹാത്മ്യ-
മെന്തെന്ന് മറന്നു, ഇതിനെല്ലാമുപരി ഭൂമി എന്ന
അമ്മയെ മറന്നു..





**അഞ്ജലി ആർ**
**മലയാള വിഭാഗം**
**2020–2022**

# ചുവപ്പ്

ഇവിടെയീ ഭൂവിൽ നാം തനിച്ചിതെത്ര നാൾ
നനവു മാഞ്ഞിട്ടില്ല, മണ്ണിലങ്ങിങ്ങായി
ചുവന്ന ചോരപ്പാടുകൾ ....
ഇന്നലെ സന്ധ്യ ചുവന്നു, കൂടെയെൻ നെഞ്ചും,
ചീറിപ്പായുന്ന വെടിയുണ്ടകൾക്കു മുന്നിൽ
പകച്ചിതാ നിൽക്കുന്നു ജനസാഗരം.
ഇതെന്തു കഥയിത് ലോകമേ, ചുറ്റും
ചോരയുടെ ഗന്ധം മാത്രം.
പരസ്പരം വെടിയുതിർക്കുന്ന കൈകൾ
മറ്റൊരലർച്ചയിൽ മുങ്ങിപ്പോയിരിക്കാം.
ചോരച്ചുവപ്പുകൾ മണ്ണിനെ പുൽകുന്നു.
അതൊരു അവസാനത്തിന്റെ സൂചനയാവാം.
കണ്ണുകെട്ടിയ കാലം, പിന്നെയും
കൊടി പിടിക്കുന്നു.
പുതച്ചു കിടന്നിടാം നമുക്കും ശവമഞ്ചത്തിൽ
നിർരക്തവുമെന്റേതെന്ന് തിരിച്ചറിയും വരെ....





**അനുശ്രീ കെ. പി**
**സാമൂഹ്യശാസ്ത്ര വിഭാഗം**
**2021–2023**

# പ്രകൃതി സംരക്ഷണം ' എന്നത് `ജീവിത ശൈലി ´ ആയി മാററട്ടെ.

ഈ കൊറോണ കാലത്ത് പരിസ്ഥിതിയെയും പരിസ്ഥിതിയിൽ മനുഷ്യനേൽപ്പിക്കുന്ന ആഘാതത്തെ കുറിച്ചും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ഗൗരവമായ ചർച്ചകൾ ഉയർന്നു വരികയാണ്. ലോകം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് പരിസ്ഥിതി പ്രശ്നങ്ങൾ. എല്ലാ രാജ്യങ്ങളും വളരെ ഗൗരവപൂർണ്ണമായി പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുകയും അതിന്റെ വിപത്തുകൾ കുറക്കാനുള്ള വഴികൾ കണ്ടെത്താനും ശ്രമിച്ച് കൊണ്ടിരിക്കുകയാണ്.

മനുഷ്യന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായി കൊണ്ട് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രതിദിനം വർദ്ധിക്കുന്നു. ഈയൊരു പ്രതിസന്ധി ഘട്ടത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സമഗ്രമായി പഠിക്കുകയും പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയെന്നത് നമ്മുടെ സാമൂഹിക ധാർമ്മിക ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. ഒരു സംസ്കാരം ജനിക്കുന്നത് മണ്ണിൽ നിന്നാണ്, ഭൂമിയിൽ നിന്നാണ്. ഭൂമിയെ നാം മലിനമാക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് അഭിമാനിക്കാൻ ഒരുപാട് സവിശേഷതകളുണ്ട്. സാക്ഷരതയുടെയും ആരോഗ്യത്തിന്റെയും, വൃത്തിയുടെയുമൊക്കെ കാര്യത്തിൽ നാം മറ്റു സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ്. നിർഭാഗ്യവശാൽ പരിസ്ഥിതി സംരക്ഷണ വിഷയത്തിൽ നാം വളരെ പിറകിലാണ്. സ്വാർത്ഥതയുടെ പര്യായമായി കൊണ്ടിരിക്കുന്ന കേരളത്തിന്റെ ഈ പോക്ക് അപകടത്തിലേക്കാണ്.

ഇന്ന് കേരളത്തിന്റെ കാലാവസ്ഥയിൽ ഗണ്യമായി വ്യതിയാനം സംഭവിച്ചു, ചൂട് സഹിക്കാൻ പറ്റാത്ത അവസ്ഥയായി കൊണ്ടിരിക്കുന്നു, കുടിക്കാൻ വെള്ളം കിട്ടാത്ത അവസ്ഥയിലേക്ക് നീങ്ങുന്നു. ഈ കാഴ്ച നമ്മുടെ കണ്ണ് തുറപ്പിക്കാനുള്ളതാണ്. പരിസ്ഥിതിക്ക് വിനാശം വരുത്തുന്ന ജീവിതരീതി നമുക്ക് വേണ്ട എന്ന് സ്വയം തിരിച്ചറിവ് ഉണ്ടാകാത്തിടത്തോളം ഇത്തരം പ്രശ്നങ്ങളിൽ നിന്ന് രക്ഷ നേടാൻ സാധ്യമല്ല. നമ്മുടെ പാ പദ്ധതിയിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ആഴത്തിലുള്ള പഠനം ഏർപ്പെടുത്തണം. "കാവു തീണ്ടല്ലേ കുളം വറ്റും ´´എന്ന പഴമൊഴിയിൽ തെളിയുന്നത് പരിസ്ഥിതി സന്തുലനത്തെ കുറിച്ച് കേരളീയർക്കുണ്ടായ അവബോധമാണ്. മലിന വിമുക്ത ആവാസവ്യവസ്ഥ രൂപപ്പെടുത്താൻ പരിസ്ഥിതി സൗഹാർദ്ദ ജീവിതം നയിക്കണം. ഈയൊരു സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി മുന്നോട്ട് നീങ്ങിയില്ലെങ്കിൽ ആസന്ന ഭാവിയിൽ കേരളം മറ്റൊരു ദുരന്ത ഭൂമിയായി മാറും എന്ന കാര്യം വളരെയധികം യാഥാർഥ്യമാണ്.

1980 കളിൽ സൈലന്റ് വാലി സമരത്തിനോട് ചേർന്നാണ് പരിസ്ഥിതി ചിന്ത കേരളത്തിലെ പൊതു മണ്ഡലത്തിന്റെ ഭാഗമായി ഉയർന്നു വന്നത്. അന്നുത്തൊട്ടിന്നോളം പലതരം പരിസ്ഥിതി സമരങ്ങൾ ക്കും മുന്നേറ്റങ്ങൾക്കും ഇന്നത് കെ- റെയിൽ എന്ന വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് സാക്ഷ്യംവഹിക്കുന്നു. ഇത്തരം പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുന്ന വികസനം കൊണ്ടുവരുമ്പോൾ പരിസ്ഥിതി സംരക്ഷിക്കേണ്ടത് നമ്മുടെ ഭാവി തലമുറകൾക്കു കൂടി വേണ്ടിയാണെന്ന് നാം മറക്കരുത്. പ്രകൃതി സംരക്ഷണം എന്നത് " ജീവിത ശൈലി " ആയി മാററട്ടെ.





**ശ്രുതി പി. വി**
**മലയാള വിഭാഗം**
**2021-2023**

# നിലനിൽപ്പിനായി...

ഇനിയൊരു യുദ്ധം വേണ്ട വേണ്ട!
കൈയിലുള്ള പ്ലക്കാർഡിലും
ദേഹത്ത് കുത്തിയ ബാഡ്ജിലും
പിന്നെ വിളിച്ചു പറയുന്ന
മുദ്രാവാക്യവും, എല്ലാം അതുതന്നെ!
പക്ഷേ, അവളുടെ യുദ്ധം
അവസാനിച്ചിട്ടേയില്ല!



**ആര്യ കെ ഐ**
**ഫിസിക്കൽ സയൻസ്**
2021-2023

# യുദ്ധഭൂമി



**ജീന സജിത്ത് എം**
**നാച്ചുറൽ സയൻസ്,**
2020-2022

എന്നിലെ നീയും
നിന്നിലെ ഞാനും
നമ്മിലെ നാമും
ഇല്ലാതെയാകുന്നിടം
യുദ്ധഭൂമി

# എയ്ഞ്ചൽ ഡി മരിയ

എന്തോ ഒന്ന് പരതുന്നതിനിടയിൽ  ആണ് അത് കണ്ണിലുടക്കിയത്. വേറൊന്നും അല്ല ദേശാഭിമാനി പത്രത്തിന്റെ ഒരു വരാന്ത പതിപ്പായിരുന്നു. വാരാന്തപതിപ്പ് കണ്ണോടിക്കുമ്പോൾ ആണ് ഒരു ചെറിയ കോളം വാർത്ത കണ്ണിൽ ഉടക്കിയത, വേറൊന്നും ആയിരുന്നില്ല അത് 28 വർഷത്തെ നമ്മുടെ കാത്തിരിപ്പിന് അവസാനം കുറിച്ച് നമ്മളെ തെക്കെ അമേരിക്കൻ ചാമ്പ്യൻമാർ ആക്കിയ, ഫൈനലിൽ ബ്രസീലിന്റെ നെഞ്ചകം പിളർന്ന നമ്മടെ സ്വന്തം ഏയ്ഞ്ചൽ ഡി മരിയ യെയും കുടുബത്തെ കുറിച്ചും ആയിരുന്നു....

കുപ്പായം നിറയെ കരിയും പടർന്നു അന്നും ആ കുഞ്ഞുങ്ങൾ തളർന്നിരുന്നു. അന്നവൻ അനിയത്തിയോട് പറഞ്ഞു "ഈ കരി എല്ലാം മായുന്ന ഒരു ദിനം വരും ഞാൻ ഫുട്ബോൾ കളിക്കും".

റോസാറിയോ തെരുവിലെ കുഞ്ഞുവീട്ടിൽ ചുവരിൽ പടർന്ന കറുത്ത പൊടി നോക്കി പിന്നെയും അവൾ സങ്കടപെടും. അതിനിടയിലും അവൻ തുകൽ പന്ത് തട്ടാൻ പോയി. തിരിച്ചെത്തുമ്പോൾ അവൻ കുഞ്ഞനിയത്തിയെ തേടും, ചേച്ചിക്കൊപ്പം അവൾ കൽക്കരി ഖനനത്തിൽ ആകും, അവന്റെ ബൂട്ടുകളിൽ ഒളിഞ്ഞിരിക്കുന്ന സ്വർണഘനി അവർ കിനാവ് കണ്ടു. അർജന്റീന യിലെ എല്ലാ കുഞ്ഞുങ്ങളെയും പോലെ ആകാശ നീല കുപ്പായത്തിൽ അവൻ പന്ത് തട്ടുന്നത് ഒരു ഖനി തൊഴിലാളിയുടെ 3 മക്കളും ഒരു പോലെ സ്വപ്നം കണ്ടു. ആ സ്വപ്നം നെയ്യാൻ അവർക്ക് ഉണ്ടായിരുന്നത് കരിപുരണ്ട കുഞ്ഞി മുറി മാത്രം ആയിരുന്നു.

അവനു പിന്നെയും ഫുട്ബോൾ കളിക്കണം ആയിരുന്നു. എന്നാൽ, അവന്റെ ബൂട്ടുകൾ തകർന്നു. പിന്നെ ബൂട്ടില്ലാതെ കളി മുടങ്ങി. ദാരിദ്ര്യം പുകഞ്ഞ വീട്ടിൽ ഇരുന്നു അച്ഛൻ ആലോചിച്ചു, അവന് ബൂട്ട് വാങ്ങിയാൽ സഹോദരി മാർക് ചെരുപ് വാങ്ങാൻ പണം തികയില്ല. അവന് വേണ്ടി ആ സഹോദരിമാർ ചെരിപ്പ് ഇടാതെ സ്കൂളിൽ പോയി. ആ സഹനത്തിന് വിലയുണ്ടായി. ആ ബൂട്ടുകൾ ആണ് ബ്രസീലിന്റെ ഹൃദയം പിളർന്നത്. പ്രിയപ്പെട്ട എവിലിൻ, പ്രിയപ്പെട്ട വനേസ, ഇതാ നിങ്ങളുടെ മാലാഖ 28 വർഷത്തിന് ശേഷം അർജന്റിനെയുടെ മണ്ണിലേക്ക് ഒരു രാജ്യന്തരാ കിരീടം കൊണ്ടുവരുന്നു. ഇതാ നിങ്ങളുടെ മാലാഖ ഹീറോ ആകുന്നു.....

അതെ അവനും പോരാളി ആണ്.



ഋഷികേശ് ബാബു എം സി
സാമൂഹ്യ ശാസ്ത്ര വിഭാഗം
2021-2023

സുഗതകുമാരിയുടെ കവിതകളിൽ
നിറഞ്ഞു നിന്ന പരിസ്ഥിതി ബോധവും
ഇപ്രകാരമായിരുന്നില്ല.
തുഞ്ചൻ്റെ കിളി പാടിയ, ആശാൻ്റെയും
വള്ളത്തോളിൻ്റെയും ഇടശ്ശേരി കവികളുടെയും
നാദ വീണ തമ്പുരുകൾ നിറഞ്ഞാടിയ കാലം
അകലെ മാഞ്ഞു..
പരശുരാമൻ്റെ മഴുവിനാൽ നിർമ്മിക്കപ്പെട്ട
കേരളം ഇന്ന്
അഴിമതികളുടെയും,
കള്ളക്കടത്തുകളുടെയും ,ചേരിതിരിവിൻ്റെയും
വായു മലിനീകരണത്തിൻ്റെയും,
ചൂഷണത്തിൻ്റെയും നാടായി
മാനവരാശി സ്നേഹമെന്തെന്ന് മറന്നു,
ദാനത്തിൻ്റെ മഹാത്മ്യ-
മെന്തെന്ന് മറന്നു, ഇതിനെല്ലാമുപരി ഭൂമി എന്ന
അമ്മയെ മറന്നു..



**അഞ്ജലി ആർ**
**മലയാള വിഭാഗം**
**2020–2022**

# അരുതായ്മയുടെ കൊലപാതകം.

പാണിച്ചികുന്നുമിടിഞ്ഞു.
അടിവേരുകളിൽ
രക്തം വാർന്നൊഴുകിയ
തണൽമരങ്ങൾ
വാവിട്ടു കരഞ്ഞു.
അതുകേട്ട് മഴ
പിന്നീട് ചിരിച്ചതേയില്ല.
മഞ്ഞക്കിളി കൂടുതേടി
വന്നതേയില്ല.
കുഞ്ഞികളമ്മക്കിളിയുടെ
താരാട്ട് കേട്ടതേയില്ല.
ചിന്നിച്ചിതറിയ
തടിക്കൂനകൾക്കിടയിൽ
വീർപ്പുമുട്ടിച്ചത്ത
കുഞ്ഞനുറുമ്പുകളെത്തേടി
ഉറുമ്പുതീനികളെത്തിയതേയില്ല.
മരംതീനികളായ
ഇരുകാലികൾ മാത്രമെത്തി.
അനക്കമറ്റ ഉടലുകൾക്ക്
വില പറഞ്ഞുറപ്പിച്ചു മടങ്ങി.






അപർണ. യു
മലയാളവിഭാഗം
2020-2022



Sreya Remesh Babu
Social Science Optional
2020-2022







Muktha Sasindran
Social Science Optional
2020-2022

# മുഖപടം



തീയാണവൾ
ക്യാമറാക്കണ്ണുകൾ മിന്നിച്ചു പായുമ്പോൾ
ആരോ പറയുന്നതവൾ കേട്ടു.
നീട്ടിയ കാൽവെപ്പോടെ
പൂപ്പൽ തിന്ന പടികൾ കയറുമ്പോൾ
പിന്നിൽ നിന്നാരോ വിളിച്ചു കൂവി
ചൂടാണവൾക്ക്.
കറുത്തമുഖപടം മുറുക്കിക്കെട്ടി
ക്ലാസ്സിലെത്തിയപ്പോൾ
അവരും പറയുന്നുണ്ടായിരുന്നു
എരിയുന്ന കനലാണവൾ.
ആരാണ് നീ?
തേഞ്ഞ ബെഞ്ച് അവളെ
വിചാരണ ചെയ്തു.
മേശയും കസേരയും
മാപ്പുസാക്ഷികളായി.
കളിക്കൂട്ടുകാർ ദൃക്സാക്ഷിക-
ളായപ്പോൾ
മുഖപടം കരിങ്കല്ലായി.
വെടിയുണ്ടകൾ.. ജലപീരങ്കികൾ...
അലർച്ചകൾ....
അയയിൽ തൂങ്ങിയാടിയ
നരച്ച മുഖപടം
മുഖത്തു വീണപ്പോൾ
നിലവിളിച്ചുകൊണ്ട്
അവൾ ചാടി എണീറ്റു.
പാഞ്ഞെത്തിയ ഉമ്മ
പ്രാർത്ഥിക്കാതെ കിടന്നതിന്
ശകാരിച്ചുകൊണ്ടു കടന്നുപോയി.
വിളറിയ മുഖത്തോടെ
അരണ്ട വെളിച്ചത്തിൽ
അവളെ നോക്കി
പുഞ്ചിരിച്ചു
കയ്യിലെ മുഖപടം.



ജഹ്ന.ടി .വി
മലയാള വിഭാഗം
2021-2023

## Tears of a Soldier

Raghuveer Singh closed his eyes. He wanted to cast away from his pain. He had never felt so weak yet so strong in all his life; vigour and rage were burning up in him. Pain turned more and more intense with each passing second but his face bore no trace of it as he knew that this suffering won't last very long. It's there for a short while. The aroma of blood passed his nose, earth around in these snow cold mountains is drowned in blood today. Raghuveer struggled to move, to raise his head; but three bullets in him had made once this proud soldier so languid by strength that he let his body on its own. The darkness in his eyes gave waves to his memories. Though in pain but he was smiling, he saw his mother miles away from this hatred, rage and bloodshed standing on the verandah of their house in small dusty town.

His love, his life feathered him across the lane of old blurred memories, he could see them feel them today as he never cared to look back at them before. The frame of memories in front of his closed eyes turned so lively, full of innocence, care, love and affection, as to make him live the life he had stooped. He saw, a kid a small boy of nearly around six years by face falling from a tree in backyard of his house in town, blood from head and tears from eyes spilled out and he began to wail, cry aloud for mama. A beautiful young lady wrapped in dhoti, busy in kitchen washing utensils and creating and destroying her own imagination in mind shivered as his cries passed her ears, she flunked the kadahi from her hands and leaps for her boy with a single breath, she rushed and took the kid in her arms,

"Oh, my boy; don't cry, stop your tears. Don't cry my son my brave little boy"

She was panicked but this did not deteriorate the comfort, the quilt of relief she was to her child. And now with kid held close to heart in arms she hasted towards the doctor's clinic, not even bothering to close the doors of the house.

But here today where he has fallen, bullets value more than blood, where

trigger. The fear of death had never touched his heart, but today lying on dear earth for which he fought he longed for that lap of life, same quilt of affection and love where he could take his last breath.

"Sanju" he flattered his cold lips with pain. Sanju took him over in his arms, Raghuveer's head on his lap. "Water waaatrrr".

Raguveer and Sanjay were from same town but they hardly knew each other as kids, destined to be friends for life they came closer as both took on army as a carrier and fate held them on same battalion. With ups and downs, roughness and brashness of army they became more like a blood brother or more than blood brother (some relations are from heart, bigger than blood).

The water soldier Sanjay singh poured down his dear friend's throat dint quench his thirst. He wanted few words from him. "Sanju promise me yar; when- when you'll be back at home, our town" he gasped for air. Words were hard to fall out of him. "When they will ask about me, tell them how much I loved them and what if I didn't head back alive, I fought sincerely for the land where I grew, played, learned, cried and where I lived. Until I fell I fought" he paused again. Pain didn't let him speak.

A lump moulded in soldier Sanjay Singh's throat; his eyes bore tears. People strongly believe that a soldier never weeps, wrong is this notion, who more than a soldier can know how much more reasons he has to cry, they do weep but when they weep, they never let anyone see their pain, their tears are just for themselves, they if weep without letting anyone know they weep.

Seeing fellow friend, dear as his life so close to death, tears crawled down Sanjay's eyes, He creased his tears shuffling his rifle to another hand. He knew he can't act feeble before his dying friend, he has to be strong for his friend and for himself.

"Raghu just holds on bit more; rescue team will soon be here. You have to live". Raghuveer Singh managed to smile; though his eyes had lost that glint, he slowly parted his half dead lips. He smiled consoling his dear friend for his own death. Martyrdom (dying for the nation) is the

biggest honor in a soldier's life. Raghuveer knew this, a soldier may die but his spirit, service and love for the nation will live forever along the nation.

Back now in his beautiful portrait of memories he saw his wife cuddling little life in arms. Seeing his lady love and daughter full of life the smile he had abhorred blew away in dark. His daughter, how happy he was posted at boarder when he got news of her daughter; two months back since then the urge to see her once grew more and more but here goes. The fear of not seeing them ever again pierced his heart. He would never see his daughter, will never know how her father was, and her father didn't cared to see her once! The pain in him was getting unendurable. He gasped for breath but his lungs were blocked, lap of his dear friend turned hard as rock he tussled in pain. Sanjay tightens his hand on Raghuveer's hand he didn't want to lose him, deep down he knew his wish wanting his friend to stay -to stay with him was vain.

"Raghu, Raghu" he yelled, but his voice was now no comfort to soldier Raghuveer Singh. There she was wrapped in dhoti with many folds, standing on same verandah. Though now old with time, but her wrinkled face still glowed of same love, affection and comfort to him. Her still old eyes were in search, as if to cross the thousand miles just assure her heart that though far away her son is fine "MAA" he gasped his last deep breath and along with his memories once the brave soldier passed away. Tears of emotion pooled on all eyes; pain of separation stirred all minds. No one spoke a word; dead silence crept upon the bunker. Life is no wonder hard to survive here but with little love, care, compassion and hope they live it with life. Life and death here is bound with a soft, thin rope. Even a harsh whiff of air can blow all away. But one that death fails to take along is pride of a soldier, the pride to live for nation, pride to die for the nation The silence that had doomed the bunker jittered away, with ear bursting sound of blast nearby. All soldiers in the bunker were in action in half a second, motioning their rifles in a new quest. They have no time to mourn (A soldier never weeps).



*Arun Shaji*
*English optional*
*2020-2022*

# ജാതി

അവനു ചുറ്റും പുകമയമാണ്
വെടിയൊച്ചകളാണ്
ഉ ടലറ്റ ജീവനുകളാണ്
എങ്കിലും....
ലോകം  കണ്ണിൽ കത്തിയെരിയുമ്പോഴും
അവനു നേരെ നീട്ടിയ കൈകളോടും അവൻ
ചോദിച്ചു
നീ ഏതാ ജാതി??






**അലക്സ് ബേബി**
**ഇംഗ്ലീഷ് വിഭാഗം**
**2020–2022**

# അതിർത്തി

എൻ വീടിൻ അതിർത്തി ചെമ്പരത്തിയും
പ്രഭാതത്തിൻ അതിർത്തി പ്രദോഷവും
സന്തോഷത്തിൻ അതിർത്തി ദുഃഖവും
സ്വാതന്ത്ര്യത്തിൻ അതിർത്തി അപരൻ മൂക്കിൻ തുമ്പും
കൊറോണതൻ അതിർത്തി ഒന്നര മീറ്ററും
പ്രേമത്തിൻ അതിർത്തി മുഖത്ത് ആസിഡും
ജീവിതത്തിൻ അതിർത്തി മരണവും
ലോകത്തിലെല്ലായിടത്തും അതിർത്തി
കാരണം ലോകം എൻറേത് മാത്രമല്ല
അപരൻറേതും അല്ലയോ
എങ്കിലും അമ്മതൻ സ്നേഹത്തിനും
അപ്പന്റെ കാരുണ്യത്തിനും
കൂടപ്പിറപ്പിനെ കരുതലിനും അതിരുകളില്ല.



ജിസ്സ ബേബി
ഗണിതശാസ്ത്ര വിഭാഗം
2020–2022






Ashly Thomas
Physical Science Optional
2020-2022





Sanjiya Benny
Mathematics Optional
2021-2023

# അനാഥക്കുഞ്ഞ്



ഒരു കരച്ചിൽ കേട്ടാണ്
ഞാൻ കാതോർത്തത്
അവിടെയതാ ഒരു കുഞ്ഞ്
അനാഥമായി കരയുന്നു
അവൾക്ക് കൂട്ടിനായി ഇടിഞ്ഞു
വീണ വീട്ടവശിഷ്ടം മാത്രം
ജീവനായുള്ള ഓട്ടത്തിൽ
അവളെയും ഞാൻ കൂടെക്കൂട്ടി
മഹാമാരിയാണത്രെ!
ആരാണ് കാരണക്കാർ?
നമ്മളത്രെ! നമ്മൾ മാത്രമത്രെ!
ഈ കുഞ്ഞ് എന്തു പിഴച്ചു?
പ്രകൃതിയെ പഴിച്ചിട്ട് കാര്യമില്ല
ഇത് നാം വരുത്തിയ വിന!
പ്രകൃതിയെ തന്റെ നിലനില്പിനായി
നടത്തിയ യുദ്ധം മാത്രം..



മഞ്ജുഷ. എൻ
ഗണിത വിഭാഗം
2021 – 2023

# ഭാരതത്തിന്റെ ഭാവനാത്മകമായ ഐക്യം നേരിടുന്ന വെല്ലുവിളികൾ



ജോമൽ ജോയ്
സോഷ്യൽ സയൻസ്
2021-23

വൈവിധ്യങ്ങളുടെ നാടാണ് ഭാരതം. വിവിധ ഭാഷകൾ, വിവിധ മതങ്ങൾ വിവിധങ്ങളായ ആചാരവിചാരങ്ങൾ എന്നിങ്ങനെ ഭാരതത്തിന്റെ വൈവിധ്യങ്ങൾക്ക് സീമകളില്ല. ഈ വൈവിധ്യങ്ങൾക്കെല്ലാമുപരിയായി 'ഒരേ ഒരിന്ത്യ ഒരൊറ്റ ജനത' എന്ന ആദർശത്തിലുറച്ചു നിന്നുകൊണ്ട് "നാനാത്വത്തിലെ ഏകത്വത്തെ യാഥാർത്ഥ്യമാക്കുകയാണ് ഭാരതീയർ ചെയ്യേണ്ടത്. ഭാഷ യെയും മതത്തിന്റെയും സംസ്കാരത്തിന്റെയും ഏകത്വമില്ലാതിരുന്നിട്ടും പരസ്പരം അംഗീകരിക്കുവാനും സ്നേഹിക്കുവാനും ഭാരതീയർക്ക് കഴിഞ്ഞതുകൊണ്ടാണ് ഒരൊറ്റ ജനതയായി നിൽക്കുവാൻ നമുക്ക് സാധിച്ചത്. ഈ സ്നേഹവും പാരസ്പര്യവും നഷ്ടപ്പെട്ടാൽ ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും നഷ്ടമാകയായിരിക്കും ഫലം.

ഭാരതത്തിന്റെ ഉരുക്കുമനുഷ്യനായ സർദാർ പട്ടേൽ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. "ഭാരതത്തിന്റെ യഥാർത്ഥ ഭീഷണി ബാഹ്യശത്രുക്കളിൽ നിന്നല്ല, മറിച്ച് ഭാരതത്തിന്റെ ആന്തരിക ശത്രുക്കളിൽ നിന്നുതന്നെയാണ് ഉണ്ടാകുന്നത് എന്ന് ഭാരതത്തെ ഒന്നായി കാണാതെ പ്രാദേശികവും വർഗ്ഗീയവും ഭാഷാപരവുമായ വിഭാഗീയ ചിന്താഗതിയോടെ കാണുന്ന ഭാരതീയരെയാണ് "ആന്തരികശത്രുക്കൾ' എന്ന പദം കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഭാരതത്തിൽ അലയടിച്ചുയർന്നിരുന്ന ദേശീയബോധവും ഐകമത്യവും പിൽക്കാലത്ത് നഷ്ടമാകുകയാണ് ചെയ്തത്. അത് ഭാരതത്തിന്റെ അഖണ്ഡതയ്ക്കുതന്നെ ഭീഷണി ഉയർത്തുകയും ചെയ്യുന്നു. സർദാർ പട്ടേലിന്റെ വാക്കുകൾ അന്വർഥമാകുകയാണോ എന്ന് ദേഷ്യപ്പെടുകയാണ്.

ഭാരതത്തിന്റെ ഐക്യം ഭാവനാത്മകമാണ് എന്ന് നമുക്ക് അറിയാം. സഹ സ്രാബ്ദങ്ങൾക്കു മുമ്പുതന്നെ വിവിധങ്ങളായ ആചാരാനുഷ്ഠാനങ്ങളും ജീവ തരീതികളും നിലനിന്നിരുന്നെങ്കിലും അവയ്ക്കെല്ലാമുപരിയായ ഐക്യബോധം ഭാരതീയരുടെ ഹൃദയങ്ങളിൽ ഉണ്ടായിരുന്നു. ദക്ഷിണഭാരതീയർ ഉത്തരഭാരതത്തിലെ ഹരിദ്വാറും കേദാർനാഥുമെല്ലാം തങ്ങളുടെ പുണ്യസ്ഥലമായി കരുതി ആദരിച്ചു. രാമേശ്വരത്തേയ്ക്കും കന്യാകുമാരിയിലേക്കും എല്ലാം തീർത്ഥാടനം നടത്തി ധന്യതയെ പുൽകുവാൻ ഉത്തരഭാരതത്തിലെ ആളുകളും ആദികാലം മുതൽ താൽപ്പര്യം കാത്തു. ബുദ്ധനും മഹി വീരനും ശങ്കരാചാര്യരും വാൽമീകിയും കാളിദാസനും എല്ലാ ഭാരതീയർക്കും
ഒരുപോലെ ആദരണീയരാ യിരുന്നു എക്കാലവും എല്ലാ നന്മകളെയും സ്വീകരിക്കുവാൻ തയ്യാറായി നാം ക്രിസ്തുമതത്തെയും ഇസ്ലാമിനേയും ആദരവോടെ സ്വീകരിക്കുകയും പോറ്റി വളർത്തുകയും ചെയ്തു. മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും അബ്ദുൾ ഗാഫർഖാനും
സർദാർ പട്ടേലും മൗലാനാ അബ്ദുൾകലാം ആസാദും നേതാജിയും ഭഗത് സിംഗും എല്ലാം സമ്പൂർണ്ണഭാരതത്തിനു മാർഗ്ഗദർശനം നൽകിയ ഉന്നതരായ നേതാക്കളായിരുന്നു. ആ ത്യാഗധനന്മാരുടെ നേതൃത്വത്തിൽ ഭാരതീയർ നട നിയ ക്ലേശപൂരിതമായ പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ് ഭാരതത്തിന് രാഷ്ട്രീയ സ്വതന്ത്ര്യം നേടുവാൻ സാധിച്ചത്. എന്നാൽ സ്വാതന്ത്ര്യം നൽകു അതിനു മുമ്പേ ഭാരതീയരുടെ സാഹോദര്യത്തെ ക്രൂരമായ രീതിയിൽ പിളർത്തിക്കളയുവാൻ വെള്ളക്കാർക്ക് കഴിഞ്ഞിരുന്നു. മതത്തിന്റെ പേരിൽ ഭാരതസാമ്രാജ്യം രണ്ടു കഷണങ്ങളായി മുറിക്കപ്പെട്ടു. വിഭജനത്തോടൊപ്പം ഉണ്ടായ വർഗ്ഗീയകലാപങ്ങളുടെ ഭയങ്കരമായ ചിത്രം നമ്മുടെ മുമ്പിലുണ്ട്. ഹിന്ദുവും മുസൽമാനുമായി പിറന്നതിന്റെ പേരിൽ അയൽവാസികൾ പോലും ആയുധമെടുത്തു തമ്മിൽ പോരാടി. ഗംഗയിലും യമുനയിലും മനുഷ്യശരങ്ങൾ ചങ്ങാടങ്ങൾ പോലെ ഒഴുകി നടന്നു. ആയിരക്കണക്കിനു നിരപരാധികളാണ് വിഭജനകാലത്തെ കലാപങ്ങളിൽ വധിക്കപ്പെട്ടത് സർവ്വതും നഷ്ടപ്പെട്ട് പലായനം ചെയ്യേണ്ടിവന്ന ജീവിക്കുന്ന രക്തസാ ക്ഷികൾ അതിലും എത്രയോ അധികമായിരുന്നു.

ഭാരതീയരിൽ ഐക്യബോധം വളർത്തുവാൻ അധികൃതരുടെ ഭാഗത്തു നിന്നും നിരവധി നടപടികൾ ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളെ ദേശീയധാരയിലേക്ക് ആകർഷിക്കുവാനും അവരിൽ ദേശസ്നേഹം വളർത്തു വാനും ഉദ്ദേശിച്ച് സ്കൂളുകളിൽ ദിവസവും ദേശസ്നേഹത്തിന്റെ പ്രതിജ്ഞ ചെയ്യുവാനും ദേശീയഗാനം ആലപിക്കുവാനും എടുത്ത തീരുമാനം ഭാരതത്തിൽ ഒട്ടാകെ നടപ്പിലാക്കി വരുന്നുണ്ട്. രാഷ്ട്രഭാഷ എന്ന നില യിൽ ഹിന്ദി ഭാരതമൊട്ടാകെ പ്രചരിപ്പിക്കുവാനുള്ള ശ്രമവും ദേശീയ ഐക്യത്തെ ദൃഢപ്പെടുത്തുവാൻ ലക്ഷ്യംവച്ചുള്ളതാണ്. ദേശസ്നേഹത്തിന്റെ സന്ദേശമുൾക്കൊള്ളുന്ന സാംസ്കാരിക പരിപാടികളുടെ നടത്തിപ്പും ദേശീ യതയുടെ വളർച്ചയെ സഹായിക്കുന്നു.

ഇതൊടൊപ്പം തന്നെ ദേശീയ ഐക്യത്തെ ദൃഢപ്പെടുത്തുവാൻ പൊതുവായ കാര്യങ്ങളിൽ ശ്രദ്ധവയ്ക്കുവാനും അധികൃതരും ദേശസ്നേഹികളും പരിശ്രമിക്കേണ്ടതുണ്ട്. ആദ്യമായി ചെയ്യേണ്ടത്. ഭരണരംഗത്തായാലും തെര ഞ്ഞെടുപ്പുവേളയിലായാലും ഒരു വിഭാഗത്തെയും പ്രത്യേകമായി പ്രീണിപ്പി ക്കുവാൻ ഉത്തരവാദപ്പെട്ടവർ തയ്യാറാകാതിരിക്കുക എന്നുള്ളതാണ്. ഭരണ ത്തിൽ പ്രാദേശികമോ വർഗ്ഗീയമോ ഭാഷാപരമോ ആയ മുൻഗണനകൾ
ഒഴിവാക്കേണ്ടതാണ്. അതുപോലെതന്നെ ഓരോ ഭാരതീയനും അസേതുഹിമചലം നീണ്ടു നിവർന്നു കിടക്കുന്ന ഭാരതഭൂമി സ്വന്തം മാതൃഭൂമിയ ണെന്ന് സ്വയം മനസ്സിലാക്കണം. ഭാരതത്തിന്റെ ചരിത്രം സ്വന്തം കുടുംബ ത്തിന്റെ ചരിത്രമാണെന്ന് ഓരോ ഭാരതീയനും അംഗീകരിക്കണം.അപരനിൽ നിന്നും ഉണ്ടാകുന്ന അനർഥങ്ങൾക്ക് വർഗിയമോ പ്രാദേശികമോ ആയ വിഭാഗീയതയുടെ നിറം പകരാതെ പ്രശ്നം സ്വതന്ത്രമായി പരിഹരിക്കുവാനും ശ്രമമാണ് ഓരോ ഭാരതീയനും നടത്തേണ്ടത് എല്ലാ ഭാരതീയരും എന്റെ സഹോദരീ സഹോദരന്മാരാണെന്ന് പ്രതിജ്ഞാവാക്യം അവർത്ഥമാ വാൻ നാം ശ്രമിക്കേണ്ടതുണ്ട്.

ഭാരതത്തിന്റെ സാംസ്കാരിക മന്ത്രിയായിരുന്ന ശ്രീ ഹുമയൂൺ കബീർ നമ്മുടെ ഭാവനാത്മകമായ ഐക്യത്തെ ദൃഢപ്പെടുത്തുന്നതിന് നാലു നിര ശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി. അവ വളരെ പ്രസക്തമായതിനാൽ ഇവിടെ ഉദ്ധരിക്കുകയാണ്. 1) ഭാരതത്തിന്റെ നാനാത്വത്തെ അംഗീകരിക്കുക 2) ഓരോ പൗരനും ഭാരതത്തിന്റെ സംസ്കാരത്തെ സ്വന്തം സംസ്കാരമായി അംഗീകരിച്ച് ആദരിക്കുക. 3). ഓരോ ന്യൂനപക്ഷവിഭാഗവും ഭാരതസംസ്ക രത്തിന് നൽകിയിരിക്കുന്ന സംഭാവനകളെ എല്ലാവരും അംഗീകരിക്കുക. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ അവസരസമത്വം എല്ലാ ഭാരതീയർക്കും പ്രാപ്യമാക്കുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ അംഗീകരിക്കുവാനും നടപ്പാക്കുവാനും നാം തയ്യാറായാൽ ദേശീയ ഐക്യത്തേക്കുറിച്ചുള്ള നമ്മുടെ ഉത്കണ്ഠകൾക്ക് വിരാമമാകും എന്നതിന് സംശയമില്ല. എന്നാൽ അതിനാവശ്യം സഹിഷ്ണത മനോഭാവവും ത്യാഗമനസ്ഥിതിയുമാണ്. ഈ രണ്ടു ഗുണങ്ങളും നമുക്ക ന്യമായിരിക്കുന്നിടത്തോളം കാലം നാനാത്വത്തിലെ ഏകത്വം എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാവുകയില്ല.

# നിറം

മഴവില്ലിന് ഏഴു നിറമാണത്രേ...
ഊർജതന്ത്രം ക്ലാസ്സിൽ പഠിച്ചതാണ്...
വയലറ്റ്, ഇൻഡിഗോ, നീല, പച്ച
മഞ്ഞ, ഓറഞ്ച്, ചുവപ്പാണത്രേ
ഏഴു നിറങ്ങൾ.
എല്ലാ വർണങ്ങളും ചേർന്നാൽ
കിട്ടുക വെള്ളയാണത്രേ
അത് മലയാളം ടീച്ചറും പറഞ്ഞിട്ടുണ്ട്.
വെള്ളയെ പറ്റി നിങ്ങളും
ഒരുപാട് കേട്ടിട്ടില്ലേ?
അങ്ങനെ വെളുപ്പ് കിട്ടാൻ
ഏഴു ചായങ്ങളും
ഒരേ കടുപ്പത്തിൽ ;
ഒരേ അനുപാതത്തിൽ ചേർത്തു.
പാകത്തിനു പച്ച ;
ആവിശ്യാനുസരണം മഞ്ഞ, ഓറഞ്ച് ;
ശ്രദ്ധയോടെ ചുവപ്പ്;
അങ്ങനെ ആണ് ചേർത്തത്.
പാകമായി വന്നപ്പോൾ കൈയിൽ കിട്ടിയത്
കറുപ്പ്!!!
ഞാനാകെ ചമ്മി പോയി





**അനുമോൾ എ എം**
**സാമൂഹ്യശാസ്ത്ര വിഭാഗം**
**2021–2023**

# ചിന്നാർ ഗ്രാമത്തിന്റെ തിലകക്കുറി

**ചി**ന്നാർ എന്ന അതിമനോഹരമായ ഗ്രാമത്തിൽ രണ്ടു സുഹൃത്തുക്കൾ ജീവിച്ചിരുന്നു സോനു, പോപ്പു എന്നായിരുന്നു അവരുടെ പേര്. ഒന്നിച്ച് കളിച്ചു വളർന്ന അവർ ചിന്നാർ ഗ്രാമത്തിന്റെ തിലകക്കുറിയായി നിന്ന കയർ ഫാക്ടറി ജോലിക്കു കയറി. വർഷങ്ങൾ കടന്നുപോയി. ഫാക്ടറിയിൽ നിന്നും കിട്ടുന്ന ശമ്പളം ഉപയോഗിച്ച് ഇരുവരും അവരുടെ കുടുംബങ്ങളെ സന്തോഷത്തോടെ നോക്കി. ചിന്നാർ ഗ്രാമത്തിൽ അനേകമാളുകൾ ഈ കയർ ഫാക്ടറിയിൽ ജോലി ചെയ്യുകയും ഇവിടെ നിന്ന് കിട്ടുന്ന വരുമാനം ഉപയോഗിച്ച് അവരുടെ ജീവിതങ്ങളെ സന്തോഷത്തോടെ കൊണ്ടുപോവുകയും ചെയ്തിരുന്നു. കയർ ഫാക്ടറിയുടെ ഉടമ വേണു മുതലാളി ഏവർക്കും പ്രിയങ്കരനും തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നവനും ഗ്രാമത്തിന്റെ വളർച്ചയ്ക്കുവേണ്ടി അക്ഷീണം പരിശ്രമിക്കുന്നവനുമായിരുന്നു. ദിവസങ്ങളും വർഷങ്ങളും കടന്നു പോയി. പെട്ടെന്ന് ഒരു ദിവസം മുതലാളിക്ക് ഒരു ചങ്കിനു വേദന. ഹോസ്പിറ്റലിൽ ആയ മുതലാളി അതികം താമസിക്കാതെ തന്നെ ഈ ലോകത്തോട് വിടപറഞ്ഞു.

കുറച്ചു നാളത്തെ അവധിക്കുശേഷം വീണ്ടും കയർ ഫാക്ടറി തുറന്നു പ്രവർത്തിച്ചു. മുതലാളിയുടെ മകൻ അലക്സാണ്ടർ ഭരണം ഏറ്റെടുത്തു. അലക്സാണ്ടറിന്റെ സ്വഭാവം വേണു മുതലാളിയുടെ സ്വഭാവത്തിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. തന്റെ കീഴിലുള്ള തൊഴിലാളികളെ പരിഗണിക്കുകയോ നാടിന്റെ നന്മയ്ക്ക് വേണ്ടി അധ്വാനിക്കുകയും ചെയ്തിരുന്നില്ല. സ്വന്തം കാര്യം മാത്രം നോക്കി സ്വന്തം ലാഭത്തിനു വേണ്ടി മാത്രം അധ്വാനിക്കുന്ന ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു അലക്സാണ്ടർ. തൊഴിലാളികളെല്ലാം അലക്സാണ്ടറുടെ ഭരണത്തിൽ വിഷമിക്കുകയും വേദനിക്കുകയും ചെയ്തിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കയർ ഫാക്ടറിയിലേക്ക് കുറച്ച് ആളുകൾ കയറിവന്നു. സോനുവും പോപ്പുവും അവരുടെ വരവിനെയും ഫാക്ടറിയിൽ ഉള്ള അവരുടെ പെരുമാറ്റത്തെയും വീക്ഷിച്ചു. ചില സംശയങ്ങൾ തോന്നിയ സോനുവും പോപ്പുവും കൂടുതൽ കാര്യങ്ങൾ അന്വേഷിച്ചു. അതിൽ നിന്നും അവർക്ക് ചില കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. അലക്സാണ്ടർ തങ്ങളുടെ കമ്പനി ഒരു അമേരിക്കൻ കമ്പനിക്ക് മറിച്ച് വിൽക്കുന്നു. അമേരിക്കൻ കമ്പനി തങ്ങളുടെ കയർ ഫാക്ടറി ഒരു കൊക്കകോള ഫാക്ടറി ആക്കി മാറ്റാൻ പോകുന്നു. വിവരമറിഞ്ഞ പോപ്പുവിനും സോനുവിനും സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. തങ്ങളുടെ ജോലി പോകും എന്നതിലുപരി തങ്ങളുടെ ഗ്രാമത്തിൽ മാലിന്യങ്ങൾ അടിഞ്ഞു കൂടുമെന്നും ഗ്രാമത്തിൻറെ പവിത്രത നഷ്ടമാകുമെന്നും അവർ തിരിച്ചറിഞ്ഞിരുന്നു. എങ്ങനെയെങ്കിലും ഈ സംരംഭം തകർക്കണമെന്ന് അവർ ചിന്തിച്ചു. അതിനായി അവർ ആളുകളെ വിളിച്ചു കൂട്ടുകയും അവരെ ബോധവൽക്കരിക്കുകയും ചെയ്തു.

വിവരമറിഞ്ഞ് അലക്സാണ്ടർ സോനുവിനെയും പോപ്പുവിനെയും ശകാരിക്കുകയും അവരുടെ ഉദ്യമങ്ങളെ തടയുകയും ചെയ്തു. അലക്സാണ്ടറുടെ ഭീഷണികൾക്ക് വഴങ്ങാതെ സോനുവും പോപ്പും ധീരതയോടെ മുന്നോട്ട് പോയി. അതി ശക്തമായ പ്രതിഷേധത്തിന്റെ ദിവസങ്ങളിലൂടെ ചിന്നാർ ഗ്രാമം കടന്നു പോയി. സോനുവിന്റെയും പോപ്പുവിന്റെയും ധീരത നിറഞ്ഞ പ്രവർത്തനങ്ങൾക്ക് ഒടുവിൽ അമേരിക്കൻ കമ്പനി ചിന്നാർ ഗ്രാമം വിട്ടുപോവുകയും അലക്സാണ്ടർ കയർ ഫാക്ടറി സോനുവിനെയും പോപ്പുവിനേയും ഏൽപ്പിക്കുകയും ചെയ്തു. ഗ്രാമത്തിലെ മറ്റ് ജനങ്ങളോട് ചേർന്ന് നല്ല രീതിയിൽ ഫാക്ടറി മുൻപോട്ട് കൊണ്ടുപോവുകയും ഇന്നും ഗ്രാമത്തിന് ഒരു തിലകക്കുറിയായി കയർ ഫാക്ടറി നില നിൽക്കുകയും ചെയ്യുന്നു.



സി. അനു ഫിലിപ്പ്
സാമൂഹ്യ ശാസ്ത്ര വിഭാഗം
2020 – 2022

# കണ്ണീർച്ചാല്



**അശ്വതി എൻ വി**
**ഫിസിക്കൽസയൻസ്**
2020-2022

തറവാട്...
കോരി ചൊരിയുന്ന മഴ... മുറ്റം നിറയെ വെള്ളം... തോണി ഉണ്ടാക്കിയാലോ ...?
മീനൂട്ടി ചോദിച്ചു. നാല് പേരും അടുക്കളയിലേക്ക് ഓടി. സാധനങ്ങൾ പൊതിഞ്ഞു കൊണ്ട് വന്ന കടലാസ് കഷണങ്ങള് തേടി പിടിച്ചു.
കടലാസ്
തോണി ദൂരെയകലുന്നതും നോക്കി മീനൂട്ടി ഉമ്മറത്തിരുന്നു.
പിറകിലായി
ചെറുതും വലുതുമായ ഒത്തിരി തോണികള് അണിനിരന്നു.
അടുക്കളയില് നിന്ന് അമ്മയുടെ വിളി. നോക്കിയപ്പോൾ കരി മെഴുകിയ നിലത്ത് കറുത്ത ചാലുകള്.. ;അവിടെയൊരു പാത്രം എടുത്ത് വെച്ചേടി..
അമ്മക്ക് ദേഷ്യം. പൈപ്പിൻ ചോട്ടില് എന്ന പോലെ അവിടവിടെ പാത്രങ്ങള്
നിരന്നിരുന്നു. മഴ കനക്കുന്ന നാളുകളില് ഇതിപ്പൊ ഒരു സ്ഥിരം കാഴ്ചയായിട്ടുണ്ട്. ഓടിന്റെ വിടവ് നേരെയാക്കാൻ മരക്കഷ്ണം വച്ച് കുത്തി
പൊക്കി നോക്കും; നിരാശയാകുമ്പോൾ പാത്രങ്ങൾ എടുത്ത് നിരത്തും.
അടുക്കളയില് അമ്മയുടെ പിറുപിറുപ്പ്..

സന്ധ്യ തണുപ്പണിഞ്ഞിരുന്നു. ചുറ്റുമുള്ള വീടുകളില് നിന്നുള്ള നാമ ജപങ്ങള് നേർത്തതായിട്ടുണ്ട്.
മണ്ണെണ്ണ വിളക്കിന്റെ വെട്ടവും പുകയും.
നേരത്തെ തന്നെ ഉമ്മറത്ത് നിന്ന് കേറുന്ന അകത്ത് പായ വിരിച്ചിട്ടുണ്ട്.
മഴക്കാലത്ത് അതൊരു പതിവാണ്. എല്ലാവരും ഉള്ളതും തിന്ന് കിടന്നു.
മീനൂട്ടി
അമ്മയെ അന്വേഷിച്ച് നടന്നു. അടുക്കളയില് വെള്ളം ഇറ്റ് വീഴുന്ന പാത്രങ്ങള്ക്ക് അരികിലായി ഒരു പായയില് അമ്മ. ഇതിപ്പൊ എല്ലാ മാസവും
പതിവുള്ളതാണല്ലോ.. ഇന്നിത്തിരി സ്ഥലം കുറവാ.. മോള് പോയി കിടന്നോ..;
മീനൂട്ടി തിരിഞ്ഞ് നടന്നു.



**Women Era**

The women have to condone, tolerate, forgive, forget and endure.
Can't she hope for a better odds.
The ways are grey and harder,
And she has a dimp lantern that can
Be blown out any time,
Yet she is ready to move on and on
To endeavour and seize.

The 'Alpha males' are calling them
And saying loudly, "Come, Come here,
We will be a solace to you,
Why you have to grieve and move on with a dim light,
You all have better enlightenment here".

The trap is real and dreary,
The wrath of the privileged ones,
Engulf the light of the woman.
But she will arose and flare,
For she is out of control,
As she is not your slave.

Someone cried out, "Come, Come here,
We will together make a women's era;
Rise ourself and make everyone awake".



*Amitha George*
*English optional*
*2021-2023*

# ഉലയാതെ....

സംഘർഷമൊക്കെയും സംഗീതമാകുവാൻ
സന്മനസ്സുണ്ടാവണം..
സന്മാർഗ വാരിധിയിലെത്തി സ
ന്താപങ്ങളൊക്കെ കഴുകിടേണം..
നല്ലതു ചിന്തിച്ചു നന്മ നിറയ്ക്കുവാൻ
നേരമുണ്ടാക്കിടേണം
മാനസമാകെ മടുപ്പിൻ മരവിപ്പ് പാടേ തുടച്ചിടേണം
ഉ ള്ളിൽ വെളിച്ചത്തിരി കൊളുത്തേണം
ഉ യിരിൽ തുടിപ്പേകണം
മനമിടറി വീഴാതിരിക്കുവാൻ നിറമുള്ള കനവുകൾ കാവൽ
വേണം ......
മഴ പെയ്തിടേണം  കുളിരേകിടേണം
മനഃശാന്തിയെന്നും കരുതിടേണം.
മധുരമറിയണം മഴവില്ലു കാണണം
മുറിവുകൾ പാഠങ്ങളാക്കിടേണം
ഉ യരെ കുതിക്കണം ഉ ഴറാതെ നിൽക്കണം
ഉ ലയിൽ കിളിർക്കണം മാനസങ്ങൾ..



**സിസ്റ്റർ ക്രിസ്റ്റീന**
**ഓഫീസ് സ്റ്റാഫ്**
**പി. കെ. എം കോളേജ്**

നമ്മളിന്നും യുദ്ധത്തിലാണ്.
മൗനവും അടക്കം പറച്ചിലുമാണ് നമ്മുടെ
യുദ്ധമുറ.
പണ്ടീ യുദ്ധത്തിലേർപ്പെട്ടവർ തന്നെയാണ്
ഇന്നതിന്റെ മറുവശത്തുള്ളത് എന്നതാണ് അതിലെ
തമാശ( ഭീകരത ).
നാം യുദ്ധം ചെയ്യുന്നത് നമ്മളാവാൻ
പോവുന്നിടത്തേക്ക് തന്നെയാണ്.
രൂപാന്തരം പ്രാപിച്ച് നാളെ
നമ്മളവിടെയെത്തിച്ചേരുമ്പോൾ,
നാമേത് ചേരിയിലാവും എന്നിടത്താണ്
പണ്ട് നമ്മുടെ യുദ്ധമുറ മൗനവും
അടക്കം പറച്ചിലുമാവുന്നതിലെ
തെറ്റുകൾ നമ്മൾ അറിയാതെ ( അറിയാത്ത
പോലെ )പോവുന്നത്.



**അതുല്യ സി**
**മലയാള വിഭാഗം**
**2020–2022**

ഈ കവിത തലവാചകം
ഇല്ലാത്തതാണ്.എല്ലാറ്റിനും തലവാചകം
വേണമെന്നത് ഒരു സൃഷ്ടിയെ
ബാധിക്കുന്നതല്ല.ആശയം സ്പഷ്ടമായിരിക്കെ

# TRIP

Life! The longest one of all the trips
And some may tell it's short too.

The travellers are unique, so is the trip,
Each one gives a sparkle in their eyes.

Life isn't a race, it's not about the speed,
It's the memories that matter the most.

The faces and smiles that flash in our mind,
Once we reach our oldage 'n' look back.

The ones who made your heartbeat skip,
The ones who made a river of tears,
The ones who made you laugh out loud,
The ones who let you know your heart.

Life can be short or long, sad or joyful,
Memorable or forgetful!

There is no time for fights 'n' bad vibes,
When you only have days to be happy.





*Harsha Santhosh*
*Natural Science optional*
*2021-2023*

# ജനുവരി -16

ഓർക്കാറുണ്ടവൾ
രാത്രിയുടെ നിശബ്ദതയിൽ
ആ ദിവസം ....
ആ മണിക്കൂറുകൾ
അവളുടെ ജീവിതത്തിൽ
ഇല്ലായിരുന്നുവെങ്കിലെന്ന്
സതീർത്ഥ്യരു ടെ വാതോരാത്ത
സംസാരങ്ങൾക്കിടയിൽ
മൗനിയായ അവളെ നോക്കുന്ന
ആ രണ്ടു കണ്ണുകൾ.....
ആ കണ്ണുകൾക്ക്
അവളുടെ ജീവിതം
മാറ്റി മറിക്കാൻ കഴിഞ്ഞുവോ..??
പ്രിയ സ്നേഹിതാ
നീ എന്തിനെന്നെ തേടിവന്നു?
ഒഴി ഞ്ഞുമാറിയപ്പോഴും
നീ എന്തിനെന്നിൽ ആഴ്ന്നിറങ്ങി?
ഇന്ന് ഈ നിശബ്ദതയി ൽ
ഞാൻ വെറുക്കുന്നു
നിന്നെ ...... ആ ദിവസത്തെ
ആ മണിക്കൂറിനെ .






**അലൻ മരിയ ബിന്നി**
**മലയാളവിഭാഗം**
**2021–2023**

# War Within Myself

There is an ongoing war developing inside myself. My mind, it now looks like a battlefield. It is full of dust and dirt and it has become dry too. No thoughts are germinating on it, no emotions are growing. The sorrow inside me has penetrated deeply into my mind, leaving huge cracks, splitting it into millions of pieces.

Now, a war is being taking place in my mind. It's a war to conquer the source of peace within myself. I know engaging in such a battle will only cause defeat, pain, and sorrow. My enemies are very strong- they include my anxieties, insecurities, fears and they were led by my biggest enemy-depression. These invaders were there, inside me, long time before. But I thought their presence is temporary. Slowly they began to attack. At first, my happiness has been murdered and those internal torture caused by them started eating me alive.

I can either fight it, run from it or surrender to it. If I run, I can only get temporary relief. I cannot surrender and let it win over me. So I decided to fight. Yes... I am fighting for my inner peace. My hope and courage inside me are not enough to win this war. I need someone who is ready to lace up their boots and fight for me. A heavy armours of confidence and will power are needed to stop the swords of enemies. I must protect myself with these armour against the storm of arrows with negative thoughts on its sharp ends that flood into my mind. But sometimes, I feel tired. I am getting exhausted, because I am fighting a war inside my self every single day. Now, I am telling you..... You cannot really win a war waged internally, because both the winning and losing sides are you.



*Aswathi V*
*English optional*
*2021-2023*

# മരം



***ഇലകളൊരിക്കൽ***
***ശിഖരങ്ങളോട് ചോദിച്ചു,***
***"ശിശിരത്തിൽ ഞാനറ്റുവീഴുമ്പോൾ***
***നീ ദുഃഖിക്കുമോ?"***
***"ഇല്ല.***
***ഭീമമാം കയറിൻ***
***കൊലക്കുരുക്കില്ലാതെ,***
***വെട്ടുകത്തിയുടെ***
***മുറിപ്പാടുകളില്ലാതെ,***
***ആർത്തിപേക്കോലങ്ങളുടെ***
***ആരവങ്ങളില്ലാതെ,***
***നീ സ്വയമറ്റുവീണതോർത്ത്***
***ഞാൻ ആനന്ദിക്കുമാവോളം"***
***ഇലകളോടൊട്ടിനിന്ന ശിഖരങ്ങൾ***
***മറുപടിയേകി.***
***എന്നിട്ട് സ്വയം ചോദിച്ചു,***
***"വേരുകളില്ലാതെ***
***ഉടലുരുകി ഞാനറ്റുപോവുമ്പോൾ,***
***എന്നിലൊട്ടിനിന്ന ജീവകണങ്ങൾ നിലവിളിക്കുമ്പോൾ,***
***തല കുമ്പിടുമ്പോൾ,***
***എന്റെയിടങ്ങൾ ശൂന്യമാകുമ്പോൾ***
***ആരെങ്കിലും ദുഃഖിക്കുമോ...?***
***എന്റെ വേർപാടിലാരുടെയെങ്കിലും***
***കണ്ണീരുപ്പുകലരുമോ...?"***




**അപർണ. യു**
**മലയാളവിഭാഗം**
**2020-2022**

## Theatrical Shift During the Pandemic: A Scrutinization of Some Realistic Movies

Covid had impacted our vitalities in a way that even our norms of entertainment got changed. The shutdown of theatres made the OTT platforms get ample audience. Devoid of language barriers, almost all OTT platforms give a variety of choices. With the widespread of OTT reign many small budget and artistic films got the recognition, it deserves because most of them lacked promotion and publicity. Along with hefty commercial films, audiences start to scour other appreciations of movies.

South Indian movies primarily Tamil and Telegu had got a tremendous number of stans because of their mass and actions. Thanks to Covid, it helps to exhume some realistic and class cult pieces of art in those languages. The movies cited here were acclaimed by the audience during the Covid span. All have realistic and natural spontaneous elements and the artists just live through their characters. If you want to yearn for something novel, just go for these. Also, the common facet of these sets is that they don't have well-established or distinguished artists except for one film reviewed in the list. All are exotic faces who speak through their eyes. Love, helplessness, sympathy, avarice, and concussions are all some ingredients found in all these.

**1)Care of Kancharapalem:(Telegu)**

Director:Venkatesh Maha

Genre : Love Drama

For ages, the definition of love remained the same. Love is not just romance.C/o of kancharepelam will drive the audience into something diverse and explicable dimensions of love cutting off the impediments. This movie would be someone's ever time favourite because of its story narration. it deviates from the common illogical commercial Telegu movies and centres on unconventional love from a young boy to an old age man. All the artists in this film are locals from the place Kancharapalem. Don't miss this wonderful masterpiece.

**2)Sometimes :(Tamil)**

Director: Priyadarshan
Genre : Thriller Drama
The seven characters all together in a waiting room showcases all the excitements of grief, anxiety, dismay and hope with silence as the main virtue. This movie keeps us on our toes and the awareness of the disease is given in a new bottle. The amount of uncertainty and conflict can be felt or experience not only by the characters but by the viewers themselves. As we try to discern the characters we will formulate a piece of empathy resulting from their woe. Definitely, after watching the movie, the climax will disturb us giving us an amount of hope and perception of a disease.

**3)Sethum Aayiram Pon (Tamil)**

Director:Anand Ravichandran
Genre : Family Drama
This is a nuanced tale and emotions are perfectly signed up in this piece of artwork. Set inside the interiors of Tamilnadu the characters depict the realistic living of the village people.Characters who live in estranged relationships with the background of traditions and ancient rituals about death and mourning. The plot tries to implicate the importance of life and demise on one side and another on the significance of relationships that one should be dealt with in this short span of life. As the main protagonist says: "Death is inevitable. If death ceases to exist humans will become idle and lazy, like sloths. Just like birth, death should be celebrated as well".

**4)Poovarasam peepee(Tamil)**

Director: Halitha Shameem
Genre :Mystery Thriller
This type of movie is rarely seen in Indian cinema. This debut directorial of Halitha is one of the underrated films in India. Concentrated on three boys, this film took us to a world of contentment and bliss making us recall our childhood without any newly obstructions. The integrity and innocence of childhood are ascertained. The village's beauty, summer vacation, friendship, science and inventiveness all are set in this along with some unusual incidents viewed by the boys.

**5)K.D./ Karuppu Durai(Tamil)**

Director:Madhumitha
Genre : Drama
This is such amazing work and a 'must watch' one. A deep-rooted issue is being discussed and tells how blood relations can become wild and strangers will become allies. The protagonists are an old man and a young boy and they just perform by living the characters. Mindblowing performances are placed by the artists and it's no wonder that the child character got the best child artist award at the 67th National film awards. All scenes envisage that life has its ups and downs. Excavating happiness in those situations is our choice and that can't be left out.
These are some and there are miscellaneous ones that one could not miss. If you have taste for Indian realistic movies then go for Tamil movies like Aelay,Koozhangal,Merku Thodarchi Malai and Kannada movies that are Sa.Hi.Pra.Shaale Kasaragodu, Gantumoote, Mookajjiya Kanasugalu. Along with these go for some pragmatic exploration in Malayalam movies like Santhoshathinte Onnam Rahasyam and Thinkalazhcha Nishchayam.



*Amitha George*
*English optional*
*2021-2023*

# അശുദ്ധി



അയിത്തം......

പറഞ്ഞ് പഠിപ്പിച്ചതിങ്ങനെയാണെന്ന ന്യായം

മുറുകെ പിടിച്ചുള്ള ഉടായിപ്പിന്റെ പേരാണയിത്തം.

അതിന്റെ ഏറ്റവും പഴയ, അല്ല പുതിയ ഇരയാണ് ആർത്തവം

അശുദ്ധിയെന്ന മൂന്നക്ഷരങ്ങൾക്കുള്ളിൽ മാത്രം നിന്നലമ്പുണ്ടാക്കുന്ന

തെമ്മാടിക്കൂട്ടങ്ങൾക്ക് പെണ്ണുടലിലെ ചോപ്പ് എന്നും പുകിലുകളാണ്

ശാസ്ത്രീയ സത്യങ്ങളോട് പൊരുത്തപ്പെടാനാവാത്തൊരജ്ഞതയും

അന്ധതയുമുണ്ടവർക്ക്

ആർത്തവം അയിത്തമാണെന്ന് ശഠിച്ച് വിശ്വസിക്കുന്ന പുരുഷ

പുമരന്മാരോടും കുലസ്ത്രീകളോടുമൊരു ചോദ്യം.....

അവിടം ചുവപ്പിച്ചു കൊണ്ടല്ലോ നാമോരോരുത്തരും പിറന്ന്

വീണത്, ആ ചോര ചോപ്പിൽ കുളിക്കാത്തവരാരുണ്ടിവിടെ

മാസത്തിലൊരിക്കൽ പുറത്തേക്ക് വമിക്കുന്നതൊഴിച്ചാൽ ബാക്കി

ദിനങ്ങളത്രയും ഉള്ളിൽ തന്നെയുണ്ടത്

അപ്പോൾ പുറത്തേക്ക് കളയുന്നവൾ അശുദ്ധയും ഉള്ളിലിട്ടു നടക്കുന്നവൾ

പരിശുദ്ധയും ആകുന്നതെങ്ങനെ?

ഒരു ജാതി മുഴുവൻ ഉറച്ചു വിശ്വസിക്കുന്നത് കൊണ്ട് മാത്രം ഒരു മഹാ

മണ്ടത്തരം നേരാകണമെന്നില്ല.

മറിച്ച് എത്ര പേരെതിർത്താലും ഒരു സത്യവും പരാജയപ്പെടുകയുമില്ല...



അനഘ ചന്ദ്രൻ എം
മലയാള വിഭാഗം
2021 – 2023

# A Journey that Well Enjoyed and Shared

Travelling gives joy and pleasure for a soul to flourish, and it is more exciting if one is travelling with her/ his friends. I am very happy to recall my most favourite days that I spent with my classmates on 28th and 29th of May 2022. It was during the summer vacation that the Energy Management Centre of Kerala arranged a seminar in the last week of May at Sreekaryam, Trivandrum. It was more like a fun trip for us as it turned out to be an opportunity to meet-up during the holidays. We decided to make it a memorable one.

Each and every moment I spent with them was really special. We started our journey from different places and it was extremely difficult to get train tickets those days. Somehow it was arranged and I along with Ann Kurian began our travel from Kottayam. We spent a lot of time at the railway station chatting as the train was late. It finally arrived around 1 'o'clock in the morning. Once we reached Trivandrum, we took a bus to reach Sreekaryam. The EM centre arranged our accommodation at their quarters. They surprised us with their hospitality and treated us like their guests. Since we reached morning at 6 am and the class starts only by 10 am, so we took a small nap before the programme. The seminar was conducted at their convention centre. They also pampered us with delicious food.

Energy Management Centre was established as an autonomous organization under the Department of Power, Government of Kerala. The seminar gave an insight about the integrated sustainable development in different sectors of economy, through comprehensive energy management programmes, encompassing research, education and training, and consultancy related to all aspects of Energy, Environment-Development interactions. It was a well arranged programme and we all actively participated in it. They were so supportive and gave much information about their schemes. Interactive session was conducted with other members of the seminar.

We later explored the place by tasting exclusive cuisine of the capital city and visited some places nearby. I wish to call this educational ride more as a trip, because it gave much joyful moments and some half-witted experiences. We laughed a lot, worried a lot and were utterly confused at times, but we embrace it all. I am pretty sure this will remain as a wonderful memorable trip of my B.Ed. life, and I am eagerly waiting for more to come.



*Christeena Raju*
*(Physical Science 2021-2023)*

# Photo Gallery






2020-2022 BATCH




2021-2023 BATCH



TEACHING & NON- TEACHING STAFF



TEACHING FACULTY



NON- TEACHING STAFF



COLLEGE UNION 2020-2021



COLLEGE UNION 2021-2022



TOURISM CLUB



FOLKLORE CLUB



DEBATE CLUB



MATHEMATICS CLUB



LITERARY CLUB



BOOMITRA SENA



HEALTH & FITNESS CLUB



ELECTORAL CLUB



PEACE CLUB



ENGLISH 2020-2022 BATCH



MALAYALAM 2020-2022 BATCH



MATHEMATICS 2020-2022 BATCH



NATURAL SCIENCE 2020-2022 BATCH



PHYSICAL SCIENCE 2020-2022 BATCH



SOCIAL SCIENCE 2020-2022 BATCH



ENGLISH 2021-2023 BATCH



MALAYALAM 2021-2023 BATCH



MATHEMATICS 2021-2023 BATCH



NATURAL SCIENCE 2021-2023 BATCH



PHYSICAL SCIENCE 2021-2023 BATCH



SOCIAL SCIENCE 2021-2023 BATCH

# INNOVATIVE APPROACHES OF P.K.M.



PRAGYA: The Learning Academy



CRACKET



SHARE YOUR SIGHT: A talking Text Development Project

# HOUSE CAPTAINS 2021-2022

## KANGCHENJUNGA



**Haibin Mathew**
**Social Science**



**Jomal Joy**
**Social Science**

## HIMALAYA



**Saranya L**
**Physical Science**



Vaishakh K
Physical Science

## EVEREST



Arun Shaji
English



Hrishikesh Babu
Social Science

## MOUNTBLANC



Alex Jose
Malayalam



Kavya V
Natural Science



**ANJANA CHANDRAN**
**INDIVIDUAL CHAMPION-GIRLS**
**ANNUAL ATHLETIC MEET**



**EMIL THANKACHAN**
**INDIVIDUAL CHAMPION-BOYS**
**ANNUAL ATHLETIC MEET**



**LITTY SUNDER**
**INDIVIDUAL CHAMPION-ARTS**

# ACHIEVEMENTS



## Survie 21- Online Inter BEd Kalamela
## Organized by
## Keyi Sahib Training College Taliparamba



ANULAKSHMI P
BEd Natural Science
First Prize
(Cartoon and Pencil Drawing)



SANDRA BIJU
BEd Mathematics
First Prize
(Photography)



ALEX BABY
BEd English
Second Prize
(Instrument)



ANUSREE K. C.
BEd Malayalam
Third Prize
(Light music)



JEENA SAJITH
BEd Natural Science
Third Prize
(Poem Hindi)

**Inter -Collegiate Environment Day Videography Competition Organized by KUTEC Mananthavady**

First Prize



MARIZA MARKOSE
BEd Natural Science

**Poster making Competition Organized by Jameela Beevi Memorial Centre For Teacher Education, Kayamkulam**

Third prize

**Poster making Competition Organized by Peet Memorial Training College**

Third prize



MUKTHA SASINDRAN
BEd. Social Science

**Essay Competition Oraganised**
**Under the Aegis of**
**National Foundation for Communal Harmony**



ASWATHI V
BEd English
First Prize



HITHA K
BEd Social Science
Second Prize

**Book Review Competition**
**Organized by**
**Brennan college thalasserry**
Third Prize

**Book Review Competition**
**Organized by**
**KUTEC Dharmasala**
Third Prize



MARIA BABY
BEd Natural Science

**Pencil Drawing Competition Oraganised**
**Under the Aegis of**
**National Foundation for Communal Harmony**



SNEHA V
BEd Mathematics
First Prize



ARYA K I
BEd Physical Science
Second Prize



AKSHAYA A V
BEd Natural Science
Third Prize



ANJANA T
BEd Natural Science
Third Prize

**Online Inter B Ed Yoga Competition, 2021**
**Organized by**
**Crescent B Ed college, Madayipara**
Third Prize



ASWATHI N V
BEd Physical Science

## National Level Webinar & Paper Presentation Competition on 'Science for Sustainable Future' Organized by P.K.M College of Education

### Best paper presenter award
### Science Stream



MARIZA MARKOSE
BEd Natural Science



ELSITTA JOSE
BEd Physical Science



HARSHA SANTHOSH
BEd Natural Science

### Best paper presenter award
### Humanities stream



SANDRA MARIA SHAJI
BEd English



HITHA K
BEd Social Science

### Best paper award
### Science Stream



ANJANA T
BEd Natural Science

### Best paper award
### Humanities stream



ALEX BABY
BEd English



VISHNUPRATHAP M
BEd Social Science

# SET, K-TET, C-TET WINNERS 2021-2022



ARUN SHAJI
K-TET



DIVYASREE ARAVIND
K-TET



LITTY SUNDER
K-TET, SET



SANDRA MARIA SHAJI
K-TET, C-TET



ADITHYA V
K-TET



ANJALI R
K-TET



ATHULYA C
K-TET, SET



SOORYA BABU
K-TET



ANUSREE K C
K-TET



ASWATHI
K-TET



JISNA BABY
K-TET, C-TET



MANEESHA BABU
K-TET, SET



SANDRA BIJU
K-TET, C-TET, SET



JESMI GEORGE
K-TET



MARIA BABY
K-TET, C-TET



LUMITHA BHAI B
K-TET, SET



M ANU MARIA
SET



MARIZA MARKOSE
C-TET



ANAGHA K K
K-TET



ANUSREE K
K-TET, C-TET, SET



ASWATHI N V
K-TET, C-TET



DELNA T S
C-TET



SARANYA L
K-TET, SET



SHYONA STEPHEN
K-TET, C-TET



SAYOOJ V V
K-TET



ASHA N
K-TET



ATHIRA SHAJI
K-TET



JUVAIRIA M N
K-TET



VISHNUPRATHAP M
K-TET, SET



ANULAKSHMI P
K-TET

## ENERGY MANAGEMENT CENTRE KERALA- RESOURCE PERSONS 2022


Elsitta Jose
(Physical Science 2021-2023)


Ann Kurian
(Physical Science 2021-2023)


Anand Ravi
(Physical Science 2021-2023)


Anjana Chandran
(Physical Science 2021-2023)


Vaishakh K
(Physical Science 2021-2023)


Maneesha P
(Physical Science 2021-2023)


Sayooj V V
(Physical Science 2020-2022)


Arya K I
(Physical Science 2021-2023)


Christeena Raju
(Physical Science 2021-2023)


Shyona Stephan
(Physical Science 2020-2022)


Ahana Thomas
(Physical Science 2021-2023)


Mariza Markose
(Natural Science 2020-2022)

# Sports Achievment





KANNUR UNIVERSITYINTER B.ED TABLE TENNIS CHAMPIONSHIP-BOYS (FIRST)



KANNUR UNIVERSITY INTER B.ED VOLLEYBALL CHAMPIONSHIP (FIRST)



KANNUR UNIVERSITY INTER B.ED THROWBALL CHAMPIONSHIP ( FIRST)




KANUR UNIVERSITY INTER B.ED ATHLETIC MEET ($2^{nd}$ RUNNER- UP)



HAIBIN MATHEW

KANUR UNIVERSITY INTER B.ED ATHLETIC MEET- WALKING( THIRD)





**EMIL THANKACHAN**

**NATURAL SCIENCE 2021-2023**

**KANNUR UNIVERSITY INTER B.ED ATHLETIC MEET-**

**INDIVIDUAL CHAMPION**



**MARIZA MARKOSE**

NATURAL SCIENCE

BEST OUTGOING STUDENT 2020-2022

# Time- Freezers




P.K.M COLLEGE OF EDUCATION
Induction Programme & Bridge Course on
TEACHER
IN THE NEW NORMAL




P.K.M COLLEGE OF EDUCATION
TEACHER

TEACHER
IN THE NEW NORMAL

P.K.M COLLEGE OF EDUCATION
TALENTS DAY

P.K.M COLLEGE OF EDUCATION
TALENTS DAY

TALENTS DAY






P.K.M COLLEGE OF EDUCATION 2021





P.K.M. COLLEGE OF EDUCATION, MADAMPAM
Oath Taking Ceremony
P.K.M. COLLEGE OF EDUCATION, MADAMPAM
COLLEGE UNION & FINE ARTS CLUB 2K22
PRAYANA








SSV

SSV





P.K.M. COLLEGE OF EDUCATION, MADAMPAM
FINE ARTS DAY

P.K.M. COLLEGE OF EDUCATION, MADAMPAM
FINE ARTS DAY

P.K.M. COLLEGE OF EDUCATION, MADAMPAM
FINE ARTS DAY


P.K.M. COLLEGE OF EDUCATION, MADAMPAM
FINE ARTS DAY

FINE ARTS DAY


P.K.M. COLLEGE OF EDUCATION, MADAMPAM
COLLEGE DAY
COLLEGE OF EDUCATION, MADAMPAM
KICKOFF
FAREWELL

**P.K.M. COLLEGE OF EDUCATION, MADAMPAM**

**ANNUAL REPORT 2021-22**




Respected chief guest of the day Rev.Dr.Franicis Karakkat, Principal, Don Bosco College, Angadikkadavu; V. Rev. Fr. Jose Nedungattu, Our Pro-Manager; Rev. Fr. Philip Ramachanattu, Our local Manager; Mr. Devi Kiran, Student Central University of Kerala; Mr. Hrishikesh Babu, College Union Chairman; Mrs. Shylaja Pradeepan, Headmistress, Govt. H.S.S, Irikkur; Mr. Cyriac Abraham, PTA President; Mr. Nithin Nangoth, President Alumni Association; Dr. Sholy Joseph K., Staff Advisor; Mr Jomal Joy, General Secretary, College Union, Guests, My dear colleagues and beloved students-teachers.

